ഫാമിലി കമ്മിഷൻ, കെ ആർ എൽ സി ബി സി

# ഫമീലിയ മീറ്റ്

**2022 മാർച്ച് 26, 27 | അർത്തുങ്കൽ സെന്റ്. ആൻഡ്രൂസ് ബസിലിക്ക**

## കുടുംബം
## ഒരു ആനന്ദം



**അമോരിസ് ലത്തീസ്യ കുടുംബ വർഷം**

19 മാർച്ച്, 2021 - 26 ജൂൺ, 2022



**സഭയും ദൈവത്തിന്റെ സൃഷ്ടിയും തമ്മിലുള്ള ഉടമ്പടിയുടെ അടിസ്ഥാനമാണ് കുടുംബം**

- ഫ്രാൻസിസ് പാപ്പ -

ആശംസകളോടെ

# സെന്റ് ആൻഡ്രൂസ് ബസിലിക്ക
## അർത്തുങ്കൽ

വിശുദ്ധ സെബസ്ത്യാനോസിന്റെ തീർത്ഥാടന കേന്ദ്രം

ആലപ്പുഴ രൂപത



പ്രർത്ഥനാ നിയോഗങ്ങളും
ഉപകാരസ്മരണകളും
അയക്കേണ്ട വിലാസം

St. Andrew‘s Basilica, Arthunkal
Arthunkal P O, Cherthala
Alappuzha - 688530
Mob: 9400152374, 9946283180
Email: arthunkalbasilica2010@gmail.com
Web: arthunkalbasilica.com

**ഫമീലിയ**
**കുടുംബ മാഗസിൻ**
ഫാമിലി കമ്മിഷൻ
കെ ആർ എൽ സി ബി സി
പ്രസിദ്ധീകരണം

അഡ്രസ്സ്:
കാർമൽഗിരി സെമിനാരി
യു സി കോളേജ്, ആലുവ
കേരള - 683 102

**രക്ഷാധികാരി**
റൈറ്റ്. റവ. ഡോ. ജോസഫ് കാരിക്കശ്ശേരി

**ഉപദേശക സമിതി**
ഫാ. ജോയ്സൺ
ഫാ. സാം ഷൈൻ
ഫാ. സജി പൂവത്തുങ്കൽ
ഫാ. മാത്യൂ തൈക്കൽ
ഫാ. ജിജു പള്ളിപറമ്പിൽ
ഫാ. ജോസഫ് ചിറാപ്പള്ളിയിൽ
ഫാ. പോൾസൺ സിമേന്തി
ഫാ. ഫ്രാൻസിസ് കൊടിയനാട്
ഫാ. ജോളി ഒ സി ഡി

**പത്രാധിപർ**
ഫാ. എ ആർ ജോൺ

**സഹ പത്രാധിപർ**
ഫാ. ജോസഫ് രാജേഷ്
ഫാ. നിമേഷ് അഗസ്റ്റിൻ കട്ടാശ്ശേരി
സതീഷ് ജി

**പത്രാധിപ സമിതി**
ഡോ. സീന ആന്റണി
ഷെവലിയർ പ്രീമൂസ് പെരിഞ്ചേരി
സിപ്പി പള്ളിപ്പുറം
അഗസ്റ്റിൻ കണിപ്പിള്ളി

**ഡിസൈൻ & ലേ- ഔട്ട്**
സതീഷ് ജി

**ഡി റ്റി പി**
അനിത

**ഓഫീസ് നിർവഹണം**
സി. സോഫി
സി. അനു

പ്രിയരേ,

തകരുന്ന കുടുംബങ്ങൾ സഭയുടെ നൊമ്പരമാണ്, ഏതൊരു കുടുംബം തകർന്നാലും അത് സമൂഹിക തകർച്ചയ്ക്കു കാരണമാകും. കുടുംബങ്ങളിൽ പ്രശ്നങ്ങളുണ്ട്, എന്നാൽ കുടുംബം ഒരു പ്രശ്നമല്ല. അതൊരു അജപാലന വേദിയാണ്, വീട് ഗാർഹിക സഭയാണ്. ത്രിത്വൈക ദൈവത്തിന്റെ ജീവിക്കുന്ന കണ്ണാടിയാണ് കുടുംബം. അത് സ്നേഹത്തിന്റെ കൂടാരമാണ്... ജീവദായക വേദിയാണ്... പുതുജീവന്റെ പിള്ള തൊട്ടിലാണ്... അതെ, ജീവനെ ഗർഭം ധരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന തറവാട്...

ഭവനം; ആരും മടങ്ങിവരാൻ കൊതിക്കുന്ന കരുണയുടേയും ക്ഷമയുടേയും ഈറ്റില്ലം. വളരുകയും വളർത്തുകയും വീണ് പോകുന്നവയെ ഉയർത്തുകയും വാടുന്നവയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നിടം... എങ്കിലും, വിള്ളലുകൾ അധികമുണ്ട്... അനാഥത്വം അനുഭവിക്കുന്നവരുണ്ട്... അശാന്തിയും അസ്വസ്ഥതകളുമുണ്ട്... തകരുന്ന കുടുംബങ്ങളിൽ തകരുന്ന മക്കളുണ്ട്... എന്നിരിക്കിലും കുടുംബം, അതൊരു ആനന്ദമാണ്.

എല്ലാറ്റിന്റേയും മൂലകാരണം ഒന്നാണ്, കുടുംബങ്ങളിൽ നിന്ന് ദൈവീകത്വം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ദൈവമേ, ഞങ്ങൾ സ്വപ്നതുല്യം കൊതിക്കുന്ന... അങ്ങയുടെ തിരുകുടുംബം പോലെ ഞങ്ങളുടെ കുടുംബങ്ങളെ വീണ്ടെടുക്കാൻ ബലം തരണേ എന്നാണ് ഞങ്ങൾ പഠിക്കുന്നതും പ്രാർത്ഥിക്കു ന്നതും. ദാമ്പത്യ ജീവിതം വിവാഹദിനമല്ലെന്നും അത് മരിക്കു വോളം നിലനിൽക്കുന്ന ഉടമ്പടിയാണെന്നും തിരിച്ചറിയാ നുള്ള കൃപ തരണമേ. കരുണാമയാ ഒരിക്കലും കാവൽ കുറയാതിരിക്കട്ടെ, കരുതൽ സ്വഭാവമാകട്ടെ, ആ തിരുകുടുംബം തുണയാകട്ടെ...... ഒത്തിരി കടപ്പാടോടെ,

സ്നേഹപൂർവ്വം,

ഫാ. ഡോ. എ. ആർ. ജോൺ
പത്രാധിപർ & സെക്രട്ടറി, ഫാമിലി കമ്മിഷൻ

# രൂപത ഡയറക്ടേഴ്സ്



**ഫാ. എ ആർ ജോൺ**
തിരുവനന്തപുരം അതിരൂപത



**ഫാ. ജോസഫ് രാജേഷ്**
നെയ്യാറ്റിൻകര രൂപത



**ഫാ. ജോയ്സൺ**
കൊല്ലം രൂപത



**ഫാ. സാം ഷൈൻ**
പുനലൂർ രൂപത



**ഫാ. ഫ്രാൻസിസ് കൊടിയനാട്**
ആലപ്പുഴ രൂപത



**ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി**
കോട്ടപ്പുറം രൂപത



**ഫാ. സജി പൂവത്തുങ്കൽ**
വിജയപുരം രൂപത



**ഫാ. പോൾസൺ സിമേന്തി**
വരാപ്പുഴ അതിരൂപത



**ഫാ. ജോസഫ് ചിറാപള്ളിയിൽ**
കൊച്ചി രൂപത



**ഫാ. ജിജു പള്ളിപറമ്പിൽ**
കോഴിക്കോട് രൂപത



**ഫാ. മാത്യു തൈക്കേൽ**
കണ്ണൂർ രൂപത



**ഫാ. ജോളി OCD**
സുൽത്താൻപേട്ട് രൂപത



# സന്ദേശം

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക, നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും.
(അപ്പ. പ്രവ. 16:31)

അപ്പസ്തോല പ്രവർത്തനത്തിൽ കുടുംബ ജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു വയ്ക്കുന്നു. കുടുംബമെന്നത് സ്നേഹത്തിന്റെയും പരിത്യാഗത്തിന്റെയും പങ്കുവയ്ക്കലിന്റെയും വേദിയാണ്. ഇതു തന്നെയാണ് കുടുംബത്തിന്റെ ദൗത്യവും. ആഗോള സഭയുടെ ദൗത്യം കുടുംബത്തോടൊപ്പം ആയിരിക്കുക, പ്രവർത്തിക്കുക, വചനം പങ്കുവയ്ക്കുക എന്നതാണ്.

2021 മാർച്ച് 19 മുതൽ 2022 ജൂൺ 26-ാം തിയതി വരെ കുടുംബവർഷമായി ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിരിക്കുന്ന ഈ അവസരത്തിൽ കുടുംബത്തെ വളർത്തിയെടുക്കുക, പരിപോഷിപ്പിക്കുക എന്ന ദൗത്യവുമായി സഭ ഇന്ന് മുന്നോട്ട് പോകുന്നു. ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലിക പ്രബോധനത്തിൽ "അമോരിസ് ലത്തീസ്യ" (സ്നേഹത്തിന്റെ ആനന്ദം) വ്യക്തമാക്കുന്നത് കുടുംബങ്ങളുടെ പവിത്രതയും വിവാഹ ജീവിതത്തിന്റെ മൂല്യവുമാണ്. അതിൽ ജീവന്റെ സംരക്ഷകരാണ് ഓരോ ക്രൈസ്തവ കുടുംബവും. കുടുംബത്തിലുള്ളവർ ഒരുമിച്ച് പ്രാർത്ഥിച്ച്, ഭക്ഷിച്ച് പങ്കുവയ്ക്കുമ്പോൾ കുടുംബം സന്തോഷത്തിലും സ്നേഹത്തിലുമാകുന്നു. ഈ ഒരുമിച്ചുള്ള യാത്രയാണ് മെത്രാന്മാരുടെ 16-ാമത് സാധാരണ സിനഡിലൂടെ പറയുന്നത്. കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും പ്രേഷിതത്വത്തിന്റെയും വഴിയിലൂടെ സഞ്ചരിക്കാനാണ് സഭ ഓർമപ്പെടുത്തുന്നത്.

കുടുംബവർഷാചരണത്തിന്റെ ഭാഗമായി 2022 മാർച്ച് 26, 27 തിയതികളിലായി അർത്തുങ്കലിൽ വച്ച് 12 രൂപതകൾ ഒന്നുചേർന്ന് കുടുംബ സംഗമം നടത്തിയതിന്റെ ഭാഗമായി പുറത്തിറക്കുന്ന ഫമീലിയ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ഇതിനുവേണ്ടി പ്രയത്നിച്ച 12 രൂപതകളിലെയും ഡയറക്ടർമാരെയും സഹായിച്ച കരങ്ങളെയും അഭിനന്ദിക്കുകയും എല്ലാവിധ മംഗളങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം

ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി
ചെയർമാൻ, ഫാമിലി കമ്മിഷൻ
കെ ആർ എൽ സി ബി സി

കുടുംബപ്രേഷിത ശുശ്രൂഷ
കെ ആർ എൽ സി ബി സി



കത്തോലിക്ക കുടുംബങ്ങളിൽ നിന്നുള്ള
പവിത്ര ബന്ധങ്ങൾക്ക്

# RC MATRIMONIAL

AN UNDERTAKING OF KRLCC

ലോകത്തെവിടെയിരുന്നും രജിസ്റ്റർ ചെയ്യാം

പ്രൊഫൈലിൽ 4 ഫോട്ടോകൾ ഉൾപ്പെടുത്താം

പരിധിയില്ലാതെ പ്രൊഫൈലുകൾ സെർച്ച് ചെയ്യാം

എസ് എം എസ് / ഇ - മെയിൽ അലർട്ട്

ഓൺലൈൻ പേമെന്റ് സൗകര്യം

12 ലത്തീൻ രൂപതകളെയും കോർത്തിണക്കിയ പ്രൊഫൈലുകൾ

രജിസ്ട്രേഷനായി സന്ദർശിക്കു
www.rcmatrimonial.org

രജിസ്ട്രേഷൻ ഫീസ് | 2000.00 റിന്യുവൽ ഫീസ് | 1500.00 (കാലാവധി 6 മാസം)

TRIVANDRUM 93872 96213 | NEYATTINKARA 94967 47551 | KOLLAM 81398 30785
ALAPPUZHA 62350 99480 | VIJAYAPURAM 75588 51904 | COCHIN 94473 81150
KOTTAPPURAM 70349 03733 | CALICUTT 82817 64979 | PUNALUR 94478 61209
KANNUR 94473 44601 | SULTANPET 97474 74474 matrimonialrc@gmail.com

https://www.facebook.com/matrimonialrc





# ഉള്ളടക്കം


8 കുടുംബ സിനഡെന്ന കുടുംബശൈലി
റവ. ഡോ. ഗ്രിഗറി ആർ ബി

13 കുടുംബം ഒരു കെടാവിളക്ക് (കവിത)
സിപ്പി പള്ളിപ്പുറം

14 കോവിഡാനന്തര ജീവിതം കുടുംബത്തിൽ
മുരളിധരൻ മുല്ലമറ്റം

17 കുടുംബം ബൈബിളിൽ
റവ. ഫാ. ജോഷി മയ്യാറ്റിൽ

30 ഫമീലിയ മീറ്റ് കാഴ്ചകൾ
ഫമീലിയ മൊഴികൾ

38 മഹത് വ്യക്തികൾക്ക് ജന്മം നൽകുന്നത് ഇമ്പമുള്ള കുടുംബങ്ങൾ
ഡോ. അലക്സാണ്ടർ ജേക്കബ്ബ്

39 കർത്താവിനെ രുചിച്ചറിയാനുള്ള ഏറ്റവും നല്ലയിടം കുടുംബം
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ

40 പ്രതിസന്ധിയിൽ കുടുംബങ്ങൾ ആശ്രയിക്കേണ്ടത് തിരുക്കുടുംബത്തെ
റൈറ്റ് റവ. ഡോ. പോൾ ആന്റണി മുല്ലശ്ശേരി

42 വിജയിക്കുക എന്നതിനെക്കാൾ പരാജയപ്പെടാതിരിക്കാൻ മക്കളെ പ്രാപ്തരാക്കണം
ഡോ. മാമൻ പി ചെറിയാൻ

43 ഫ്രത്തേലി തൂത്തിയെ ഓർത്തെങ്കിൽ റഷ്യ – യുക്രൈൻ യുദ്ധം ഉണ്ടാകുമായിരുന്നില്ല.
ശ്രീ. പ്രസാദ്, കൃഷി വകുപ്പ് മന്ത്രി

43 കുടുംബം ഒരു ശുഭവാർത്തയാണ്
റവ. ഫാ. മിൽട്ടൺ ഗൊൺസാൽവസ്

44 കുടുംബത്തിന്റെ ആനന്ദം പ്രാർത്ഥനയാണ്
റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ

46 സഭ ശരീരമെങ്കിൽ കുടുംബങ്ങൾ അതിലെ കോശങ്ങൾ
റൈറ്റ് റവ. ഡോ. ജയിംസ് റാഫേൽ ആനാപറമ്പിൽ

49 കുടുംബബന്ധങ്ങൾ: കാലഘട്ടം നേരിടുന്ന വെല്ലുവിളി
അഡ്വ. ആന്റണി രാജു, ഗതാഗത വകുപ്പ് മന്ത്രി

50 വലിയ കുടുംബങ്ങൾ: കാലഘട്ടം ഉയർത്തുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം
റവ. ഫാ. തോമസ് തറയിൽ

50 നാം നോക്കേണ്ടത് മുകളിലേക്ക്... ദൈവത്തിലേക്ക്...
റവ. ഫാ. ക്ളീറ്റസ് കതിർപറമ്പിൽ

51 ജീവന്റെ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കണം
റൈറ്റ് റവ. ഡോ. ജോസഫ് കരിയിൽ

52 ഫമീലിയ മീറ്റ്: നന്ദി, മടങ്ങി വരും തീർച്ച
റവ. ഫാ. ജോൺസൺ തൗണ്ടയിൽ

54 ബന്ധങ്ങൾക്ക് വഴിയൊരുക്കിയ ഫമീലിയ മീറ്റ്
ശ്രീ. ജോസഫ് അലക്സും കുടുംബവും കോഴിക്കോട്

55 ഒരു ഫമീലിയ കത്ത്
തിരുവനന്തപുരം അതിരൂപത കുടുംബങ്ങൾ

61 കുടുംബം വിനോദങ്ങളുടെ വേദി
ശ്രീ. ബോണി ചെല്ലാനം

62 പറുദീസായിലും പഴുത് കണ്ടെത്തുന്ന സാത്താൻ
ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ

66 കുടുംബം ഒരു ആനന്ദം (കവിത)
ശ്രീമതി. ലിംസി ആന്റണി

67 സഭയിൽ പുതുയുഗത്തിന് തുടക്കം: സിനഡാത്മക സഭയ്ക്കായുള്ള സിനഡിന് തുടക്കമായി
റവ. ഡോ. സ്റ്റീഫൻ ആലത്തറ

73 കൗൺസിലിംഗ് ഡയറക്ടറി



# കുടുംബ സിനഡെന്ന കുടുംബശൈലി



റവ. ഡോ. ഗ്രിഗറി ആർ ബി

## ആമുഖം

റോമിൽ നടക്കുവാൻ പോകുന്ന സാധാരണ സിനഡിനു മുന്നോടിയായി കേരള ലത്തീൻ സഭയിലെ പന്ത്രണ്ടു രൂപതകളിലെയും കുടുംബങ്ങളിൽ കുടുംബസിനഡ് നടത്തുവാൻ കെ. ആർ. എൽ. സി. സി ആഹ്വാനം ചെയ്തിരിക്കുകയാണ്. ഇടവകകളിലെ ബിസിസി സിനഡുകൾക്ക് മുന്നോടിയായി നടക്കുന്ന കുടുംബസിനഡിലൂടെ സിനഡ് സംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള പ്രാരംഭ ചർച്ചകൾക്ക് കേരള ലത്തീൻ സഭ തുടക്കം കുറിച്ചിരിക്കുകയാണ്. സഭയുടെ അടിസ്ഥാന ഘടകമായ കുടുംബങ്ങളിൽ പരസ്പരം കേൾക്കുവാനും തുറന്നു സംസാരിക്കുവാനും കഴിയുന്നതിലൂടെ സഭയ്ക്കുള്ളിൽത്തന്നെ സാർവത്രിക സഭ വിഭാവനം ചെയ്യുന്ന സംവാദപ്രക്രിയയ്ക്ക് തുടക്കം കുറിക്കുന്നു. സിനഡാത്മക സഭാരൂപീകരണത്തിന്റെ പ്രാരംഭഘട്ടത്തിന് ഇത് ആരംഭമാകുന്നു.

## ലക്ഷ്യം

സിനഡിന്റെ പ്രധാന സന്ദേശം മുൻവിധികളില്ലാതെ സ്വതന്ത്രമായ മനസ്സോടെ എല്ലാവരേയും കേൾക്കുക എന്നതാണ്. കുടുംബങ്ങൾ ഒരുമിച്ചിരുന്ന് സിനഡൽ പ്രക്രിയയുടെ ഭാഗമായി സഭാസംബന്ധമായ വിഷയങ്ങൾ സംസാരിക്കുന്നതിലൂടെ പരിശുദ്ധ പിതാവിന്റെ സിനഡൽ ആഹ്വാനത്തിന് കേരള ലത്തീൻ സഭയാകമാനം ഏകസ്വരത്തിൽ പ്രത്യുത്തരിക്കുക എന്നതാണ് കുടുംബസിനഡിന്റെ ഒന്നാമത്തെ ലക്ഷ്യം. അതോടൊപ്പംതന്നെ കുടുംബങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് കുടുംബാംഗങ്ങൾ തന്നെ ഒരുമിച്ചിരുന്ന് കാലികമായ ഉത്തരങ്ങൾ കണ്ടെത്തി കെട്ടുറപ്പുള്ള കുടുംബങ്ങളായി നമ്മുടെ കുടുംബങ്ങളെ വളർത്തിയെടുക്കാനുള്ള പരിശ്രമങ്ങളിൽ പങ്കാളികളാവുകയും ചെയ്യുന്നു എന്നതാണ് രണ്ടാമത്തെ ലക്ഷ്യം. മൂന്നാമതായി, കോവിഡ് - 19 മഹാമാരിയുടെ നീരാളിപ്പിടുത്തത്തിൽ ദൈവത്തിൽ നിന്നും സഭയിൽ നിന്നും അകന്നു കഴിയുന്ന

ദൈവമക്കളെ വീണ്ടും സഭാ കൂട്ടായ്മയിൽ കൊണ്ടുവരുവാനുള്ള സാധ്യതകൾ കണ്ടെത്തുന്ന വേദികളായി കുടുംബസിനഡ് മാറുന്നു. നാലാമതായി, സിനഡിൽ മുന്നോട്ടുവയ്ക്കുന്ന വിഷയങ്ങളായ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം ഈ പ്രമേയങ്ങളെ ചർച്ചാവിഷയങ്ങളാക്കിക്കൊണ്ട് കുടുംബങ്ങളിൽ ആരംഭിച്ച് സഭയിലാകമാനം ഇവ പ്രായോഗികമാക്കാൻ അവസരമൊരുക്കുന്നു.

മുഹൂർത്തങ്ങളാണ് കുടുംബസിനഡ് പ്രദാനം ചെയ്യുന്നത്. ഇവിടെ കേൾക്കുക എന്നത് ഒരു ചെവിയിലൂടെ കേട്ട് മറ്റേചെവിയിലൂടെ കളയുവാനുള്ള ഒരാഹ്വാനമല്ല. മറിച്ച്, പറയുന്നതിനോടൊപ്പം പറയാതിരിക്കുന്നത് സംസാരിക്കുന്ന വാക്കുകൾക്കിടയിലൂടെ വായിച്ചറിയുക എന്നതാണ് പ്രധാനപ്പെട്ടത്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സ്നേഹബന്ധങ്ങളെ വിളക്കിച്ചേർക്കുന്ന ശക്തമായ രശ്മികളായി സംസാരവും ശ്രവണവും



## ശ്രവിക്കുന്നവരാകാൻ

കുടുംബബന്ധങ്ങളെ കാർന്നുതിന്നുന്ന അർബുദങ്ങളായി മാറിയിരിക്കുകയാണ് മൊബൈൽ പോലുള്ള ഇലക്ട്രോണിക് മാധ്യമങ്ങൾ. ഓൺലൈൻ ക്ലാസ്സുകളുടെ ചുവടുപിടിച്ചുകൊണ്ട് കുത്തിയിരുന്ന് മൊബൈലുകളിൽ ചാറ്റിംഗും കളികളും ശീലിച്ചവർക്ക് സ്വസ്ഥമായി ഒന്നിരുന്ന് മുഖത്തോട് മുഖംനോക്കി സംസാരിക്കുവാനാകുന്നില്ല. മൊബൈലുകളിൽ പരതി പരതി ഗൗരവമുള്ള ചിന്തകളില്ലാതെ വെറും വൈകാരിക ജീവികളായി ആധുനിക തലമുറ അധഃപതിക്കുകയാണെന്നു തോന്നുന്നു. ഈ സാഹചര്യത്തിലാണ് യന്ത്രങ്ങളിൽ ആശ്രയിക്കാതെ ഹൃദയം തുറന്നു പറയുവാനും പറയുന്നത് കേൾക്കുവാനും സഹായകമാകുന്ന രീതിയിൽ പുതിയൊരു സംസ്കാരത്തിന് രൂപംകൊടു ക്കുവാൻ സിനഡിലൂടെ പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നത്.

പരസ്പരം ശ്രവിക്കുവാൻ കഴിയുന്ന രീതിയിൽ എല്ലാം മറന്ന് ഒരുമിച്ചിരിക്കുവാനും ഹൃദയങ്ങൾ തുറന്ന് സംസാരിച്ചുകൊണ്ട് ഊഷ്മളമായ ബന്ധങ്ങളെ പാലൂട്ടി വളർത്തുവാനും സഹായിക്കുന്ന സുന്ദര

കുടുംബങ്ങളിൽ മാറുകയാണ്. നമ്മുടെ പല ഭവനങ്ങളിലും പ്രശ്നങ്ങൾ അഗ്നിപർവ്വതംപോലെ നീറിക്കൊണ്ടിരിക്കുന്നു. ഒന്നിനുപുറകേ മറ്റൊന്നായി വന്നുകൊണ്ടിരിക്കുന്ന ദുരിതങ്ങളുടെ മധ്യേ നട്ടംതിരിയുന്ന കുടുംബങ്ങളാണ് ഏറെയും. ഇവിടെയാണ് സിനഡ് പ്രസക്തമാകുന്നത്. കാര്യങ്ങൾ തുറന്നു പറയുവാനും പറയുന്നവ കേൾക്കുവാനും സാധിക്കുന്ന വഴികൾ സിനഡ് തുറക്കുന്നു. എല്ലാം പൊതുവേ മറച്ചുവയ്ക്കുന്ന രീതിയാണ് എല്ലാവരും ഇഷ്ടപ്പെടുന്നത്; എന്നാൽ സിനഡ് എല്ലാം തുറന്നുവയ്ക്കുന്ന ഹൃദയബന്ധങ്ങളെ സൃഷ്ടിക്കുന്നു.

## പ്രശ്നങ്ങൾ പരിഹരിക്കാൻ

കുടുംബസിനഡിലൂടെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ തിരിച്ചറിയുവാനും അവയ്ക്കുള്ള പരിഹാരങ്ങൾ കണ്ടെത്തുവാനും നമ്മെ സഹായിക്കുന്നു. വചനവായനയുടെയും വിചിന്തനത്തിന്റെയും വെളിച്ചത്തിലാണ് കുടുംബസിനഡ് നടക്കുന്നത്. കാര്യങ്ങൾ തുറന്ന മനസ്സോടെ വചനാധിഷ്ഠിതമായി സംസാരിക്കുമ്പോൾ കുടുംബ

ബന്ധങ്ങളെ ശിഥിലമാക്കുന്ന പ്രശ്നങ്ങളും ചർച്ചാവിഷയമാകുന്നു. തുറന്ന മനസ്സോടെ കാര്യങ്ങൾ പറയുന്ന അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതുകൊണ്ട് മാനസ്സിക പിരിമുറുക്കങ്ങൾക്ക് അയവുവരുന്നു. പ്രസ്തുത സന്ദർഭങ്ങളിൽ കുടുംബത്തിന്റെ കെട്ടുറപ്പ് തകർക്കുന്ന സന്ദർഭങ്ങളെയും അവയ്ക്കുള്ള പരിഹാരങ്ങളേയും ഒരുമിച്ച് നിർദ്ദേശിക്കാനാവും. കുടുംബസിനഡിന്റെ ഭാഗമായി ഇവിടെ രൂപപ്പെടുന്നത് ആഴമേറിയ സൗഹൃദങ്ങളാണ്. ഈ ബന്ധങ്ങളാണ് സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ ഉത്തമ കുടുംബങ്ങളായി നമ്മുടെ കുടുംബങ്ങളെ പണിതുയർത്തുന്നത്.

കൂട്ടായ്മ എന്നത് ഒറ്റപ്പെട്ട ബന്ധങ്ങളുടെ ചേരുവയല്ല. മറിച്ച്, ഹൃദയൈക്യമാണ്. അതിന്റെ അടിസ്ഥാന മാനദണ്ഡമായി നിലകൊള്ളേണ്ടത്. അതിന് സഹായകമായി നമ്മുടെ മുൻപിലുള്ളത് ആദിമക്രൈസ്തവ സമൂഹത്തിൽ നിലനിന്നിരുന്ന കൂട്ടായ്മ ജീവിതത്തിന്റെ ഉത്തമ മാതൃകയാണ്. "ഒരു ഹൃദയവും ഒരാത്മാവുമായി" (അപ്പോ 4:32) ജീവിച്ച ആദിമക്രൈസ്തവരുടെ ജീവിത വഴിത്താരകളാണ് ചർച്ചചെയ്ത് കണ്ടെത്താൻ കുടുംബസിനഡിലൂടെ ആവശ്യപ്പെടുന്നത്. "ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു" (അപ്പോ 4:32). ഇപ്രകാരം പങ്കുവച്ചുകൊണ്ടും സഹായിച്ചുകൊണ്ടും ഒരുമയിൽ ജീവിച്ചുവന്ന ആദിമ ക്രൈസ്തവ സമൂഹത്തെ മാതൃകയാക്കി കുടുംബ ബന്ധങ്ങളെ പുനക്രമീകരിക്കുന്ന പ്രക്രിയകളാണ് കുടുംബ സിനഡിലൂടെ ഉദ്ഘാടനം ചെയ്യപ്പെടുന്നത്. അതിന് സഹായകമായ അരൂപിയിൽ നിറഞ്ഞ സ്നേഹത്തിലും പരസ്നേഹത്തിലും അധിഷ്ഠിതമായ ഉൾക്കാഴ്ച്ചകൾ കുടുംബസിനഡ് പ്രധാനം ചെയ്യുന്നു. ക്രിസ്തുവിനോടും സഭയോടു മുള്ള വിശ്വാസവും വിശ്വസ്തതയും വളർത്തിയെടുക്കേണ്ട മാർഗ്ഗങ്ങളാണ് ഇവിടെ ചർച്ചാവിഷയമാക്കുന്നത്. ഓൺലൈൻ സംസ്കാരം ദൈവാലയത്തിൽ പോകുന്ന ശീലങ്ങളിൽ നിന്ന് നമ്മുടെ കുടുംബാംഗങ്ങളെ ഏറെ പിന്നോട്ടു വലിച്ചിരിക്കുന്നു. ദൈവാഭിമുഖ്യമനോഭാവങ്ങൾ രൂപപ്പെടുന്നതിലൂടെ അപരോത്മുക ചിന്തകൾ ശക്തിപ്പെടും. അതിലൂടെ ബലപ്പെടുന്ന സഹോദര സ്നേഹബന്ധങ്ങളാണ് സഭാസമൂഹത്തിലേക്ക് നയിക്കപ്പെടുന്നത്. ഒറ്റപ്പെട്ടതുരുത്തുകളായി ജീവിക്കാതെ നല്ലൊരു സമൂഹികജീവിയായി എങ്ങനെ ജീവിക്കാമെന്ന് കുടുംബസിനഡ് വ്യക്തമായ ദിശാബോധമേകുന്നു. അതിന് സഹായകമാകുന്ന ഇടങ്ങളായി ബിസിസി

**പങ്കുവച്ചുകൊണ്ടും സഹായിച്ചുകൊണ്ടും ഒരുമയിൽ ജീവിച്ചുവന്ന ആദിമക്രൈസ്തവ സമൂഹത്തെ മാതൃകയാക്കി കുടുംബ ബന്ധങ്ങളെ പുനക്രമീകരിക്കുന്ന പ്രക്രിയകളാണ് കുടുംബ സിനഡിലൂടെ ഉദ്ഘാടനം ചെയ്യപ്പെടുന്നത്.**

കളും ഞായറാഴ്ചാചരണ ങ്ങളും അവരുടെ മുൻപിൽ തുറന്നുവയ്ക്കപ്പെടുന്നു. സ്വാർത്ഥപരമായ ചിന്തകളോടെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുന്നവരായി ഓരോരുത്തരും തങ്ങളുടെ ജീവിതങ്ങളെ ഇടുങ്ങിയ മുറികളിൽ മതിൽക്കെട്ടുകൾക്കുള്ളിൽ ഒതുക്കി നിർത്തുമ്പോൾ സിനഡുകൾ പാലം പണിയാനുള്ള പുതിയ മാർഗ്ഗങ്ങൾ പഠിപ്പിക്കുന്നു. ഇവിടെ കൂട്ടായ്മയുടെ പറുദീസകൾ രൂപപ്പെടുത്തുവാനുതകുന്ന ഊഷ്മളമായ ദൈവികവും മാനവികവുമായ ചിന്തകളെ വാർത്തെടുക്കുന്നതിന് കളമൊരുക്കുന്നു.

അതോടൊപ്പംതന്നെ കോവിഡാനന്തര സഭയിലേക്ക് കാലെടുത്തുവയ്ക്കുവാൻ കുടുംബസിനഡ് കുടുംബങ്ങൾക്ക് മാർഗ്ഗദീപമേകുന്നു. കോവിഡ് മഹാമാരിയിൽ നിന്നുള്ള മോചനം സാധ്യമാക്കുവാൻ ഒരുമിച്ച് മുന്നേറേണ്ട സാധ്യതകൾ സൃഷ്ടിക്കുന്നു. മഹാമാരിയുടെ പരിണിതഫലമായി ഉണ്ടായ ദുരിതങ്ങളെ ഒരുമിച്ച് നേരിടുവാൻ പദ്ധതികൾ ആസൂത്രണം ചെയ്യുകയും മഹാമാരിക്കെതിരേ ഒരുമിച്ച് പ്രവർത്തിച്ച് അതിനെ തുരത്തുവാനുള്ള വേദികളായി കുടുംബസിനഡ് മാറുകയും ചെയ്യുന്നു. യാഥാർത്ഥ്യബോധത്തോടെ കാര്യങ്ങൾ അപഗ്രഥിച്ച് കാണുവാനും തുറന്ന മനസ്സോടെ പങ്കുവയ്ക്കുവാനും കഴിയുന്ന രീതിയിൽ കോവിഡ് സാഹചര്യത്തെ സമീപിക്കുവാൻ കുടുംബസിനഡുകൾ അവസരമൊരുക്കുന്നു എന്നതാണ് പ്രധാനപ്പെട്ടത്.



# പങ്കാളിത്തപ്രവർത്തനങ്ങളിൽ പങ്കുകാരാകുക:

ഒരു കുടുംബം ശക്തമായി നിലനില്ക്കുന്നതിന് എല്ലാവരുടെയും ശക്തമായ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ഒരാൾ പറയുന്നത് മറ്റുള്ളവർ അതുപോലെ അനുസരിക്കുന്നത് ഇന്ന് അഭിലഷണീയമല്ല. സ്വാതന്ത്ര്യത്തോടുകൂടിയുള്ള ഉത്തരവാദിത്വ നിർവഹണമാണ് കുടുംബങ്ങളുടെ മുഖമുദ്രയായി മാറേണ്ടത്. പിതാവും മാതാവും മക്കളും ഒരുപോലെ അവരവരുടെ കടമകളിൽ വ്യാപൃതരാകണം. ഉത്തരവാദിത്വ നിർവഹണത്തിന്റെ പങ്കാളിത്തം ആരംഭിക്കുന്നത് തീരുമാനങ്ങളുടെ പങ്കാളിത്തത്തിലൂടെയാണ്. തീരുമാനങ്ങൾ കുടുംബത്തിലുണ്ടാകേണ്ടത് കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് വസ്തുനിഷ്ഠമായി കാര്യങ്ങൾ അപഗ്രഥിച്ചുകൊണ്ടാണ്. അതിലൂടെ പൂർണ്ണ പങ്കാളിത്തത്തിന്റെ സാധ്യതകൾ കുടുംബാംഗങ്ങൾക്ക് ഒരുമിച്ച് കണ്ടെത്താനാവുന്നു. കുടുംബത്തിലെ എല്ലാ കാര്യങ്ങളിലും ഞാനും പങ്കുകാരനാണ് എന്ന തിരിച്ചറിവാണ് ഓരോ വ്യക്തിക്കും കുടുംബങ്ങളിൽ ഉണ്ടാകേണ്ടത്. തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പങ്കാളിത്തം ഇല്ലാതെ വരുമ്പോഴാണ് കുടുംബങ്ങളിൽ ഒറ്റപ്പെട്ടതും വേർതിരിഞ്ഞതുമായ അപസ്വരങ്ങൾ പുറപ്പെടുന്നത്. അത് ഒഴിവാക്കേണ്ടത് കൃത്യമായ ആശയ സംവാദങ്ങളിലൂടെയാണ്. നിരന്തരമുള്ള ആശയ വിനിമയം പെട്ടെന്ന് തീരുമാനമെടുക്കുന്നതിന് സഹായിക്കുന്നു. അതിലേക്ക് നയിക്കുന്ന കാഴ്ച്ചപ്പാടുകളാണ് കുടുംബസിനഡുകളിലൂടെ രൂപീകരിക്കാൻ ശ്രദ്ധിക്കുന്നത്.

# പ്രേഷിതത്വം

ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ ക്രൈസ്തവനും സുവിശേഷപ്രഘോഷണത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. “സുവിശേഷത്തെപ്പറ്റി ഞാൻ ലജ്ജിക്കുന്നില്ല” (റോമ 1:16) എന്നു പറയുവാൻ കഴിയുന്നരീതിയിൽ പ്രേഷിതപ്രവർത്തനം ചെയ്യുവാൻ ഓരോ ക്രൈസ്തവനും കുടുംബങ്ങളിൽ അഭ്യസിക്കപ്പെടേണ്ടതാണ്. പ്രേഷിതപ്രവർത്തനങ്ങളുടെ ചാലകശക്തിയായി ഓരോ ഭവനങ്ങളെയും മാറ്റിയെടുക്കുക എന്നതാണ് ഇന്നിന്റെ ആവശ്യം. അതിനായി ഭവനങ്ങളെ സജ്ജമാക്കുവാൻ ഉതകുന്നരീതിയിൽ വചനങ്ങളാലും കൂദാശകളാലും കുടുംബങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

കത്തോലിക്കാ വിശ്വാസികൾ പൊതുവേ സുവിശേഷം പ്രഘോഷിക്കുന്നതിനും വചനം വായിക്കുന്നതിനും വിമുഖതകാണിക്കുന്നവരാണ്. പ്രേഷിതരാകുക എന്നത് സുവിശേഷം പ്രഘോഷിക്കുവാൻ നിരന്തരം അയക്കപ്പെടുക എന്നതാണ്. ഈ ഉത്തരവാദിത്വത്തിൽ പങ്കാളികളാകുവാൻ കഴിയുന്ന രീതിയിലാണ് കുടുംബങ്ങളെ പ്രേഷിത ചൈതന്യവേദികളാക്കേണ്ടത്. പ്രതിഷ്ഠിതമായ ബൈബിളിനു ചുറ്റുമിരുന്ന് കുടുംബസിനഡ് നടത്തുമ്പോൾ വചനത്തിനും വചനസാക്ഷ്യത്തിനുമാണ് കുടുംബാംഗങ്ങൾ തങ്ങളെത്തന്നെ സമർപ്പിക്കുന്നത്. “ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം” (1 കൊറി 9:16) എന്നു പറഞ്ഞ വിശുദ്ധ പൗലോസിനെപ്പോലെ പറയത്തക്കവണ്ണം ഓരോ ക്രൈസ്തവനും സുവിശേഷത്തിൽ ബലിഷ്ഠരാകുവാൻപോന്ന പരിശീലനമാണ് കുടുംബസിനഡുകൾ പ്രദാനം ചെയ്യേണ്ടത്.



# പുത്തൻ കുടുംബശൈലി


കുടുംബങ്ങളുടെ തകർച്ച വ്യക്തികളുടെയും സമൂഹത്തിന്റെയും തകർച്ചയാണ്. ജീവിതത്തിന് ദിശാബോധം നല്കി സുദൃഢമായ ബന്ധങ്ങളുടെ സൂക്ഷിപ്പുകാരായി മാറുവാൻ ഓരോ വ്യക്തികളെയും പ്രാപ്തമാക്കുന്നത് കുടുംബങ്ങളാണ്. പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചുകൊണ്ട് "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉത്പ 1:28). എന്ന കല്പന നല്കി അനുഗ്രഹിച്ചുകൊണ്ട് ദൈവം കുടുംബത്തിനു രൂപംനല്കി. ഇത് യഥാർത്ഥ സന്തോഷവും സമാധാനവും അനുഭവിച്ചുകൊണ്ട് നിത്യമായ ആനന്ദം സ്വന്തമാക്കുവാൻ അവസരമൊരുക്കുന്നു. "പുരുഷൻ പിതാവിനെയും മാതാവിനെയും വിടുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യുന്നു" (മാർക്കോ 10:7) എന്നരുൾ ചെയ്തുകൊണ്ട് ക്രിസ്തുനാഥൻ കുടുംബങ്ങൾക്ക് കൗദാശികമായ ഒരു മാനം കല്പിച്ചു നല്കുന്നു. അതുവഴി ശാശ്വത സ്നേഹബന്ധത്തിൽ കുടുംബങ്ങളെ ഉറപ്പിച്ചു.

എന്നാൽ ദൈവികമായ പദ്ധതിക്ക് തുരങ്കം വയ്ക്കുന്ന പ്രവണത സൃഷ്ടിയുടെ ആരംഭത്തിൽ ത്തന്നെ ഉടലെടുത്തു. അത് ഇന്ന് പലരീതികളിലും തുടർന്നു കൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വെല്ലുവിളികളാകട്ടെ കുടുംബങ്ങളെ തകർത്ത് തരിപ്പണമാക്കാൻ പോന്നതാണ്. കൗദാശികബന്ധത്തിന്റെ പവിത്രത തകർക്കുന്ന ലൈംഗിക അരാചകത്വം എതിർത്തുകൊണ്ട് ദൈവിക പദ്ധതിക്കനുസരിച്ച് കുടുംബങ്ങളെ ക്രമപ്പെടുത്തുവാനാണ് കുടുംബസിനഡ് പദ്ധതിയിടേണ്ടത്. സ്ത്രീ പുരുഷ തുല്യത നിലനിർത്തിക്കൊണ്ടുതന്നെ കർത്തവ്യനിർവഹണത്തിലൂടെ ഉണ്ടാകേണ്ട ദൗത്യങ്ങളിലേക്കും പരസ്പരപൂരകമായി ഒന്നായി ജീവിക്കേണ്ട അവസ്ഥാവിശേഷങ്ങളിലേക്കും കുടുംബസിനഡ് വിരൽ ചൂണ്ടുന്നു. കുടുംബങ്ങളെ അവയുടെ പവിത്രമായ ലക്ഷ്യത്തിലുറപ്പിച്ച് ഒരുമയുടെയും സ്നേഹത്തിന്റെയും പറുദീസകളാക്കാനാണ് കുടുംബ സിനഡ് ലക്ഷ്യംവയ്ക്കേണ്ടത്. അതുകൊണ്ടുതന്നെ കുടുംബസിനഡ് കുടുംബങ്ങളെ ചിട്ടപ്പെടുത്താനും ക്രമപ്പെടുത്താനും ശക്തിപ്പെടുത്തുവാനുമുള്ള നിരന്തരാഹ്വാനമാണ് നല്കുന്നത്. ഒരിക്കൽ ആരംഭിച്ചാൽ പിന്നെ നിർത്തിക്കളയാനുള്ളതല്ല കുടുംബസിനഡ്. ഓരോ ദിവസവും കൂട്ടായ്മയിലും പങ്കാളിത്തത്തിലും പ്രേഷിതത്വത്തിലും ഓരോ ക്രൈസ്തവ മക്കളെയും വളർത്തിയെടുക്കുന്ന പാഠശാലകളായി നിലനിർത്തുവാനുള്ള നിരന്തരാഹ്വാനമാണ് സിനഡ് നല്കുന്നത്. ഈ സിനഡൽ പ്രക്രിയ കുടുംബങ്ങളിലൂടെ തുടർപ്രക്രിയയായി നിലനിർത്തി ക്കൊണ്ടുപോകാനായാൽ കെട്ടുറപ്പുള്ള ഒരു സിനഡൽ സഭയ്ക്ക് രൂപം കൊടുക്കാനാവും.

## സംഗ്രഹം

കുടുംബസിനഡ് ഒരു തുടർ പ്രക്രിയയുടെ ആരംഭമാണ്. തുടർന്നുകൊണ്ടുപോകത്തക്ക രീതിയിൽ നിരന്തരം സംസാരിക്കുവാനും കേൾക്കുവാനും സഹായിക്കുന്ന ഒരു ജീവിതശൈലി. ഇതിന്റെ അതുല്യമായ മാതൃക ത്രിയേക ദൈവത്തിൽ നമുക്കെന്നും കാണാനാവുന്നതും നിലനിൽക്കുന്നതുമായ ഒരു സ്നേഹ പ്രകടന പ്രവർത്തനരീതിയാണ്. സംവേദനത്തിന്റെയും ആഴമുള്ള ബന്ധങ്ങളുടെയും അടിസ്ഥാനത്തിൽ അനുനിമിഷം ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കപ്പെടുന്ന പ്രേഷിത ഇടമായി കുടുംബങ്ങൾ മാറുവാൻ കുടുംബസിനഡ് ഒരു തുടർപ്രക്രിയയായി തുടർന്നുകൊണ്ടു പോകുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. കുടുംബസിനഡ് നമ്മുടെ കുടുംബങ്ങളിലെ സാധാരണ ജീവിതശൈലിയായി മാറട്ടെ. ●


# പള്ളോട്ടൈൻ സന്ന്യാസ സഭയിലേക്ക് സ്വാഗതം



St. Vincent Pallotti

"ക്രൈസ്തവരിൽ അണഞ്ഞുകൊണ്ടിരിക്കുന്ന വിശ്വാസദീപത്തെ പ്രോജ്വലിപ്പിക്കുക

എല്ലാ ക്രൈസ്തവരേയും ഉത്തമ ക്രൈസ്തവരും നല്ല പ്രേക്ഷിതരുമാക്കുന്നതിന് അക്ഷീണം പരിശ്രമിക്കുക.

ക്രിസ്തുവിനെ അറിയാത്തവരിൽ അവിടുത്തെ പ്രഘോഷിക്കുക"




**SISTERS OF THE CATHOLIC APOSTOLATE (PALLOTTINE)**

St. Vincent Pallotti Convent, Near Aquinas College, Edakochi, Kochi - 682010. Ph: 0484 2327885

# കുടുംബം – ഒരു കെടാവിളക്ക്

(കവിത)





സിപ്പി പള്ളിപ്പുറം

കുടുംബമെന്നത് മാലോകർക്കായ്
ദൈവം നൽകിയ വരദാനം
മന്നിൽ സ്നേഹം വിളയിപ്പിക്കാൻ
ദൈവം തന്ന മഹാദാനം!

കുടുംബമല്ലോ നമ്മളെയെന്നും
താരാട്ടുന്ന കളിത്തൊട്ടിൽ
നല്ലവരാകാൻ നമ്മൾക്കെന്നും
തുണയേകുന്ന കളിത്തൊട്ടിൽ.

തിരുക്കുടുംബ മഹത്വം നമ്മൾ
മറന്നുപോകരുതൊരു നാളും
'സത്യം സ്നേഹം സാഹോദര്യം
കൈവെടിയരുതേയൊരുനാളും.


വിശുദ്ധ യൗസേപ്പിതാവു നമ്മുടെ
കുടുംബസാരഥിയാണെന്നും
വിശുദ്ധകന്യകാമറിയം നമ്മുടെ
കരുണാമയിയാം ജനയിത്രി.

ഒരേ ഒരുണ്ണി; രക്ഷകനുണ്ണി
ഈ ലോകത്തിൻ വഴികാട്ടി.
അതാണു നമ്മുടെ തിരുക്കുടുംബം
അതാണു നമ്മുടെ പ്രത്യാശ.

കുടുംബമെന്നൊരു കെടാവിളക്കിൻ
പ്രകാശമെങ്ങും പടരട്ടേ.
കുടുംബദീപം മേന്മേലങ്ങനെ
വീണ്ടും വീണ്ടും തെളിയട്ടെ!

കുടുംബമെന്നതു മനുജകുലത്തിനു
ദൈവം നൽകിയ വരദാനം
മന്നിൽ സിനേഹം വിളയിപ്പിക്കാൻ
ദൈവം തന്ന മഹാദാനം!

# കോവിഡാനന്തര ജീവിതം കുടുംബത്തിൽ





മുരളിധരൻ മുല്ലമറ്റം

കഴിഞ്ഞ രണ്ടു വർഷത്തിലധികമായി ലോകം കോവിഡ് 19 ന്റെയും ഒമിക്രോണിന്റെയും ഭീതിയിലാണ്. കോവിഡ് 19 ആരംഭിച്ച കാലത്ത് നാം നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകളും ദുരന്തങ്ങളും പറഞ്ഞറിയിക്കാൻ പ്രയാസമാണ്. വേണ്ടപ്പെട്ടവർ മരിച്ചുപോയി. സ്ഥാപനങ്ങൾ പൂട്ടിയതുകാരണം ജോലി നഷ്ടപ്പെട്ടവരുടെ എണ്ണം കൂടി. കച്ചവടസ്ഥാപനങ്ങളും കമ്പനികളും സിനിമാതിയറ്ററുകളും ഓഡിറ്റോറിയങ്ങളും ഹോട്ടലുകളും എല്ലാം അടക്കേണ്ടി വന്നതുകൊണ്ട് തൊഴിൽ നഷ്ടപ്പെട്ടവരുടെയും എണ്ണം കൂടി. കുട്ടികളുടെ പഠനവും കളി ചിരികളും ഭാഗികമായി നഷ്ടപ്പെട്ടു. എല്ലാ തരത്തിലും ആളുകൾ പ്രതിസന്ധിയിലായി. ഇതിന്റെ പ്രതിഫല നങ്ങൾ കുടുംബജീവിതത്തിലും ഉണ്ടായി.

കോവിഡ് 19 ന്റെ വ്യാപനം ഏറെക്കുറെ കുറഞ്ഞിട്ടുണ്ടെങ്കിലും അതിന്റെ വകഭേദങ്ങൾ മാറി മാറി വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടു തന്നെ ജാഗ്രതയും ശ്രദ്ധയും പാലിക്കാൻ നമ്മൾ മനസ്സു വച്ചേ മതിയാകൂ. വിശേഷിച്ചും രോഗം വന്ന് സുഖപ്പെട്ടവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ് ബാധിതരായ രോഗികൾ സുഖപ്പെട്ടാലും പലരിലും പലതരം ശാരീരിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ട്. മാസങ്ങളോളം നീണ്ടുനിൽക്കുന്ന ശാരീരിക അസ്വസ്ഥതകൾ ഉള്ളവരുണ്ട്. അതുപോലെ പലരിലും കോവിഡാനന്തരം മാനസികപ്രശ്നങ്ങൾ കണ്ടു വരുന്നുണ്ട്. രോഗമുക്തി നേടിയവരിൽ 34% ശതമാനം

പേരിൽ കടുത്ത മാനസിക പ്രശ്നങ്ങൾ കാണുന്നു. 18-20 ശതമാനം പേരിൽ ഉത്കണ്ഠ, 10-15 ശതമാനം പേരിൽ വിഷാദരോഗം പോലുള്ള പ്രശ്നങ്ങൾ എന്നിവ കാണുന്നുണ്ട്. അതുപോലെ നെഞ്ചെരിച്ചിൽ, പുളിച്ചു തികട്ടൽ, വയറ്റിൽ അസ്വസ്ഥത തുടങ്ങിയവയും കണ്ടുവരുന്നുണ്ട്. പ്രമേഹമുള്ളവരിൽ അതുകൂടാനിടയുണ്ട്. അമിതരക്തസമ്മർദ്ദം, സന്ധിവേദന തുടങ്ങിയ പലപ്രശ്നങ്ങൾ ഉള്ളവരും കുറവല്ല. ചുരുക്കം ചിലർ പെട്ടെന്ന് കുഴഞ്ഞുവീണു മരിക്കുന്നതും കണ്ടിട്ടുണ്ട്. കോവിഡ് ബാധിതർ പ്രത്യേകിച്ച് വയോജനങ്ങൾ രോഗം ഭേദമായാലും കുറേനാൾ ആരോഗ്യ പ്രവർത്തകരുടെ നിരീക്ഷണത്തിൽ ആകുന്നതാകും നല്ലത്. മേൽപ്പറഞ്ഞ അസ്വസ്ഥതകൾ പ്രകടിപ്പിക്കുന്നവർ ശ്രദ്ധിക്കണം. പ്രത്യേകിച്ചും ഇനി പറയുന്ന കാര്യങ്ങളിൽ ജാഗ്രത വേണം.

**ദിവസവും ചൂടുവെള്ളം കുടിക്കുന്ന ശീലം വളർത്തിയെടുക്കണം. എന്നാൽ വെള്ളം തിളച്ച ഉടനെ കുടിക്കരുത്.**

**ചൂടായ ഭക്ഷണം മാത്രം കഴിക്കുക.**

**പഴകിയതോ തണുത്തതോ ആയ ഭക്ഷണങ്ങൾ ഒഴിവാക്കുക.**

**മാനസിക സമ്മർദ്ദം ഉണ്ടാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക.**

**കഠിനമായ ജോലികളിൽ ഏർപ്പെടാതിരിക്കുക.**


**രാവിലെയും വൈകുന്നേരവും അരമണിക്കൂർ ഇളം വെയിൽ കൊള്ളുക.**

**ലഘു വ്യായാമങ്ങൾ ശീലമാക്കുന്നത് നല്ലതാണ്.**

**ഇഷ്ടമുള്ള വിനോദങ്ങളിൽ ഏർപ്പെടുക.**

**നല്ല സുഹൃത്തുക്കളെ കണ്ടെത്തുക. ആരോഗ്യകരമായ സൗഹൃദം പുലർത്തുക. ബന്ധുക്കളുമായും നല്ലബന്ധം നിലനിർത്തുക.**

കാര്യങ്ങൾ പഴയ പടിയിലേക്ക് വന്നുകൊണ്ടിരിക്കുകയാണെങ്കിലും നാം ശ്രദ്ധിക്കേണ്ടതുണ്ട്. പുറത്തിറങ്ങുമ്പോഴും യാത്രചെയ്യുമ്പോഴും എല്ലാം ശ്രദ്ധിക്കണം. വീട്ടിൽ നല്ല ശീലങ്ങളും ശുചിത്വകാര്യങ്ങളും സാനിറ്റൈസറും മാസ്ക്കും ഉപയോഗിക്കുന്നതിന്റെ പ്രാധാന്യവുമെല്ലാം ചർച്ചക്കു വിധേയമാക്കണം. കുട്ടികളെ അത്തരം കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നതോടൊപ്പം അതിന് മാതൃകകളായി ജീവിക്കുവാൻ പഠിപ്പിക്കണം. കൂട്ടത്തിൽ ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.




- ദിനചര്യകളിൽ സമയക്രമവും, അടുക്കും ചിട്ടയും ഒക്കെ എല്ലാവരിലും വളർത്തിയെടുക്കുക.
- ദിവസവും യാത്ര ചെയ്യുന്നവർ സാനിറ്റൈസർ, മാസ്ക്ക്, എന്നിവ ഉപയോഗിക്കുക.
- പുറത്തുപോയി വന്നാൽ വീട്ടിൽ കയറും മുമ്പ് കൈകാലുകൾ കഴുകി വൃത്തിയാക്കുക.
- സാമൂഹിക അകലം പാലിക്കുന്നതിന് വൈമുഖ്യം കാണിക്കരുത്.
- അത്യാവശ്യമില്ലാത്ത യാത്രകൾ ഒഴിവാക്കുന്നതാകും നല്ലത്.
- കുട്ടികൾ സ്ക്കൂളിലും മറ്റിടങ്ങളിലും പോയി തിരിച്ചു വരുമ്പോൾ കൈകാലുകൾ കഴുകിയും കുളിപ്പിച്ചും വേണം അകത്തുകയറ്റാൻ.
- സ്ക്കൂളിൽ പോകുന്ന കുട്ടികൾക്ക് ബാഗും കുടയും പഠനോപകരണങ്ങളും മാത്രമല്ല മാസ്ക്കും സാനിറ്റൈസറും കൊടുത്തുവിടണം. അവ ഉപയോഗിക്കാൻ പരിശീലിപ്പിക്കണം.
- കോവിഡാനന്തര കാലമാണെങ്കിലും നല്ല ആരോഗ്യശീലങ്ങൾ കുട്ടികളെ പഠിപ്പിക്കണം.

കാലത്തിനനുസരിച്ച് മനുഷ്യനും മാറിക്കൊണ്ടിരിക്കുകയാണ്. കോവിഡിന്റെ കാര്യത്തിലും മറിച്ചല്ല. ജോലികൾ തന്നെ വീട്ടിൽ വച്ചായിരിക്കുന്നു. പഠനവും ഓൺലൈനായിക്കഴിഞ്ഞു. കോവിഡിന്റെ ജനിതക മാറ്റങ്ങൾ ഇനിയും സംഭവിക്കാമെന്ന് ആരോഗ്യവിദഗ്ദർ സൂചന നൽകിക്കഴിഞ്ഞു. അതുകൊണ്ടു തന്നെ എപ്പോഴും അതു തിരിച്ചുവരാമെന്നതുകൊണ്ട് കോവിഡാനന്തര ജീവിതത്തിൽ നാം കരുത

ലോടും ശ്രദ്ധയോടുംകൂടെ ജീവിക്കാൻ ഒരുങ്ങണം. വീട്ടിലിരുന്നു ജോലി ചെയ്യുന്നവർക്കായി പ്രത്യേകം സൗകര്യം ഒരുക്കുന്നത് നല്ലതാണ്. കാരണം ഡൈനിംഗ് ടേബിളിൽ ലാപ്ടോപ്പ് വച്ച് പണിയെടുക്കുന്ന ചിലരെ കണ്ടിട്ടുണ്ട് അതത്ര ആരോഗ്യകരമല്ല.

ഇതുപോലെ തന്നെയാണു കുട്ടികളുടെ പഠനകാര്യത്തിലും പറയാനുള്ളത്. സ്ക്കൂളിൽ പോയിത്തുടങ്ങിയാലും സ്മാർട്ട് ഫോൺ ഒഴിച്ചുകൂടാനാവാത്തതായിരിക്കുകയാണ്. അതുകൊണ്ട് മൊബൈൽ ഫോണിന്റെ ഉപയോഗത്തെക്കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്തണം. കഴിഞ്ഞ കുറെ മാസങ്ങളായി ഓൺലൈൻ ക്ലാസ്സിൽ അറ്റന്റ് ചെയ്തുവരുന്ന കുട്ടികളിൽ ചിലർ അതിന് അടിമകളായിക്കഴിഞ്ഞിരിക്കുന്നു. ചിലർ അത് ദുരുപയോഗം ചെയ്യുന്നുമുണ്ട്. ഫലമോ പെരുമാറ്റ വൈകല്യങ്ങളും സ്വഭാവ വൈകൃതങ്ങളും കുട്ടികളിൽ പ്രകടമാകുന്നു. ഇത്തരം കുട്ടികളെ കൗൺസിലിംഗിനോ ആവശ്യം വരുന്നെങ്കിൽ മനോരോഗ വിദഗ്ദന്റെ സഹായമോ തേടണം.

എടുത്തു പറയേണ്ട മറ്റൊരു കാര്യം കോവിഡും മറ്റും സൃഷ്ടിച്ച പ്രത്യാഘാതങ്ങളിൽ ഒന്ന് മനുഷ്യർ ആത്മീയതയിൽ നിന്നും അൽപം അകന്നുപോയി എന്നതാണ്. ആരാധനാലയങ്ങളിൽ പോകാൻ കഴിയാതിരുന്നതും സാമ്പത്തികവും ആരോഗ്യകരവുമായ പ്രതിസന്ധികൾ ഉണ്ടായതുമെല്ലാം ഇതിനു കാരണമായിത്തീർന്നിട്ടുണ്ട്. പലരിലും പള്ളിയിൽ പോകാൻ മടിയും പ്രാർത്ഥിക്കുന്നതിൽ അലസതയും വന്നിട്ടുണ്ട്. അത് പലരുടെയും സ്വഭാവത്തിലും ജീവിതരീതിയിലും പ്രതിഫലിച്ചു തുടങ്ങിയിട്ടുമുണ്ട്. അതു നാം തിരിച്ചറിയണം. കോവിഡാനന്തര കാലഘട്ടത്തിൽ; നാം നമുക്ക് കൈമോശം വന്ന ആത്മീയത തിരിച്ചു പിടിക്കാൻ പരിശ്രമിച്ചേ മതിയാകൂ.. ●


# ദമ്പതി ധ്യാനം

**ആലപ്പുഴ പുന്നപ്ര ഐ.എം.എസ് ധ്യാനഭവനിൽ എല്ലാമാസവും അവസാന ശനിയാഴ്ചയ്ക്ക് മുമ്പുള്ള തിങ്കളാഴ്ച വൈകിട്ട് 5 മണിക്ക് ആരംഭിച്ച് ശനിയാഴ്ച രാവിലെ 9 മണിക്ക് അവസാനിക്കുന്നു.**





**നേതൃത്വം .ഫാ. പ്രശാന്ത് . ഐ.എം.എസ് . & ടീം.**

**സുപ്പീരിയർ**
**ഫാ. സഞ്ജയ് .ഐ.എം.എസ്**

***NB : ആറ് (6) വയസ്സിൽ താഴെയുള്ള കുട്ടികളെ കൊണ്ടുവരാവുന്നതാണ്***

**ധ്യാനം ബുക്ക് ചെയ്യാൻ ബന്ധപ്പെടേണ്ട ഫോൺ. 9895559302**






# കുടുംബം ബൈബിളിൽ

റവ. ഫാ. ജോഷി മയ്യാറ്റിൽ

ഏറെ യാഥാർത്ഥ്യബോധത്തോടുകൂടെയാണ് വിശുദ്ധഗ്രന്ഥം കുടുംബജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. സന്തോഷ - സന്താപങ്ങളും ജയാപചയങ്ങളും ആധിയും ആശ്വാസവും എല്ലാമെല്ലാം ആ ക്യാൻവാസിൽ മാറി മാറി തെളിയുന്നതുകാണാം. പിതൃ - മാതൃത്വങ്ങൾക്കും, ഭർതൃ - ഭാര്യാത്വങ്ങൾക്കും, പുത്രീ - പുത്രത്വങ്ങൾക്കും ജ്യാമാതൃത്വങ്ങൾക്കും ബാല്യ - കൗമാര - യൗവ്വന - വാർദ്ധക്യങ്ങൾക്കും സുന്ദര മാതൃകകളായി ഉയർത്തിക്കാട്ടാവുന്ന ഉജ്ജ്വലോദാഹരണ ങ്ങൾ അവിടെ ഏറെയുണ്ട്. ഒപ്പം തന്നെ, 'ഒരിക്കലും എന്നെപ്പോലെയാവല്ലേ' എന്നു മൗനമായി വിളിച്ചുപറയുന്ന കഥാപാത്രങ്ങളെയും അവിടെ കാണാം. വിസ്താര ഭയത്താൽ ബൈബിളിലെ ഏതാനും കുടുംബങ്ങളെ മാത്രമേ ഇവിടെ അപഗ്രഥനം ചെയ്യാൻ തുനിയുന്നുള്ളൂ.

## പഴയനിയമ ഭവനങ്ങളിലൂടെ ഒരു തീർത്ഥയാത്ര

### പൂർവ്വ പിതാക്കന്മാരുടെ ഭവനങ്ങൾ

### ആദിഗേഹം

ദൈവത്തിന്റെ കരംപിടിച്ച് തോട്ടത്തിൽ ഉലാത്തുന്ന ആദിമാതാപിതാക്കളുടെ ചിത്രം എത്ര സുന്ദരമാണ്! കുടുംബത്തെക്കുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നചിത്രമാണത്. സ്നേഹം തന്നെയായ ദൈവത്തിനുചുറ്റും പരസ്പര ധാരണയിലും കരുതലിലും ശാന്തിയിലും വളരുന്ന കുടുംബം! എന്നാൽ, എല്ലാം തകർന്നത് നിമിഷനേരം കൊണ്ടാണ്!! ഹവ്വായുടെ കണ്ണഞ്ചിപ്പിച്ച പഴം അവരുടെ കണ്ണുതുറന്നത്രേ. സ്വയം നഗ്നരെന്ന് തിരിച്ചറിഞ്ഞു മരത്തിന്റെ മറവിലൊളിക്കുന്ന ആദിമനുഷ്യൻ. ലയനവും സമഗ്രതയും

നഷ്ടപ്പെട്ടവർ തമ്മിൽ പിന്നെ കുറ്റപ്പെടുത്തലായി. "എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും (ഉത്പ. 2:23) എന്നു ഹവ്വയെ വിശേഷിപ്പിച്ച ആദം ഇപ്പോൾ പറയുന്നു: അങ്ങ് എനിക്കു കൂട്ടിനു തന്ന സ്ത്രീ....." (ഉത്പ. 3:12)

തകർന്ന കുടുംബത്തിനു ദൈവം ഉടൻ തന്നെ ആശ്വാസത്തിന്റെ സദ്വാർത്ത നൽകി. യേശു ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള ആദ്യത്തെ വാഗ്ദാനം (ഉത്പ. 3:15) പക്ഷേ, മാതാപിതാക്കളുടെ വീഴ്ച സാംക്രമികമാണന്നു കാലം തെളിയിച്ചു. സോദരന്റെ "കാവൽക്കാരനാ"കേണ്ട (4:9) കായേൻ ഭ്രാതൃഘാതകനായി. ലാമെക്കിന്റെ കൊലവിളിയോളം അതു വളർന്നു........(ഉത്പ. 4:24).

## നോഹാസദൻ

ദൈവത്തോടൊപ്പം നടന്ന നോഹയ്ക്ക് (ഉൽ 6:9) ദൈവം തന്നെ ഭരമേല്പിച്ച കർത്തവ്യത്തിൽ ഭാര്യയെയും മക്കളെയും മരുമക്കളെയും, എന്നല്ല, ഭൂമിയിലെ സകലജീവജാലങ്ങളെയും പങ്കാളികളാക്കാൻ കഴിഞ്ഞു (ഉത്പ. 7:13, 14). പിതാവിന്റെ വിശ്വാസം കുടുംബത്തിനു മുഴുവൻ അനുഗ്രഹദായകമായി: "നോഹയെയും പുത്രന്മാരെയും അനുഗ്രഹിച്ചു കൊണ്ടു ദൈവം പറഞ്ഞു: 'സന്താന പുഷ്ടിയുണ്ടായി, പെരുകി, ഭൂമിനിറയുക' "(ഉത്പ. 9:1). ദൈവത്തിന്റെ ഉടമ്പടിക്കു പാത്രമാകാൻ ആ കുടുംബത്തിനു കഴിഞ്ഞു (ഉത്പ. 9:8). എങ്കിലും പുത്രരിൽ ഒരുവൻ ശപ്തനായിത്തീർന്നു, അപ്പന്റെ മദ്യപാനാസക്തിയുടെ ഇരയെന്നോണം. (ഉത്പ. 9:18-27)!

## അബ്രാഹം ഭവൻ


### അബ്രാഹം

തന്റെയും തന്റെ കുടുംബത്തിന്റെയും ജീവിതം ദൈവവചനത്തിനു മുന്നിൽ പണയപ്പെടുത്തിയ മനുഷ്യനാണ് അബ്രാഹം. പക്ഷേ, ആ 'വിശ്വാസത്തിന്റെ ചൂതാട്ടം' നൂറുശതമാനവും ഗുണപ്രദമെന്ന് കാലം തെളിയിച്ചു. നീതിമാൻ വിശ്വാസംമൂലം ജീവിച്ചു! എല്ലാം വിട്ടെറിഞ്ഞ് പുറപ്പാടുനടത്താനുള്ള ദൈവിക കല്പന ശിരസ്സാവഹിച്ച അബ്രാഹം "ആദ്യം ദൈവത്തിന്റെ രാജ്യവും അവിടത്തെ നീതിയും " തേടുന്നവരുടെ (മത്താ. 6:33) മുൻഗാമിയായി. ദൈവവചനത്തിന്റെ പായ്ക്കപ്പലിൽ ശങ്കയില്ലാതെ പുറപ്പാടു നടത്തുന്നവർക്ക് ഒരിക്കലും ഒന്നിനും കുറവുണ്ടാവുകയില്ല. നീ 25 വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നെങ്കിലും വാഗ്ദത്തപുത്രൻ ജനിക്കുകതന്നെ ചെയ്തു. ഇസഹാക്കിനെ ബലിയർപ്പിക്കാനുള്ള കല്പന അബ്രാഹത്തിനൊരു അഗ്നിപരീക്ഷണമായിരുന്നു. ദൈവം ഒരുവനേയുള്ളൂവെന്നും അവിടുന്നല്ലാതെ മറ്റൊരു ദൈവം ഇല്ലെന്നും ഹൃദയവേദനയോടെ ഏറ്റു പറയാനുള്ള അവസരം. ആ പരീക്ഷണം വിജയിച്ചപ്പോൾ അബ്രാഹമിന് എല്ലാം കിട്ടി, സ്വന്തം മകനെയും! മക്കൾ ദൈവത്തിന്റേതാണെന്നും മാതാപിതാക്കൾ സൂക്ഷിപ്പുകാർ മാത്രമാണെന്നുമുള്ള സത്യം ഇനിയും പലരും തിരിച്ചറിയേണ്ടിയിരിക്കുന്നു.



നല്ലൊരു 'അങ്കിൾ' കൂടിയാണ് അബ്രാഹം. സഹോദരപുത്രൻ ലോത്തിനെയും പുറപ്പാടിൽ കൂടെക്കൂട്ടാൻ അദ്ദേഹം തയ്യാറായി. പിന്നീട് സമ്പത്സമൃദ്ധിയുടെ കാലത്ത് അബ്രാഹത്തിന്റെയും ലോത്തിന്റെയും ദാസന്മാർക്കിടയിൽ പ്രശ്നമുണ്ടായപ്പോൾ അബ്രാഹം സ്വീകരിച്ച നിലപാടു ശ്രദ്ധേയമാണ്: "നമ്മൾ തമ്മിലും നമ്മുടെ ഇടയൻമാർ തമ്മിലും കലഹമുണ്ടാകരുത്. കാരണം, നമ്മൾ സഹോദരന്മാരാണ്. ഇതാ! ദേശമെല്ലാം നിന്റെ കൺമുമ്പിലുണ്ടല്ലോ. എന്നെപ്പിരിഞ്ഞുപോവുക. ഇടതുഭാഗമാണ് നിനക്കു വേണ്ടതെങ്കിൽ ഞാൻ വലത്തേക്ക് പൊയ്ക്കൊള്ളാം. വലത്തു ഭാഗമാണ് നിനക്കു ഇഷ്ടമെങ്കിൽ ഞാൻ ഇടത്തേക്കു പൊയ്ക്കൊള്ളാം (ഉത്പ. 13:8-9)5. ഭാഗം വയ്ക്കാൻ മനസ്സില്ലാത്തതുകൊണ്ടും നല്ല ഭാഗം മനസ്സിലുള്ളതുകൊണ്ടും എത്രയെത്ര കുടുംബങ്ങളും വ്യക്തികളുമാണ് വഴക്കിലും വക്കാണത്തിലും കഴിയുന്നത്.

നാലു രാജാക്കന്മാർ ഒത്തുചേർന്നു ലോത്തിനെ ആക്രമിച്ചു തടവുകാരനാക്കിയപ്പോൾ



അബ്രാഹം ബന്ധുവിനെ മോചിപ്പിക്കാനായി സൈന്യത്തെ സംഘടിപ്പിച്ച് യുദ്ധംചെയ്തു (ഉത്പ. 14:1-16). ലോത്തിന്റെ സോദോം പട്ടണത്തെ ദൈവ കോപത്തിൽ നിന്നു രക്ഷിക്കാൻ ദൈവവുമായി അബ്രാഹം നടത്തുന്ന വിലപേശൽ - പ്രാർത്ഥന - ഏറെ പ്രശസ്തമാണല്ലോ (ഉത്പ. 18:16-33).

ഇതൊക്കെയാണെങ്കിലും അബ്രാഹത്തിന്റെ കുടുംബത്തിലും ഒരു കരിനിഴൽ കാണാം. വാഗ്ദത്ത പുത്രനുവേണ്ടിയുള്ള കാത്തിരിപ്പ് 10 വർഷങ്ങൾ നീണ്ടപ്പോൾ സാറായുടെ വാക്കുകേട്ട് കുടുംബത്തിന്റെ പ്രശ്നപരിഹാരത്തിന് അബ്രാഹം സ്വയം ഇറങ്ങിപ്പുറപ്പെട്ടതിന്റെ ഫലമാണ് ഇസ്മായേൽ. 'കാട്ടുകഴുതയ്ക്കൊത്ത മനുഷ്യനെ' സൃഷ്ടിച്ചവൻ എന്ന അപഖ്യാതി അബ്രാഹമിനെ എന്നും പിന്തുടരും.

## സാറാ

സ്നേഹമുള്ള ഭാര്യയാണ് സാറാ. ഭർത്താവിനെ രക്ഷിക്കാൻ ഏത് ആപത്ഘട്ടത്തെയും അഭിമുഖീകരിക്കാൻ അവൾ തയ്യാറാവുന്നു (ഉത്പ. 12:10-20; 20:1-18). അതിഥി സത്കാര പ്രിയയാണവൾ (ഉത്പ. 18:1-15). സാറായുടെ ഏറ്റവും സവിശേഷത പുഞ്ചിരിയാണ്. തന്റെ വാർദ്ധക്യത്തിലെ മാതൃത്വത്തെക്കുറിച്ചു ദൂതന്മാർ സംസാരിക്കുന്നതു കേട്ടപ്പോൾ തന്നെ അവൾ ചിരിച്ചുപോയി (18:12). ഇസഹാക്കിന്റെ ജനന സമയത്ത് സാറാ പറയുന്നു: "എനിക്കു സന്തോഷിക്കാൻ ദൈവം വക നൽകിയിരിക്കുന്നു. ഇതു കേൾക്കുന്നവരൊക്കെ എന്നെ ചൊല്ലി ചിരിക്കും" (21:6). ഇസഹാക്ക് എന്ന പേരുതന്നെ ചിരിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ സാറ ചിരിക്കാനും ചിരിപ്പിക്കാനും കഴിവുള്ളവളാണ്. കുടുംബത്തെ സന്തോഷഭരിതമാക്കാൻ എല്ലാ "സാറാ"മാർക്കും കഴിഞ്ഞിരുന്നെങ്കിൽ!

എങ്കിലും ഹാഗാറിനെ പ്രാപിക്കാൻ അബ്രാഹത്തെ പ്രേരിപ്പിക്കുക വഴി ദൈവിക വാഗ്ദാനത്തെ അവൾ നിസ്സാരമാക്കി. ഹാഗാറിനോടും ഇസ്മായേലിനൊടുമുള്ള പിന്നീടുള്ള അവളുടെ നിലപാട് അംഗീകരിക്കാൻ നമുക്കു കഴിയില്ലതന്നെ.

## ഇസഹാക്ക്

അനുസരണത്തിന്റേയും വിധേയത്വത്തിന്റേയും മാതൃകയായ ഇസഹാക്ക് ക്രിസ്തുവിന്റെ പ്രതിരൂപമായിമാറി (ഉത്പ. 22). ബലിയിലും റബേക്കാ പരിണയത്തിലും ഇസഹാക്കിന്റെ വിധേയത്വവും അനുസരണവും ഏറെ വ്യക്തമാണ്.

# ഇസഹാക്ക് വില്ല

ഈ വീട്ടിലെ അവസ്ഥ, സത്യം പറഞ്ഞാൽ, വിചിത്രമാണ്. ഇരട്ടക്കുഞ്ഞുങ്ങൾ, ഇസഹാക്കിനു പ്രിയപ്പെട്ടവൻ ലേശം മൂത്തവനായ ഏസാവുതന്നെ. റബേക്കയ്ക്കു പ്രിയങ്കരൻ ശാന്തനായ യാക്കോബും. കുടുംബത്തിൽ മക്കളെ പകുത്ത് പക്ഷത്താക്കുന്ന മാതാപിതാക്കളുടെ പ്രവണത അത്ര ആരോഗ്യകരമല്ലെന്ന് ഇസഹാക്ക്വില്ലയിലെ അനുഭവങ്ങൾ തെളിയിക്കുന്നു.

ആദ്യജാതന്റെ അനുഗ്രഹത്തെ അത്ര വലിയ കാര്യമായിട്ടൊന്നും ഏസാവിനു തോന്നിയില്ല. ദൈവത്തെ കാര്യമായെടുക്കാത്തവൻ എന്നേ ഏസാവിനെക്കുറിച്ച് നമുക്ക് പറയാനാവൂ. ഒരു പാത്രം പായസത്തിനു കടിഞ്ഞൂൽ പുത്രാവകാശം വില്ക്കാൻ മാത്രം ലാഘവ ബുദ്ധിയാണവൻ. യാക്കോബാകട്ടെ, അനുഗ്രഹത്തെ വിലമതിച്ചവനും. അനുഗ്രഹസിദ്ധിക്ക് അവലംബിച്ച മാർഗ്ഗത്തെ ശ്ലാഘിക്കാനാ

വില്ലെങ്കിലും അനുഗ്രഹത്തിനു യോഗ്യൻ അവൻ തന്നെ എന്നാണ് നമ്മുടെ വിലയിരുത്തൽ.

ജ്യേഷ്ഠനെ ചതിച്ച യാക്കോബിനു ജീവിതത്തിൽ ചതിയുടെ അനുഭവങ്ങൾ പലത് ഏറ്റുവാങ്ങേണ്ടിവന്നുവെന്ന കാര്യം പ്രത്യേകം സ്മരണീയമാണ്. റാഹേലിനെ പ്രണയിച്ച യാക്കോബിനു വധുവായി ലഭിച്ചതു ലിയയെ (ഉത്പ. 28:17). ലാബാന്റെ ചതി! തന്റെ ഇഷ്ടപുത്രൻ ജോസഫ് വന്യമൃഗങ്ങൾക്കിരയായെന്ന അസത്യവാർത്തയിലൂടെ സ്വന്തം മക്കളും ഏറെനാൾ അദ്ദേഹത്തെ ചതിച്ചു!!

എന്തൊക്കെയായാലും ഏസാവ് - യാക്കോബ് കഥയുടെ ശുഭാന്തം നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. ഏസാവിനോടു ചെയ്ത അപരാധത്തിനു പരിഹാരം ചെയ്തും മാപ്പുചോദിച്ചും സമ്മാനങ്ങൾ നല്കിയും യാക്കോബ് സഹോദരനുമായി രമ്യപ്പെട്ടു (ഉത്പ. 32:14-22; 33:1-11). പ്രശ്നങ്ങളൊന്നുമില്ലെങ്കിലും ദുരഭിമാനം കൊണ്ടുമാത്രം രമ്യതയിലാകാത്ത എത്രയെത്ര സഹോദരങ്ങൾ ഇന്നും നമ്മുടെ ഇടയിലുണ്ട്! വീർപ്പിച്ച മുഖവുമായി കുഴിയിലേക്കിറങ്ങാൻ കാത്തിരിക്കുന്നവർ!!!

## യാക്കോബ് ആൻഡ് സൺസ്

എണ്ണത്തിൽ കുറവല്ലാത്ത മക്കൾ പ്രശ്നത്തിലും പിറകിലല്ലായിരുന്നു. ഒന്നിനൊന്നു വ്യത്യസ്തരായ മക്കൾ! ശിമയോനും ലേവിയും പ്രതികാര ദാഹികളും സിക്കെംകാരുടെ ഘാതകരുമാണ് (ഉത്പ. 34). റൂബൻ മാതൃസ്ഥാനീയുമായി കിടപ്പറപങ്കിട്ടവനാണ് (ഉത്പ. 35:21). മരുമകളോടുള്ള നിയമപരമായ ഉത്തരവാദിത്വം നിറവേറ്റാൻ കൂട്ടാക്കാതിരുന്ന യൂദാ ഒടുവിൽ അതിനു നിർബന്ധിതനായി ത്തീർന്നു (ഉത്പ. 38). ജോസഫിനെ തങ്ങളിൽ നിന്നൊഴിവാക്കാൻ സഹോദരന്മാർക്ക് യാതൊരു മനഃസാക്ഷിക്കടിയും ഉണ്ടായിരുന്നില്ല. വൃദ്ധനായ പിതാവിനെ തെറ്റിദ്ധരിപ്പിക്കാനും യാതൊരു ചങ്കുളുപ്പും അവർക്കു തോന്നിയില്ല (ഉത്പ. 37).

സഹോദരന്മാരിൽ നിന്നു വ്യത്യസ്തനായി ജോസഫ് നീതിമാനും ക്ഷമാശീലനും ദൈവഭയമുള്ളവനുമായിരുന്നു. "കർത്താവ് അവന്റെ കൂടെ ഉണ്ടായിരുന്നു" എന്ന് വി.ഗ്രന്ഥകാരൻ ആവർത്തിച്ചാവർത്തിച്ചു കുറിച്ചുവച്ചിരിക്കുന്നു (ഉത്പ. 39:3, 21, 23). പൊത്തിഫാറിന്റെ ഭാര്യയുടെ പ്രലോഭനത്തെ അദ്ദേഹം വിജയകരമായി ചെറുത്തുനിന്നതിനും കാരാഗൃഹവാസക്കാലം അനുഗ്രഹപ്രദമായി പര്യവസാനിച്ചതിനും പിന്നീടുണ്ടായ ഉയർച്ചകൾക്കും മറ്റൊരു കാരണവും ഇല്ലതന്നെ. ക്ഷമിക്കുന്ന സ്നേഹത്തിന്റെ തിളങ്ങുന്ന മാതൃകയാണ് ജോസഫ്. സ്വന്തം ജീവിതത്തിലെ ക്ലേശപൂർണ്ണങ്ങളായ അനുഭവങ്ങളെയെല്ലാം ദൈവിക പദ്ധതിയുടെ ഫ്രെയിമിലൂടെ നോക്കികാണാൻ അദ്ദേഹത്തിനു കഴിഞ്ഞു. കയ്പ് അയവിറക്കി കയ്പാകുന്നതിനെക്കാൾ എത്രയോ നല്ലതാണ് മധുരം കണ്ടെത്തി നുണഞ്ഞു മധുരമാകുന്നത്!

## മോശ



പഴയനിയമത്തിലെ ഈ സൂപ്പർ താരത്തിന്റെ കുടുംബജീവിതത്തിൽ എടുത്തു പറയത്തക്കതായുള്ളത് തന്റെ അമ്മാവൻ ജെത്രോയുമായുള്ള മോശയുടെ ബന്ധമാണ്. ഇസ്രായേല്യരെ ഈജിപ്തിൽ നിന്നു മോചിപ്പിച്ചശേഷം പുറപ്പാടുകാലത്ത് മോശ ജെത്രോയെ കണ്ടുമുട്ടുന്ന രംഗം വലിയൊരു ആത്മീയോത്സവമായിരുന്നെന്നു പറയാം (പുറ 18:9-12). ന്യായാധിപന്മാരെ നിയമിക്കാൻ മോശയ്ക്ക് ഉപദേശം നല്കിയത് അദ്ദേഹമാണ് (18:13-27) ഇസ്രായേൽ ജനത്തെ മരുഭൂമിയിലൂടെ നയിക്കാനുള്ള ഉത്തരവാദിത്വവും ജെത്രോ ഏറ്റെടുക്കുന്നു (സംഖ്യ 10:29-32). അമ്മായിയപ്പനും തന്നാലായത്!

## റൂത്ത്

അമ്മായിയമ്മയോടുള്ള മരുമകളുടെ സ്നേഹത്തിന് ഉത്തമോദാഹരണമാണ് ഈ മൊവാബ്യ സ്ത്രീ. റൂത്തിന്റെ ഭർത്താവിന്റെ മരണ ശേഷം മരുമകളെ അവളുടെ വീട്ടിലേക്കു പൊയ്ക്കൊ

ള്ളാൻ നവോമി ഏറെ നിർബന്ധിച്ചെങ്കിലും അമ്മായിയമ്മയ്ക്കു താങ്ങും തുണയും ആകാൻ റൂത്ത് തീരുമാനിച്ചുറപ്പിച്ചിരുന്നു. അവൾ പറഞ്ഞു: "അമ്മയെ ഉപേക്ഷിക്കാനോ കൂടെപ്പോകാതിരിക്കാനോ എന്നോടു പറയരുത്. അമ്മ പോകുന്നിടത്തു ഞാനും വരും; അമ്മ വസിക്കുന്നിടത്തു ഞാനും വസിക്കും. അമ്മയുടെ ചാർച്ചക്കാർ എന്റെ ചാർച്ചക്കാരും അമ്മയുടെ ദൈവം എന്റെ ദൈവവുമായിരിക്കും; അമ്മ മരിക്കുന്നിടത്ത് ഞാനും മരിച്ച് അടക്കപ്പെടും" (റൂത്ത് 1:16, 17). വൃദ്ധസദനങ്ങളിൽ അമ്മായിയമ്മമാരെ തള്ളാൻ തത്രപ്പെടുന്ന സൊസൈറ്റിലേഡികൾക്ക് ഈ വിജാതീയസ്ത്രീ ഒരത്ഭുതമായിരിക്കും.

ദൈവം അവളെ എങ്ങനെ അനുഗ്രഹിച്ചു എന്ന് റൂത്തിന്റെ പുസ്തകം തുടർന്നു വായിച്ചാൽ മനസ്സിലാകും. നവോമിയോടുള്ള ആദരവും സ്നേഹവും ബന്ധുവായ ബൊവാസിന് റൂത്തിൽ അതിയായ മതിപ്പുളവാക്കി. അവൻ അവളെ പരിഗ്രഹിച്ചു (റൂത്ത് 2:11-12; 4:1-17). അങ്ങനെ റൂത്ത് രക്ഷാകര ചരിത്രത്തിൽ ചെറുതല്ലാത്ത സ്ഥാനവും കൈക്കലാക്കി.

## ദാവീദ്

രാജ്യത്തിന്റെ മഹത്തായ വിജയവും കുടുംബത്തിൽ മഹാപരാജയവും കൈവരിച്ച രാജാവാണു ദാവീദ്. വിഷയതാല്പര്യവും (1സാമു. 18:20; 25:39, 43; 2സാമു 3:2-5) ശിക്ഷണ രഹിതമായ പുത്രവാത്സല്യവുമാണ് ദാവീദിന്റെ കുടുംബത്തിലെ പരാജയങ്ങളുടെ അടിസ്ഥാനകാരണങ്ങളെന്നു കണ്ടെത്താൻ പ്രയാസമില്ല.

മക്കളിൽ നിന്നാണ് ഏറ്റവും കൂടുതൽ ക്ലേശങ്ങൾ ദാവീദിനുണ്ടായത്. അമ്നോന്റെ തെറ്റായ ചെയ്തികളെ കണ്ടില്ലെന്നു നടിച്ച ദാവീദ് (2സാമു. 13:21) അതിന് ഒടുക്കേണ്ടിവന്ന പിഴ വളരെ വലുതായിരുന്നു. അബ്സലോമിന്റെ വിപ്ലവത്തിനു വിത്തുപാകിയത് യഥാർത്ഥത്തിൽ ഈ അനാസ്ഥയായിരുന്നു (2സാമു. 13:23-29). ഒരിക്കൽ ഒളിച്ചുപോയ അബ്സലോമിനോടു പൂർണ്ണമായും ക്ഷമിച്ച ദാവീദ്, പക്ഷേ, അബ്സലോമിന്റെ നീക്കങ്ങളെ വേണ്ടത്ര നിരീക്ഷിച്ചില്ല. ജനത്തിൽ നല്ലൊരു ഭാഗവും ദാവീദിനെതിരായി. എന്നിട്ടും അന്ധമായ പുത്രസ്നേഹം അദ്ദേഹം കൈവിട്ടില്ല. ഒടുവിലത്തെ നിർണ്ണായക യുദ്ധനിമിഷങ്ങളിലും ദാവീദിന്റെ ഏക വ്യഗ്രത അബ്സലോമിന്റെ ജീവനെക്കുറിച്ചായിരുന്നു. "യുവാവായ അബ്സലോമിനോട് എന്നെപ്രതി മയമായി പെരുമാറുക" (2സാമു 18:5) എന്നതായിരുന്നു യുദ്ധനേരത്തെ രാജാവിന്റെ ഏകകല്പന! യുദ്ധം കഴിഞ്ഞപ്പോൾ ദാവീദിന്റെ ഏക ചോദ്യവും തത്സംബന്ധിയായിരുന്നു: "അബ്സലോം കുമാരൻ സുഖമായിരിക്കുന്നുവോ?" (2സാമു 18:29). രാജകുമാരൻ വധിക്കപ്പെട്ട വാർത്ത ദാവീദു രാജാവിനെ തളർത്തിക്കളഞ്ഞു: "എന്റെ മകനേ, അബ്സലോമേ, എന്റെ മകനേ, എന്റെ മകനേ, അബുസലോമേ, നിനക്കു പകരം ഞാൻ മരിച്ചിരുന്നെങ്കിൽ!" (2സാമു 18:33). അബ്സലോമിനു ശേഷം ദാവീദിനു തലവേദനയായത് മകൻ അദോണിയ ആയിരുന്നു. സ്വന്തമായി ഭടന്മാരെയും യുദ്ധസന്നാഹങ്ങളെയും ഒരുക്കിയ അദോണിയയെ ചോദ്യംചെയ്യാനോ ശാസിക്കാനോ ഒരിക്കലും ദാവീദ് തുനിഞ്ഞില്ല (1രാജാ 1:5-6). സോളമൻ രാജാവായി ഭരമേറ്റശേഷം സഹോദരനായ അദോണിയയെ വിധിച്ച് കിരീടം സുരക്ഷിതമാക്കി. പിതാവിനെക്കാൾ പതിന്മടങ്ങു വിഷയ ലമ്പടനായിരുന്നു സോളമൻ. സത്യവിശ്വാസത്തിൽ നിന്നു വ്യതിചലിക്കാൻ ഇതിടയാക്കി. തന്റെ മഹാവിജ്ഞാനവും സമ്പദ്സമൃദ്ധിയും സോളമന് ആത്യന്തികമായി പ്രയോജനപ്പെട്ടോ എന്ന ചോദ്യം പ്രസക്തമാണ്.

## തോബിത്ത്



കുടുംബബന്ധങ്ങളുടെ ആർദ്രമായ ആവിഷ്കാരം കൊണ്ടു ധന്യമായ ഗ്രന്ഥമാണ് തോബിത്ത്.

പരസ്നേഹത്താൽ ജീവിതം ധന്യമാക്കിയ തോബിത്ത് താൻ മരണത്തിന്റെ വക്കിലെത്തിയെന്നു തോന്നിയപ്പോൾ പുത്രനെ വിളിച്ച് ദൂരെയുള്ള സുഹൃത്തിന്റെ പക്കലേക്കു തന്റെ പണം തിരികെ വാങ്ങാനായി അയയ്ക്കുമ്പോൾ നടത്തുന്ന സംഭാഷണം ശ്രദ്ധേയമാണ്. നിന്റെ അമ്മയുടെ കാര്യം ഒരിക്കലും മറക്കരുത്. ജീവിതകാലം മുഴുവൻ അവളെ ആദരി

ക്കണം. അമ്മയുടെ ഹിതം നോക്കണം. ഒരിക്കലും അവളെ വേദനിപ്പിക്കരുത്. മകനേ, നിന്നെ ഉദരത്തിൽ വഹിക്കുന്ന കാലത്ത് അവൾ നിനക്കു വേണ്ടി വളരെ അപകടങ്ങളെ നേരിട്ടുവെന്ന് ഓർക്കണം..... മകനേ, ജീവിതകാലം മുഴുവൻ നമ്മുടെ ദൈവമായ കർത്താവിനെ ഓർക്കുക.... നിന്റെ പ്രവൃത്തികൾ സത്യനിഷ്ഠമായിരുന്നാൽ, എല്ലാ ചെയ്തികളിലും നിനക്ക് ഐശ്വര്യം കൈ വരും.... ദാനധർമ്മം ചെയ്യുന്നതിൽ മടി കാണിക്കരുത്..... അലസത നാശത്തിനും പട്ടിണിക്കും നിദാനമേകുന്നു.... വേല ചെയ്യുന്നവന്റെ കൂലി പിറ്റേ ദിവസത്തേക്ക് നീട്ടി വയ്ക്കരുത്.... നിനക്ക് അഹിതമായത് അപരരോടും ചെയ്യരുത്...ഉന്മത്തത ശീലമാക്കരുത്..... വിവേകമുള്ള ഏതൊരുവനിലും നിന്ന് ഉപദേശം തേടുക... നിനക്കു ദൈവത്തോടു ഭക്തി ഉണ്ടായിരിക്കുകയും, നീ പാപത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയും, അവിടത്തേയ്ക്ക് പ്രീതികരമായത് അനുഷ്ഠിക്കുകയും ചെയ്താൽ നിനക്കു വലിയ സമ്പത്ത് കൈവരും" (തോബിത്ത് 4:3-21).

തോബിത്തിന്റെ ഭാര്യയായ അന്നയുടെ വാക്കുകൾ അവളുടെ ശ്രേഷ്ഠത വെളിപ്പെടുത്തുന്നു: "നമ്മുടെ കുഞ്ഞിനെ എന്തിനാണ് ഇങ്ങനെ ദൂരെ അയച്ചത്? നമുക്ക് അവൻ താങ്ങായിരുന്നില്ലേ? പണമല്ല പ്രദാനം അതു നമ്മുടെ മകനെക്കാൾ വിലപ്പെട്ടതുമല്ല. കർത്താവ് തന്ന ജീവിതസൗകര്യങ്ങൾ കൊണ്ട് തൃപ്തിപ്പെട്ടുകൂടെ?" (തോബിത്ത് 5:17-20).

പിശാചിനാൽ താനും വധിക്കപ്പെടുമോ എന്ന ഭയത്താൽ ബന്ധുവായ സാറായെ ഭാര്യയായി സ്വീകരിക്കാൻ തോബിയാസ് മടികാണിച്ചപ്പോൾ റാഫേൽ മാലാഖ നടത്തുന്ന അതിസുന്ദരമായ ഒരു 'പ്രി-കാനാ കോഴ്സ്' ലത്തീൻ പരിഭാഷയായ വുൾഗാത്തയിൽ കാണാം: "കേൾക്കുക, പിശാചുവിജയം നേടുന്നത് ആരുടെ മേലാണെന്നു ഞാൻ നിന്നെ കാണിച്ചുതരാം. വിവാഹത്തിൽ തങ്ങളുടെ വികാരങ്ങളിൽനിന്നു ദൈവത്തെ പുറംതള്ളുകയും കുതിരയെയോ കോവർകഴുതയെയോ പോലെ സുബോധമില്ലാതെ തങ്ങളെ ത്തന്നെ തങ്ങളുടെ ജന്മവാസനകൾക്ക് വിട്ടുകൊടുക്കുകയും ചെയ്യുന്നവരെയാണ് പിശാച് കീഴടക്കുന്നത്. നീയാകട്ടെ അവളെ വിവാഹം ചെയ്യുമ്പോൾ മൂന്നു ദിനരാത്രങ്ങൾ വിരക്തിപാലിക്കുകയും അവളോടൊപ്പം പ്രാർത്ഥിക്കുകയും വേണം". വിവാഹരാത്രിയിൽ തോബിയാസ് ഇങ്ങനെ പ്രാർത്ഥിച്ചു: "കർത്താവേ, ഞാൻ ഇവളെ സ്വീകരിക്കുന്നതു ജഡികമായ അഭിലാഷത്താലല്ല, നിഷ്കളങ്കമായ സ്നേഹത്താലാണ്. അങ്ങയുടെ കാരുണ്യം എനിക്ക് ഉണ്ടാകണമേ! ഇവളോടൊത്തു വാർദ്ധക്യത്തിലെത്തുന്നതിന് അവിടുന്ന് അനുഗ്രഹിച്ചാലും" (തോബിത്ത് 8:7). അവൾ 'ആമേൻ' എന്ന് ഏറ്റുപറഞ്ഞു.

തോബിയാസിന്റെ ഭവനത്തിലേക്ക് സാറാ പുറപ്പെടുമ്പോൾ റഗുവേൽ സാറായോടു പറഞ്ഞ വാക്കുകൾ ചിരപ്രസക്തങ്ങളാണ്: "നിന്റെ ഭർത്താവിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്കുക. അവരാണ് ഇനിമേൽ നിനക്കു മാതാപിതാക്കൾ. നിന്നെപ്പറ്റി നല്ലതുമാത്രം കേൾക്കാൻ എനിക്ക് ഇടവരട്ടെ!" (തോബിത് 10:12). അതുപോലെ തന്നെ പ്രസക്തങ്ങളാണ് തോബിയാസിനോടുള്ള എദ്നയുടെ വാക്കുകളും: "ഇതാ, ഞാൻ എന്റെ പുത്രിയെ ഭരമേല്പിക്കുന്നു അവളെ ദുഃഖിപ്പിക്കരുത്" (തോബിത് 10:12).

തോബിത് മരുമകളെ സ്വീകരിക്കുന്ന രംഗവും ഹൃദയസ്പർശിയാണ്: "മകളേ, സ്വാഗതം! നിന്നെ ഞങ്ങളുടെ അടുത്തേക്കു കൊണ്ടുവന്ന ദൈവം വാഴ്ത്തപ്പെടട്ടെ! നിന്റെ മാതാപിതാക്കൾ അനുഗൃഹീതരാണ്". കുടുംബത്തെ സ്വർഗ്ഗമാക്കാൻ ദൈവവും വധൂവരന്മാരും അവരുടെ മാതാപിതാക്കളും ഒത്തുചേർന്നു ശ്രമിച്ചാലേ സാധിക്കൂ.



## മക്കബായർ

ഹെബ്രായ വിശ്വാസത്തെ തകർത്തു യവ നാചാരങ്ങൾ യഹൂദരുടെമേൽ അടിച്ചേല്പിക്കാൻ ശ്രമിച്ച അന്തിയോക്കസ് എപ്പിഫാനസ് നാലാമന്റെ മത മർദ്ദനകാലത്തു (167-164 ബി.സി.) പുരോഹിതനായി മത്താത്തിയാസും അദ്ദേഹത്തിന്റെ മക്കളും ഇസ്രായേ ലിന്റെ മതസ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി. മരണ നേരത്തു മക്കളെ ദൈവഭക്തിയിലും നിയമനിഷ്ഠ യിലും ഉറപ്പിച്ചു നിറുത്താനുള്ള മത്താത്തിയാസ്സിന്റെ ശ്രമങ്ങൾ ആരിലും ആദരവുളവാക്കും (1മക്ക 2:49-58).

ഏറെ നാടകീയമാണ് ഒരമ്മയുടെയും ഏഴു മക്കളുടെയും രക്തസാക്ഷിത്വം. ഓരോ പുത്രനും ക്രൂരമായി വധിക്കപ്പെടുന്നതു നോക്കിനില്ക്കേണ്ടി വന്ന ആ മാതാവ് "പിതാക്കന്മാരുടെ ഭാഷയിൽ അവ രോരുത്തരെയും ധൈര്യപ്പെടുത്തി" (2മക്ക 7:21). ഏറ്റവും ഇളയവനെ അവൾ ഇങ്ങനെ ധൈര്യപ്പെടുത്തി: "മകനേ, എന്നോടു ദയ കാണിക്കുക. ഒൻപതുമാസം ഞാൻ നിന്നെ ഗർഭത്തിൽ വഹിച്ചു. മൂന്നുകൊല്ലം മുലയൂട്ടി, നിന്നെ ഇന്നുവരെ പോറ്റി വളർത്തി. മകനേ, ഞാൻ യാചിക്കുന്നു, ആകാശത്തെയും ഭൂമിയെയും നോക്കുക. അവയിലുള്ള ഓരോന്നും കാണുക, ഉണ്ടായിരുന്നവയിൽ നിന്നല്ല ദൈവം അവയെ സൃഷ്ടിച്ചതെന്നു മനസ്സിലാക്കുക. മനുഷ്യനും അതു പോലെയാണ് സൃഷ്ടിക്കപ്പെട്ടത്. ഈ കശാപ്പുകാരനെ ഭയപ്പെടേണ്ട. സഹോദരന്മാർക്കു യോജിച്ചവനാണു നീ എന്നു തെളിയിക്കുക, മരണം വരിക്കുക. ദൈവകൃപ യാൽ നിന്റെ സഹോദരന്മാരോടൊത്ത് എനിക്കു നിന്നെ വീണ്ടും ലഭിക്കാനിടയാകട്ടെ!" (2 മക്ക 7:28, 29).

## ജോബ്

ഒരു മാതൃകാ പിതാവിനെയും ഇരുത്തം വന്നിട്ടില്ലാത്ത ഒരു മാതാവിനെയും ചിത്രീകരിക്കുന്നു ഈ ഗ്രന്ഥം.

പത്തു മക്കൾക്കും കെട്ടുറപ്പുള്ള കുടുംബ ബോധം നല്കാൻ ജോബിനു കഴിഞ്ഞു. ഓരോരുത്തർ മാറിമാറി ആതിഥ്യം വഹിച്ചിരുന്നതിനാൽ നിശ്ചിത ദിവസങ്ങളിൽ എല്ലാ മക്കളും ഒന്നിച്ചു ഭക്ഷിക്കുമായി രുന്നത്രേ. അവരെ ശുദ്ധീകരിക്കാനായി ജോബ് ദഹനബലി അർപ്പിക്കുകയും ചെയ്തിരുന്നു. മക്കളുടെ ആത്മീയ കാര്യത്തിൽ ഏറെ ശുഷ്കാന്തിയുണ്ടായി രുന്ന പിതാവ്.

ജോബിന്റെ ഭാര്യയാകട്ടെ ഭർത്താവിന്റെ ആദ്ധ്യാത്മിക ധന്യതയെ തിരിച്ചറിയുകയോ അവന്റെ രോഗത്തിൽ അവനെ ആശ്വസിപ്പിക്കുകയോ



ചെയ്തില്ല. ദൈവദൂഷണം പറഞ്ഞു ജീവിതമൊടുക്കാനാണ് ഭർത്താവിനുള്ള അവളുടെ ഉപദേശം! വെറുതെയല്ല, വി. അഗസ്തിനോസ് അവളെ "പിശാചിന്റെ സഹായി" എന്നും കാൽവിൻ അവളെ "സാത്താന്റെ ഉപകരണം" എന്നും വിളിച്ചത്. അവളുടെ വിഢിത്തം ചൂണ്ടിക്കാട്ടി ജോബ് അവളെ ശകാരിക്കുകയും നന്മപോലെ തന്നെ തിന്മയും ദൈവകരങ്ങളിൽ നിന്നു സ്വീകരിക്കാൻ അവളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു (ജോബ് 2:10).

വിശ്വാസിയുടെ വേദനയാണിത്! തനിക്കേറ്റവും പ്രിയപ്പെട്ടവർ പോലും തന്റെ തിരഞ്ഞെടുപ്പുകളെ ഭ്രാന്തമായി കരുതുകയും തന്റെ ബോദ്ധ്യങ്ങളെയും മൂല്യങ്ങളെയും തള്ളിപ്പറയുകയും ചെയ്യുന്ന അവസ്ഥ!! ഒരു പക്ഷേ, വിശ്വാസിയുടെ ഏറ്റവും വലിയ അഗ്നിപരീക്ഷ ഇതാണ്.

## സങ്കീർത്തനങ്ങൾ

കുടുംബത്തെക്കുറിച്ചു സൂചനകളുള്ള സങ്കീർത്തനങ്ങൾ ഏറെയുണ്ടാവാമെങ്കിലും 127, 128, 133 എന്നീ സങ്കീർത്തനങ്ങൾ വ്യക്തമായും കുടുംബത്തെക്കുറിച്ചു പ്രതിപാദിക്കുന്നവയാണ്. സ്വപ്രയത്നങ്ങളിലെന്നതിനെക്കാൾ കർത്താവിൽ ആശ്രയം വയ്ക്കാൻ 127-ാം സങ്കീർത്തനം നമ്മോട് ആവശ്യപ്പെടുന്നു. കർത്താവിന്റെ മാർഗ്ഗത്തിൽ ചരിക്കുന്നവന്റെ കുടുംബത്തിനു ലഭിക്കുന്ന അനുഗ്രഹങ്ങളാണ് 128-ാം സങ്കീർത്തനത്തിലെ പ്രമേയം. ദൈവാനുഗ്രഹസമൃദ്ധിക്ക് അത്യന്താപേക്ഷിതമായ സഹോദരഐക്യത്തെക്കുറിച്ചു പ്രതിപാദിക്കുന്നു സങ്കീ 133.

## സുഭാഷിതങ്ങൾ, പ്രഭാഷകൻ, ജ്ഞാനം

പിതാവിന്റെയും മാതാവിന്റെയും ഉപദേശങ്ങളിൽ നിന്നാണ് മക്കൾക്ക് ജ്ഞാനം ലഭിക്കുന്നത് എന്ന യാഥാർത്ഥ്യത്തെ അടിവരയിട്ടു സ്ഥാപിക്കുന്നു സുഭാഷിതങ്ങളുടെ ഗ്രന്ഥം (സുഭാ. 1:8, 9; 6:20, 21; 4:3 ). മക്കളുടെ ശിക്ഷണത്തെക്കുറിച്ച് ഈ ഗ്രന്ഥങ്ങളിൽ ആവർത്തിച്ചുള്ള പ്രസ്താവനകളുണ്ട്. "ശൈശവത്തിൽ തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക; വാർദ്ധക്യത്തിലും അതിൽ നിന്നു വ്യതിചലിക്കുകയില്ല" (സുഭാ 22:6)14. മൂഢനായ പുത്രൻ പിതാവിനു ദുഃഖവും അമ്മയ്ക്ക് കയ്പുമാണ് (സുഭാ 7:25; പ്രഭാ 16:1-3).

ഭാര്യയോടുള്ള വിശ്വസ്തതയെക്കുറിച്ച് (സുഭാ 5:15-19) ഭർത്താവിനെ ഓർമ്മിപ്പിക്കുന്നു. "ഉത്തമയായ ഭാര്യയെ കണ്ടെത്തുന്നവൻ ഭാഗ്യവാൻ; അതു കർത്താവിന്റെ അനുഗ്രഹമാണ്" (സുഭാ 18:22; 19:14). അധർമ്മികളുടെ "ഭാര്യമാർ ബുദ്ധിശൂന്യകളും മക്കൾ ദുർമാർഗ്ഗികളും" ആണത്രേ (ജ്ഞാനം 3:12).

ഉത്തമഭാര്യയെക്കുറിച്ച് ഏറെ നീണ്ട പ്രതിപാദനങ്ങൾ സുഭാ 31:10-31 ലും പ്രഭാ 26:1-16 ലും കാണാം. "ഭാര്യയുടെ കലഹം തുടർച്ചയായ ചാറ്റൽമഴപോലെ"യാണത്രേ! (സുഭാ 19:13; 27:15-16). കലഹക്കാരിയായ ഭാര്യയോടൊപ്പം കഴിയുന്നതിനേക്കാൾ മെച്ചം 'മരുഭൂമി'യിലോ (സുഭാ 21:19) 'തട്ടിൻപുറത്ത് ഒരു കോണി'ലോ (സുഭാ 21:9; 25:24) 'സിംഹ'ത്തോടോ 'വ്യാളി'യോടോ (പ്രഭാ 25:16) ഒപ്പമോ കഴിയുന്നതാണത്രേ!!

ഇതൊക്കെയാണെങ്കിലും ഭാര്യയാണ് പുരുഷന്റെ ഏറ്റവും വലിയ സമ്പത്ത്; അവന്റെ തുണയും താങ്ങും അവൾ തന്നെ" (പ്രഭാ 36:24).

മാതാപിതാക്കളോടു മക്കൾക്കുണ്ടാവേണ്ട ബഹുമാനവും ഈ ഗ്രന്ഥങ്ങളിൽ കാര്യമായി പ്രത്യക്ഷപ്പെടുന്നു. "അപ്പനെയോ അമ്മയെയോ പ്രാകുന്നവന്റെ വിളക്ക് കൂരിരുട്ടിൽ കെട്ടുപോകും" (സുഭാ 20:20; 23:22; 30:17). "പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കും; അമ്മയുടെ ശാപം അവയുടെ അടിത്തറ ഇളക്കും" (പ്രഭാ 3:9). പ്രഭാ 3:1-16 മുഴുവൻ മാതാപിതാക്കളോടുള്ള കടമയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

"ഭവനത്തിൽ സിംഹത്തെപ്പോലെ ആകരുത്" എന്ന പ്രഭാഷകൻ നമ്മെ ഓർമ്മപ്പെടുത്തുന്നു (4:30). സുഭാ 27:23-27 അദ്ധ്വാനശീലത്തെ കുടുംബത്തിന്റെ അനുഗ്രഹമായി കാണുന്നു. "പുത്രിയെ വിവാഹം ചെയ്തു കൊടുക്കുമ്പോൾ വലിയൊരു ചുമതല തീരുകയാണ്; വിവേകമുള്ള ഒരുവനു വേണം അവളെ നൽകാൻ" (പ്രഭാ. 7:25). ഇങ്ങനെ കുടുംബജീവിതത്തെ സംബന്ധിച്ചു വളരെ പ്രായോഗികമായ ഏറെ തിരുവചനങ്ങൾ ഈ ഗ്രന്ഥത്തിൽ കാണാം.

## പ്രവാചകന്മാർ

പ്രവാചകന്മാരുടെ വ്യക്തി ജീവിതവും കുടുംബ ജീവിതവും ദൈവം തന്റെ പ്രവചനത്തിനുള്ള മാധ്യമങ്ങളായി ഉപയോഗിച്ചതായി കാണാം. അവിശ്വസ്തതയുടെ പര്യായമായ ഗോമറിനെ പിന്തു

ടർന്നു സ്വന്തമാക്കുന്ന ഹോസിയ പ്രവാചകൻ അവളിൽനിന്നു ജനിക്കുന്ന മൂന്നുമക്കൾക്ക് ദൈവ കല്പനപ്രകാരം ഇടുന്ന പേരുകൾ പ്രതീകാത്മകമാണ്. അക്ഷരാർത്ഥത്തിൽ, 'ഇസ്രായേലി'ലെ രക്തച്ചൊരിച്ചി ലിനു പകരമായി ഇസ്രായേൽ ഭവനത്തിന്റെ രാജത്വം ദൈവം അവസാനിപ്പിക്കുമെന്നും 'കരുണ ലഭിക്കാത്ത വൾ' എന്നും 'എന്റെ ജനമല്ല' എന്നുമാണ് അവ ദ്യോതി പ്പിക്കുന്നതെങ്കിലും ദൈവത്തിന്റെ വലിയ കാരുണ്യ ത്തിൽ ഈ ഭാഗധേയങ്ങൾ ദൈവം മാറ്റിമറിക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്നാണ് പ്രവാചകനിലൂടെ ദൈവം അരുൾചെയ്യുന്നത് (ഹോസി 2:22-23).

ഏശയ്യ പ്രവാചകന്റെ ഭാര്യ പ്രവാചികയാണ് (ഏശ 8:3). അവരുടെ മക്കളുടെ പേരുകളും പ്രതീകാ ത്മകങ്ങളാണ്. മൂത്തവൻ "ശേഷിച്ച ഭാഗം തിരിച്ചു വരും" എന്നർത്ഥമുള്ള 'ഷെയാർ യാഷൂബ്' (ഏശ 7:3) ദൈവത്തിൽ ആശ്രയിച്ചില്ലെങ്കിൽ ചെറിയൊരു ഭാഗമേ രക്ഷപെടൂ എന്ന് ആഹാസുരാജാവിനോടു പറയാ നായി ഏശയ്യാ പോയപ്പോൾ ഈ കുഞ്ഞിനെയും കൂടെ കൊണ്ടുപോയി! രണ്ടാമത്തവൻ "തിടുക്കത്തിൽ കൊള്ള, വേഗത്തിൽ ഇര" എന്നർത്ഥം വരുന്ന 'മാഹെർഷലാൽ ഹഷ്ബാസ്' (ഏശ 8:1). രാജാവ് ഭയപ്പെടുന്ന ശത്രു പരാജയപ്പെടുമെന്നും യൂദായിൽ സമാധാനമുണ്ടാകുമെന്നും ഈ പേര് സൂചിപ്പിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, പിതാവിന്റെ പ്രവാചകദൗത്യം കുടുംബം പങ്കിടുന്നു.

ജറമിയ പ്രവാചകനോടാകട്ടെ, ബ്രഹ്മചര്യ ജീവിതം നയിക്കാൻ ദൈവം ആവശ്യപ്പെട്ടു. പഴയ നിയമത്തിൽ വിചിത്രമായ ഈ കല്പനയ്ക്ക് ഒരു പ്രവചന അടിത്തറയുണ്ട്. പട്ടിണിയാലും യുദ്ധ ത്താലും വ്യാധികളാലും കുട്ടികൾ കൂട്ടമായി മരിക്കാൻ മാത്രം ഭീകരമായിരിക്കുമത്രേ യൂദായുടെ ഭാവി! നാടിന്റെ നാശത്തെ ക്കുറിച്ചും ബാബിലോൺ പ്രവാ സത്തെക്കുറിച്ചും പ്രവചിച്ച പ്രവാചകൻ സ്വജീവിത ത്തിലൂടെ സമൂഹത്തിന്റെ തിന്മ കുടുംബത്തിനു ശാപവും ഭീഷണിയുമാകുന്നതെങ്ങനെയെന്നു വ്യക്ത മാക്കുന്നു (ജറ 16:1-13)

അനതിവിദൂരഭാവിയിൽ സംഭവിക്കാനിരി ക്കുന്ന ഭാര്യയുടെ മരണത്തിൽ കരയരുതെന്ന് ദൈവം എസക്കിയേൽ പ്രവാചകനോടു കല്പിക്കുന്നു. ഇസ്രായേലിനു സംഭവിക്കാനിരിക്കുന്ന ദുരിതങ്ങളുടെ തീവ്രതയിൽ കരയാൻ പോലും കഴിയാത്തവിധം കണ്ണീർ വറ്റിയവരായിരിക്കും ജനം എന്ന കഠിനമായ യാഥാർത്ഥ്യം പ്രവാചകജീവിതത്തിലൂടെ വെളിപ്പെടു ത്തുകയാണ് ദൈവം! (എസ 24:15-27).

# പുതിയനിയമ ഭവനങ്ങളിലൂടെ

## തിരുക്കുടുംബം

സ്ത്രീയുടെയും പുരുഷന്റെയും കൈപിടിച്ചു നടക്കാനുള്ള ദൈവത്തിന്റെ സ്വപ്നം പറുദീസാ യിൽ തകർന്നെങ്കിലും നസ്രത്തിൽ അതു നൂറുശതമാനവും പൂവണിഞ്ഞു.

### യേശു

മറ്റുകുട്ടികളിൽ നിന്നു യാതൊരു വ്യത്യാ സവും പ്രകടമാക്കാതിരുന്ന ദൈവപുത്രൻ "അവർക്കു വിധേയനായി ജീവിച്ചു.... ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു" (ലൂക്കാ 2:51-52). തികഞ്ഞ സാധാര ണത്വം പുലർത്തിയ യേശുവിനെ മിശിഹാ ആയി അംഗീകരിക്കുവാൻ ജനത്തിന് എളുപ്പമല്ലായിരുന്നു (മർക്കോ 6:3). യേശുക്രിസ്തുവിന്റെ സഹന - മരണ - ഉത്ഥാനങ്ങൾ മാത്രമായിരുന്നില്ല രക്ഷാകരജീവിതം. അവിടത്തെ മുഴുവൻ ജീവിതവും രക്ഷാകരമായിരുന്നു. എങ്കിൽ തിരുക്കുടുംബത്തിലെ വാസവും രക്ഷാകരമാ യിരുന്നു. കുടുംബജീവിതം രക്ഷാകരവും വിശുദ്ധീകര ണത്തിനുതകുന്നതുമാണ് എന്നു ചുരുക്കം.

യേശുവിന്റെ കുടുംബ ജീവിത കാഴ്ച പ്പാടിൽ പ്രകടമായ ഏതാനും യാഥാർത്ഥ്യങ്ങളിതാ:

ദൈവത്തിനു മാത്രം പരമസ്ഥാനം (12-ാം വയസ്സിൽ ദേവാലയത്തിൽ തങ്ങുന്ന യേശു (ലൂക്കാ. 2:41-50)); രക്തബന്ധത്തെക്കാൾ വിലമതിക്കപ്പെടേണ്ടത് വചനബന്ധമാണ് (ലൂക്കാ 11:27-28; മത്താ 12:47-49); മാതാ പിതാക്കളെ 'വെറുക്കാതെ' ശിഷ്യത്വം സാധ്യമല്ല (ലൂക്കാ 14:26); വിളിയുടെ തീവ്രത മറ്റു ഉത്തര വാദിത്തങ്ങളേക്കാൾ അടിയന്തിരമാണ് (മത്താ 8:21-22). തന്റെ സന്ദേശം കുടുംബത്തിൽ വിഘടനം പോലും കൊണ്ടുവന്നേക്കാം എന്ന് യേശുവിനറിയാം (മത്താ 10:34-35). "അവസാനം വരെ പിടിച്ചു നില്ക്കുക" എന്നതു മാത്രമാണ് കരണീയം (മത്താ. 10:22) യേശു തന്നെയും ബന്ധുക്കളാൽ 'സുബോധമില്ലാത്ത വനാ'യിഗണിക്കപ്പെട്ടു (മർക്കോ 3:21, 31). "സ്വദേശത്തും ബന്ധുജനങ്ങളുടെയിടയിലും സ്വഭവനത്തിലുമല്ലാതെ മറ്റെങ്ങും പ്രവാചകൻ അവമതിക്കപ്പെടുന്നില്ല"!

നാട്ടിൽ നിന്നും അടിമത്തത്തിന്റെ നാട്ടിലേക്ക് അഭയാർത്ഥികളായി പലായനം ചെയ്യാനുള്ള കല്പന - അതും ദൈവികമാണെന്നു ജോസഫ് തിരിച്ചറിഞ്ഞു! ഹേറോദേസിന്റെ മരണശേഷം തിരിച്ചു സ്വന്തം നാട്ടിലേക്കു പോരാനുള്ള സന്ദേശവും സ്വപ്നത്തിൽത്തന്നെയാണ് ലഭിച്ചത്! ജോസഫിന്റെ ജീവിതത്തിനു 'സ്വപ്നത്തിന്റെ ഉറപ്പ്' എന്നോ 'അവ്യക്തതയുടെ വ്യക്തത' എന്നോ തലക്കെട്ടു കൊടുത്താൽ അത് അതിശയോക്തിയാവില്ല എന്നാണെന്റെ പക്ഷം. കുടുംബനാഥന്മാർക്ക് സ്വപ്നങ്ങളുണ്ടായിരിക്കണം!!!

## സ്നാപക കോട്ടേജ്

സഖറിയായും അന്നയും "ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു" (ലൂക്ക 1:6), എലിസബത്തിന്റെ വന്ധ്യതയാൽ അവരുടെ ദാമ്പത്യജീവിതം 'ഏതാണ്ട് ശപിക്കപ്പെട്ട'തെന്നും (ഉൽ. 30:23, 1സാമു 1:5-8; 2സാമു 6:23; ഹോസി 9:11) 'ലജ്ജാവഹ'മെന്നും (ലൂക്ക 1:22) സമൂഹം മുദ്രകുത്തിയിരുന്നിട്ടുകൂടി!

പരിശുദ്ധാത്മാവ് കളിയാടിയ കുടുംബമായിരുന്നു സ്നാപകഭവനം. മറിയത്തിന്റെ സന്ദർശനത്തോടെ എലിസബത്തു പരിശുദ്ധാത്മാവു നിറഞ്ഞവളായി (ലൂക്ക 1:41). അവളുടെ ഉദരത്തിലെ ശിശുവും ആത്മനിറവിൽ കുതിച്ചുചാടി. അതു ദൈവദൂതൻ മുൻകൂട്ടി പ്രവചിച്ചിരുന്നതാണ്: "അമ്മയുടെ ഉദരത്തിൽ വച്ചു തന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും" (ലൂക്ക 1:15). സ്നാപകന്റെ ജനനനിമിഷം അവന്റെ പിതാവായ സഖറിയായും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു പ്രവചിക്കുവാൻ തുടങ്ങി (ലൂക്കാ 1:67).

രസകരമായ മറ്റൊരു കാര്യം എലിസബത്തിന്റെയും സഖറിയായുടെയും മനപ്പൊരുത്തമാണ്. സ്നാപകന്റെ പേര് 'യോഹന്നാൻ' എന്നായിരിക്കണം എന്ന് എലിസബത്ത് പറഞ്ഞപ്പോൾ അത് ഏവരെയും അത്ഭുതപ്പെടുത്തി. അത്തരം പേര് കുടുംബത്തിലാർക്കും ഇല്ലായിരുന്നു. സഖറിയായോടു ചോദിച്ചപ്പോഴാകട്ടെ, അതേ പേര് അദ്ദേഹം എഴുത്തുപലകയിൽ എഴുതി. ഇതിനു പിന്നിൽ പ്രവർത്തിച്ചതും ദൈവാത്മാവു തന്നെ എന്നു മനസ്സിലാക്കാൻ നമുക്ക് ഏറെ ആയാസപ്പെടേണ്ടതില്ലല്ലോ.

## സെബദീ സദൻ

സെബദീ പുത്രന്മാരായ യാക്കോബും യോഹന്നാനും യേശുവിന്റെ പ്രഥമശിഷ്യരിൽപ്പെട്ടവരാണ്. തന്റെ ജീവിതത്തിലെ സുപ്രധാന നിമിഷങ്ങളിൽ അവരെയും കൂടെക്കൂട്ടാൻ യേശു എപ്പോഴും ശ്രദ്ധിച്ചിരുന്നു - രൂപാന്തരീകരണവേളയിൽ (മത്താ 26:37), ജായിറൂസിന്റെ പുത്രിയെ ഉയിർപ്പിച്ച നേരത്ത് (മർക്കോ 5:37). യോഹന്നാൻ സ്വയം വിശേഷിപ്പിക്കുന്നത് "യേശു സ്നേഹിച്ച ശിഷ്യൻ" (യോഹ 13:23; 19:26; 21:7, 20) എന്നാണ്. പത്രോസിനോടും "കർത്താവിന്റെ സഹോദരനായ മറ്റേ യാക്കോബിനോടു"മൊത്ത് അദ്ദേഹം ആദിമസഭയുടെ നെടുംതൂണായിത്തീർന്നു (ഗലാ 2:9).

ലക്ഷണം കണ്ടിട്ട് ഈ കുടുംബത്തിന് ഒരു പ്രത്യേക സംസ്കാരിക പശ്ചാത്തലമുള്ളതായി തോന്നുന്നു. "ഇടിമുഴക്കത്തിന്റെ പുത്രന്മാർ" (മർക്കോ 3:17) എന്നു യേശു അവരെ വിളിച്ചെങ്കിൽ അതിനു പിന്നിൽ ഏതെങ്കിലും കാരണം കാണില്ലേ? ഒരു പക്ഷേ, പിതാവോ മക്കളോ വിപ്ലവപാതയിൽ ചരിച്ചിരുന്നു കാണണം. യാക്കോബും യോഹന്നാനും 'ചൂടന്മാരാ'യിരുന്നുവെന്നു യേശുവിനെ സ്വീകരിക്കാൻ മനസ്സില്ലാതിരുന്ന സമരിയാക്കാരോടുള്ള അവരുടെ നിലപാടിൽ നിന്നു വ്യക്തമാണ്. "സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറങ്ങി ഇവരെ നശിപ്പിക്കട്ടെ" എന്നു പറയാനാണവർക്കു തിടുക്കം (ലൂക്ക 9:54).

അമ്മയും അത്ര പിറകിലല്ല! യാതൊരുളുപ്പുംകൂടാതെ യേശുവിന്റെ മുമ്പിൽവന്ന് അവൾ പരസ്യമായി ഒരു വക്കാലത്തു നടത്തി: നിന്റെ രാജ്യത്തിൽ എന്റെ ഈ രണ്ടു പുത്രന്മാരിൽ ഒരുവൻ നിന്റെ വലതുവശത്തും അപരൻ ഇടതുവശത്തും ഇരിക്കുന്നതിനു കല്പിക്കണമേ! (മത്താ 20:21)

യേശുവിന്റെ ദൗത്യത്തെ മനസ്സിലാക്കാൻ സെബദീഭവനം പരാജയപ്പെട്ടതിന്റെ തെളിവുകളാണു മേൽപ്പറഞ്ഞ സംഭവങ്ങൾ. യേശുവാകട്ടെ, വക്കാലത്തു സംഭവം ശുശ്രൂഷയെക്കുറിച്ച് ശിഷ്യരെ പഠിപ്പിക്കുവാനുള്ള അവസരമാക്കി മാറ്റുകയും ചെയ്തു. യേശുവിന്റെ കുരിശിൻകീഴിൽ യോഹന്നാൻ നിന്നു! ഒടുവിൽ, പാത്മോസ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ടു, അദ്ദേഹം! യാക്കോബാകട്ടെ, അപ്പസ്തോലന്മാരിൽ ആദ്യത്തെ രക്തസാക്ഷിയായി മാറി! (അപ്പ. പ്ര. 12:2).

## യോനാ മഹൽ

അന്ത്രയോസും ശിമയോനും യോനായുടെ പുത്രരായിരുന്നു. "ഞങ്ങൾ മിശിഹായെ കണ്ടു" (യോഹ 1:14). അന്ത്രയോസിന്റെതാണീ വാക്കുകൾ. സ്വസഹോദരനോടു പറഞ്ഞ വാക്കുകൾ. അങ്ങനെ കുടുംബത്തിലാണ് അന്ത്രയോസ് സുവിശേഷ പ്രഘോഷണം ആരംഭിച്ചത്. മാത്രമല്ല, രക്ഷാകര ചരിത്രത്തിൽ വലിയൊരു പങ്കാണ് അദ്ദേഹം വഹിച്ചത്. അന്ത്രയോസ് യേശുവിനു പരിചയപ്പെടുത്തിയ ശിമയോനാണ് പിന്നീട് 'വലിയ മുക്കുവനാ'യി ത്തീർന്നത്. ആ പാറമേലാണ് ക്രിസ്തു തന്റെ സഭ പണിതത്. ആ കരങ്ങളിലേക്കാണ് യേശു സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും താക്കോലുകൾ വച്ചു കൊടുത്തത്.

## ലാസർ ഹോം

ഈ സുഹൃത്ഭവനത്തിൽ യേശുവും ശിഷ്യരും പലപ്രാവശ്യം ആതിഥ്യം സ്വീകരിച്ചിട്ടുണ്ട്. അവിടെ മർത്തായെ നിശ്ശബ്ദതയുടെയും ശ്രവണ - മനന - ധ്യാനങ്ങളുടെയും പാഠം പഠിപ്പിച്ചിട്ടുണ്ട്. യേശു. അവിടെ ഗുരുപാദത്തിലിരുന്നുള്ള മറിയത്തിന്റെ വചനശ്രവണത്തെ ഏറെ പ്രകീർത്തിച്ചിട്ടുണ്ട്. യേശു. ഈ ആത്മസൗഹൃദമാണ് ലാസറിന്റെ മരണത്തെ പ്പോലും അതിജീവിക്കാൻ അവരെ തുണച്ചത്. യേശുവിനോടുള്ള സൗഹൃദം കുടുംബത്തെ ഏറെ പ്രബുദ്ധമാക്കും, ദുരന്തങ്ങളെയും വേദനകളെയും അതിജീവിക്കാൻ സഹായിക്കും. അതെ, കല്ലറയെ അപ്രസക്തമാക്കുന്നു യേശുവുമായുള്ള ആത്മബന്ധം!

## കുടുംബജീവിത സംബന്ധിയായ ഉപമകൾ

മുന്തിരിത്തോട്ടത്തിൽ പണിയെടുക്കാനായി മക്കളോട് ആവശ്യപ്പെടുന്ന പിതാവിന്റെ ഉപമ (മത്താ 21:28-32) യിലൂടെ ഉപരിപ്ലവതയ്ക്കും ക്ഷിപ്രവചനങ്ങൾക്കും അപ്പുറത്തേക്ക്, മനോഭാവങ്ങളിലേക്കും ഹൃദയ നന്മയിലേക്കും കണ്ണുപതിക്കാൻ യേശു കുടുംബങ്ങളോട് ആവശ്യപ്പെടുന്നു. ചെറുപ്പക്കാർക്ക് അവരുടേതായ ശൈലികളും ഭാഷയുമുണ്ട്. അവയെ മനസ്സിലാക്കണം. അനാവശ്യതർക്കങ്ങൾ ഒഴിവാക്കാനും ശ്രദ്ധിച്ചാൽ അവരിലെ നന്മയെ ഉണർത്താനും കൂട്ടായ്മയുടെ ഉത്തരവാദിത്വത്തിലേക്ക് അവരെ കൊണ്ടുവരാനും മാതാപിതാക്കൾക്കാകും.



'ധൂർത്തപുത്രന്റെ ഉപമ' എന്നു വിളിക്കപ്പെടുന്ന ഭാഗം (ലൂക്ക 15:11-30) 'മാതൃകാപിതാവ്' എന്നു വിളിക്കപ്പെടുന്നതാണ് ഉചിതം. മക്കളുടെ സ്വാതന്ത്ര്യത്തിനു കടിഞ്ഞാണിടാത്ത അപ്പൻ. അവരിലെ അടിസ്ഥാന നന്മയിൽ വിശ്വസിക്കുന്ന അപ്പൻ. അനുഭവമാണ് ഏറ്റവും വലിയ അദ്ധ്യാപകൻ. ഏതു ധൂർത്ത മകനും ഒരു തിരിച്ചുവരവുണ്ടാകും. പക്ഷേ അതു കാത്തിരിക്കാൻതക്ക ക്ഷമയും ഹൃദയവിശാലതയുമാണ് മാതാപിതാക്കൾക്കു വേണ്ടത്. പിതൃഭവനത്തിന്റെ മാധുര്യം കയ്പേറിയ അനുഭവത്തിലൂടെ ധൂർത്തൻ തിരിച്ചറിഞ്ഞപ്പോഴും മൂത്തമകൻ അപ്പോഴും അത് തിരിച്ചറിഞ്ഞില്ല എന്നതു ഖേദകരമാണ്. അവകാശങ്ങളുടെയും കടമകളുടെയും കോടതിമുറിയിലാണ് അവൻ ഇപ്പോഴും! ഒരുപക്ഷേ, പണ നഷ്ടത്തിന്റെ ഓഹരി മുഴങ്ങുന്ന ഓഹരിക്കമ്പോളത്തിൽ നിന്നു സഹോദര സ്നേഹത്തിന്റെ സരള തീരങ്ങളിലേക്ക് വരിക അത്ര എളുപ്പമല്ലതന്നെ. അവനു മുമ്പിലും പിതാവെത്തുന്നു, സാന്ത്വന വാക്കുകളുമായി. അവന്റെ ഹൃദയത്തിന്റെയും വലുപ്പം കൂട്ടാനുള്ള ശ്രമങ്ങളുമായി ശ്രേഷ്ഠനായ പിതാവു തന്നെ!

## ഗാർഹിക സഭകൾ

ആദിമസഭ വളർന്നതും വികസിച്ചതും ഭവനങ്ങളിലായിരുന്നു. ഭവനംതോറുംചെന്ന് സുവിശേഷം പ്രഘോഷിക്കുന്ന രീതി അപ്പസ്തോലന്മാർ അവലംബിച്ചിരുന്നു (അപ്പ. 5:42). അതുകൊണ്ടാണ് വിശുദ്ധ പൗലോസ് പിന്നീട് പറഞ്ഞത്: "പൊതുസ്ഥലത്തുവച്ചും വീടുതോറുംവന്നും ഞാൻ നിങ്ങളെ പഠിപ്പിച്ചു" (അപ്പ. 20:20). കർത്താവിന്റെ അത്താഴം ആചരിക്കപ്പെട്ടി

രുന്നതും വീടുകളിലായിരുന്നു. "അവർ ഏകമന സ്സോടെ .... ഭവനം തോറും അപ്പം മുറിക്കുകയും ഹൃദയ ലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടെ ഭക്ഷണ ത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു" (അപ്പ. 2:46). വി. പൗലോസ് തന്റെ ലേഖനങ്ങളിൽ ഓരോ കുടുംബ ത്തിലും സമ്മേളിക്കുന്ന സഭകളെ അഭിവാദനം ചെയ്യുന്നു (ഫിലെ 2; 1കോറി 16:19; റോമ 16:4, 5).

'ഗാർഹികസഭ' എന്ന അനുഭവമാകണം സഭയെ 'ദൈവത്തിന്റെ ഭവനം' (തിമോ. 3:15; എഫേ 2:19) എന്നു വിശേഷിപ്പിക്കാൻ വി. പൗലോസിനു പ്രേരക മായിത്തീർന്നത്. "വിശ്വാസത്താൽ ഒരേ കുടുംബ ത്തിലെ അംഗങ്ങളായവർക്കു നന്മ ചെയ്യാൻ പൗലോസ് പ്രത്യേകം ആഹ്വാനം ചെയ്യുന്നു" (ഗലാ 6:10). അദ്ദേഹം സഭയെ പണിതുയർത്തുന്നതിനെക്കുറിച്ച് സൂചിപ്പിക്കുമ്പോഴും (1കോറി 13:10; എഫേ 4:12) കൂട്ടായ്മ വളർത്തലിനെക്കുറിച്ച് എഴുതുമ്പോഴും (2കോറി 10:8; 14;3, 5, 12, 17, 26; റോമ 14:19; 15:2; 1തെസ 5:11; എഫേ 4:29) ഉപയോഗിക്കുന്ന ക്രിയാപദങ്ങൾ 'ഭവനം പണിയുക' അഥവാ 'കുടുംബം പടുത്തുയർത്തുക' എന്നർത്ഥമുള്ള 'ഒറ്റയ്ക്കൊദൊമേയോ' എന്ന പദത്തിന്റെ Derivative രൂപങ്ങളാണ്.

## ബൈബിളിലെ കുടുംബങ്ങളും നമ്മുടെ കുടുംബങ്ങളും

ബൈബിൾ കുടുംബങ്ങളിലൂടെ നാം നടത്തിയ ദീർഘമായ തീർത്ഥയാത്രയുടെ അന്ത്യ ത്തിൽ ഒരു ചെറിയ സ്ഥലാധിഷ്ഠിത (Contextualesed or applied) വിചിന്തനം നന്നായിരിക്കുമെന്നു തോന്നുന്നു. നമ്മുടെ എത്രയെത്ര കുടുംബയാഥാർത്ഥ്യ ങ്ങളാണ് ഈ ബൈബിൾ ഭവനങ്ങളിൽ പ്രതിഫലിക്കുന്നത്. കുടുംബത്തെ ക്കുറിച്ചുള്ള ദൈവ ത്തിന്റെ സ്വപ്നം പറുദീസയിൽ തന്നെ ഉടഞ്ഞു വീണെങ്കിലും തോൽക്കാൻ മനസ്സില്ലാത്ത ദൈവം തിരു ക്കുടുംബത്തിലൂടെ തന്റെ സ്വപ്നം നിറവേറ്റി. ഇന്ന് നമ്മുടെ ഓരോരുത്തരുടെയും കുടുംബത്തിലും ഈ സ്വപ്നം പൂവണിയണമെന്ന് അവിടന്ന് ആഗ്രഹി ക്കുന്നു.

പൂർവ്വപിതാക്കന്മാരുടെ ഭവനങ്ങളിൽ കണ്ട വിശ്വാ സതീവ്രതയും കൂട്ടായ്മയും നർമ്മബോധവും ക്ഷമാപണവും അനുരഞ്ജനവുമെല്ലാം നമ്മുടെ കുടുംബങ്ങളിലും പ്രസ ക്തങ്ങളല്ലേ? മോശയെ സഹായിക്കാൻ മുൻനിരയിലുണ്ടായിരുന്ന ജെത്രോ ഇന്നത്തെ അമ്മായിയപ്പന്മാർക്കും അമ്മായിയമ്മമാ ർക്കും ഉത്തേജനമായിരുന്നെങ്കിൽ! അമ്മായിയമ്മ യോട് പ്രത്യേക പ്രതിപത്തി പ്രകടിപ്പിച്ച റൂത്ത് ഇന്നത്തെ മരുമക്കൾക്കു മാതൃകയായിരുന്നെങ്കിൽ! കടമ മറന്നുള്ള പുത്രവാത്സല്യംകൊണ്ട് ജീവിതം ദുരിതപൂർണ്ണമാക്കിയ ദാവീദും വിഷയലമ്പടത്വംകൊ ണ്ട് ജ്ഞാനത്തികവിന്റെ ദീപശിഖ കെടുത്തിയ സോളമനും നമ്മുടെ കണ്ണുതുറപ്പിച്ചിരുന്നെങ്കിൽ! ദുരിതങ്ങളുടെ പരമ്പര പിടിവിടാതെ പിന്തുടർന്ന പ്പോഴും, സ്വന്തം ഭാര്യ ഒറ്റപ്പെടുത്തിയപ്പോഴും ശരീരം തന്നെ അഴുകി ഇല്ലാതായപ്പോഴും ദൈവത്തിൽ നങ്കൂരമിട്ടുനിന്ന ജോബിന്റെ ആശ്രയബോധം പ്രത്യാശാ മാതാവിന്റെ മക്കളായ നമുക്ക് എത്രയോ ഹൃദ്യമാണ്. തോബിത്ത്-അന്നാ ദമ്പതികളുടെ ദൈവ സ്നേഹവും പരസ്നേഹവും ജീവിതത്തിൽ പകർ ത്താൻ കഴിയുന്ന മാതാപിതാക്കൾക്ക് തീർച്ചയായും തോബിയാസിനെപ്പോലുള്ള ഉത്തമരായ മക്കളെ വാർ ത്തെടുക്കുവാൻ കഴിയും. മക്കൾ ആത്യന്തികമായി ദൈവത്തിന്റേതാണെന്നു ബോധ്യമുള്ള മാതാപിതാ ക്കൾ മക്കബായരുടെ മാതാവിനെപ്പോലെയും മത്താത്തിയാസിനെപ്പോലെയും മക്കളുടെ ആത്മാവി ന്റെ സുസ്ഥിതിയിലായിരിക്കും മുഖ്യശ്രദ്ധ ചെലുത്തു ന്നത്.

മാതാപിതാക്കൾ ആത്മപരിശോധന നട ത്തേണ്ടത് മറിയം - യൗസേപ്പ് ദമ്പതികളുടെ ജീവിത ത്തിന്റെ മുമ്പിൽ ഇരുന്നുകൊണ്ടാവണം. മക്കളാകട്ടെ, യേശുവിന്റെയും. തിരുക്കുടുംബം നമുക്ക് എന്നും മുഖം നോക്കാനുള്ള കണ്ണാടിയാണ്! സഖറിയാ കുടുംബം പരിശുദ്ധാത്മനിറവിലേക്ക് നമ്മുടെ എല്ലാ കുടുംബങ്ങളെയും ക്ഷണിക്കുന്നു. കുടുംബത്തിന കത്തെ പ്രേഷിതപ്രവർത്തനത്തിനു മാതൃകയാണ് യോനാ മഹൽ. സ്വയംകൃതമായ ടി.വി. തിരക്കുകളിൽ നിന്നു സ്വസ്ഥതയിലേക്കും പ്രാർത്ഥനയിലേക്കും വചനശ്രവണത്തിലേക്കും വരാൻ ലാസർ ഹോമിലി രുന്ന് യേശു കുടുംബങ്ങളെ ക്ഷണിക്കുന്നു. ജീവന്റെ നാഥനിലുള്ള വിശ്വാസം ഒന്നു മാത്രമേ മരണം പരത്തുന്ന വിരഹദുഃഖത്തിനു കുടുംബങ്ങളിൽ ശമനം വരുത്തുകയുള്ളൂ! വഴിതെറ്റിപ്പോകുന്നവരെ കാത്തിരി ക്കാനുള്ള ഹൃദയവിശാലത സ്വന്തമാക്കാൻ കുടുംബ ങ്ങളിൽ എല്ലാവർക്കും കഴിഞ്ഞാൽ അനുരഞ്ജന ത്തിന്റെ ആഹ്ലാദം എവിടെയും തിരതല്ലും.


Holy Land
PILGRIMAGE TOUR
8 Nights 9 Days
Countries :
EGYPT
ISRAEL
PALESTINE
JORDAN
Explore the spiritual experience of travelling to Holy Land through Mangalam Travel & Tours
Attractions
• Every Month Departure • Every Day holy mass during the tour
• All inclusive package • Accompanied by Priests
Experience European Pilgrimage
15 Nights 14 Days
Countries :
ITALY
SPAIN
FRANCE
PORTUGAL
SWITZERLAND
Attractions : • Vatican • Assisi • Lourdes • Fatima • Avila • SanGiovani
Departures Months : APRIL, MAY, SEPTEMBER, OCTOBER
In Bound
Delhi | Jaipur | Agra
Kulu/Manali | Srinagar
Port Blair
Darjeeling and Gangtok
and many more...
Out Bound
Singapore | Malaysia
Thailand | Mauritius | Bali
Vietnam Cambodia | Sri Lanka
Maldives | USA | Middle East
and many more...
Other Services
Airline Reservation & Ticketing |
Visa Processing & Passport Services |
Foreign Exchange | Travel Insurance |
Worldwide Hotel Reservation |
All over the year Excursions and Itineraries | Free Ticket delivery |
Overseas Education Consultancy
IATA
IAAI
TAFI
IATO
Mangalam
Travel & Tours
The Ultimate Travel Professionals
For further details :
89395 08477 / 94471 50070
80866 77961 (Global Visa)
80866 77966 (Tour Package)
Registerd office: 5, 6, 1st Floor, Our Tower, Vellayambalam, Sasthamangalam, Thiruvananthapuram-695010
Web: www.mangalamtravel.com, E-mail: support@mangalamtravel.com, Landline : 0471-4078400 (30 Lines), 0471-2720031 / 32
Branches : Nagarcoil, Marthandam, Madurai, Chennai, Chackai (Trivandrum Airport Office)

# ഫമീലിയ മീറ്റ്
# കാഴ്ചകൾ...














ഫമീലിയ മീറ്റ് കാഴ്ചകൾ...









ഉദ്ഘാടന സമ്മേളനത്തിൽ നിന്ന്













മുഖ്യപ്രഭാഷണം: ^
ഡോ. അലക്സാണ്ടർ ജേക്കബ് ഐ പി എസ്

സെമിനാർ:
ഡോ. മാമൻ പി ചെറിയാൻ >



ഫെമീലിയ മീറ്റ് കാഴ്ചകൾ...









ദിവ്യബലി മുഖ്യകാർമ്മികൻ:

**മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ**

(തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത)

വചന സന്ദേശം:

**റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ**

(കോഴിക്കോട് രൂപത മെത്രാൻ)

ഫമീലിയ മീറ്റ് കാഴ്ചകൾ...



ഫമീലിയ മീറ്റ്
കാഴ്ചകൾ...
























ഫമീലിയ മീറ്റ്
കാഴ്ചകൾ...
Roland
AX-Synth


Roland










ഫമീലിയ മീറ്റ് കാഴ്ചകൾ...

# പൊതുസമ്മേളനം















**ഫമീലിയ മീറ്റ് കാഴ്ചകൾ...**

# വിവിധ രൂപതകളിലെ വലിയ കുടുംബങ്ങൾക്ക് ആദരം



# മഹത് വ്യക്തികൾക്ക് ജന്മം നൽകുന്നത് ഇമ്പമുള്ള കുടുംബങ്ങൾ

ഫമീലിയ മീറ്റ് മൊഴികൾ



ഡോ. അലക്സാണ്ടർ ജേക്കബ്ബ്
(കേരള മുൻ ഡി ജി പി)

കുടുംബമെന്നതിന് ഇംഗ്ളീഷിൽ ഉപയോഗിക്കുന്ന ഫാമിലി എന്ന വാക്കിന് അർത്ഥവത്തായ ഒരു വിവരണമുണ്ട്. ആറ് വാക്കുകളുടെ ആദ്യാക്ഷരം ചേർത്താണ് ഫാമിലി എന്ന വക്കിന് രൂപം നൽകിയിരിക്കുന്നത്. ഫാദർ ആൻഡ് മദർ ഐ ലൗവ് യു (Father And Mother I Love You). അതായത് അപ്പന്റെയും അമ്മയുടെ മുന്നിൽ വന്ന് മക്കൾ "അപ്പാ അമ്മാ നിങ്ങളെ ഞാൻ സ്നേഹിക്കുന്നു എന്ന് പറയുമ്പോൾ നല്ല കുടുംബം രൂപം കൊള്ളുന്നു. സ്നേഹമില്ലാതെ കലഹം നിറഞ്ഞയിടത്തെ കുടുംബമെന്ന് വിളിക്കാനാകില്ലയെന്നും സാമൂഹ്യശാസ്ത്രജ്ഞന്മാർ ഓർമ്മപ്പെടുത്തുന്നു.

കുടുംബത്തിൽ ഒരു കുഞ്ഞ് ജനിക്കുമ്പോൾ അത് പന്തീരായിരം വർഷം വരെ നിലനിൽക്കാൻ പോന്ന ഒരു പരമ്പരയുടെ തുടക്കമാണ്. ശാസ്ത്രീയമായി പറഞ്ഞാൽ നമ്മുടെ ശരീരത്തിൽനിന്നും 800 വർഷം പഴക്കമുള്ള പൂർവ്വികരുടെ ക്രോമസോമും മൂന്ന് കോടി ഇരുപത് ലക്ഷം പൂർവ്വികരുടെ ജീനുകളും കണ്ടെത്താൻ കഴിയുമെന്നാണ്. ഇതിനെക്കാൾ ആഴമായ ഒരു ബന്ധം ഭൂമിയിലില്ല. അതിനാൽ തന്നെ വളരെ പവിത്രമായി പ്രാധാന്യത്തോടെ രൂപംകൊടുത്ത് കൊണ്ട്പോകേണ്ട ഒന്നാണ് കുടുംബം.



സൗന്ദര്യം, ധനം, പദവി, അറിവ് എന്നിവയൊക്കെയുണ്ടെങ്കിൽ കുടുംബം സന്തുഷ്ടി നിറഞ്ഞതാകില്ല. ഇതിനുത്തമ ഉദാഹരണങ്ങൾ ബൈബിളിൽതന്നെ കണ്ടെത്താൻ സാധിക്കും. അബ്രഹാമിന്റെ സൗന്ദര്യവതിയായ ഭാര്യ സാറാ,, ജെസെബൽ, ബത്ഷെബ എന്നിവരുടെയും അധികാരവും ധനവുമൊക്കെയുണ്ടായിരുന്ന സോളമന്റെയും കുടുംബജീവിതങ്ങൾ സന്തോഷകരമായിരുന്നില്ല. എന്നാൽ ഇവരിൽ നിന്നൊക്കെ വ്യത്യസ്തമായി സന്തോഷകരമായ ജീവിതം നയിച്ച ഒരു കുടുംബമാണ് തോബിയാസിന്റേത്. കുടുംബം സന്തോഷകരമാകണമെങ്കിൽ മൂന്നുകാര്യങ്ങൾ അവിടെയുണ്ടാകണം: ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം, ഒരുമിച്ച് ഭക്ഷിക്കുന്ന കുടുംബം, ഒരുമിച്ച് വിശേഷങ്ങൾ പങ്കുവച്ച് ഏതവസ്ഥയിലും ഒപ്പമായിരിക്കുന്ന അപ്പനും അമ്മയുമുള്ള കുടുംബം.

ഒരു കുടുംബം അറിയപ്പെടാൻ പോകുന്നത് ആ കുടുംബത്തിലെ കുഞ്ഞുങ്ങൾ എന്തായിത്തീരുന്നു എന്നതിനെ ആശ്രയിച്ചാണ്. അതിനാൽ തന്നെ കുഞ്ഞുങ്ങൾക്ക് ജന്മം നല്കുന്നത് അത്യന്തം പ്രാധാന്യമുള്ള ഒന്നാണ്. ഒരു കുഞ്ഞിന്റെ ഭാവി നിശ്ചയിക്കുന്ന ശ്രദ്ധേയമായ കാലഘട്ടം മൂന്ന് മുതൽ ഏഴ് വയസ്സ് വരെയുള്ള കാലഘട്ടമാണ്. അതായത് കെ ജി മുതൽ രണ്ടാം ക്ളാസ്സ് വരെയുള്ള പ്രായം. ഈ സമയത്ത് കുഞ്ഞ് എന്ത് ഉൾകൊള്ളുന്നു ഏതൊക്കെ

പ്രവർത്തനത്തിൽ ഏർപ്പെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ആ കുഞ്ഞിന്റെ ഭാവി. ആത്മീയവും മാനസികവും ശാരീരികവുമായ വളർച്ചയിലേക്ക് നാം ബോധപൂർവ്വം കുഞ്ഞുങ്ങളെ കൈപിടിച്ച് നടത്തണം. കത്തോലിക്ക സഭ എല്ലാ ഇടവകകൾ കേന്ദ്രീകരിച്ചും പടുത്തുയർത്തിയത് എൽ പി സ്കൂളുകളാണ്. അതുകാരണം ഒരു പരിധി വരെ നമ്മുടെ കുഞ്ഞുങ്ങൾക്ക് ശരിയായി വളരുവാനുള്ള അവസരം ലഭ്യമായി.

അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് കുഞ്ഞുങ്ങൾ ഗർഭാവസ്ഥയിൽ അമ്മയുടെ ഉദരത്തിലായിരിക്കുമ്പോഴുള്ള സമയം. അമ്മയുടെ ശരീരിക മാനസിക ഘടകങ്ങൾ കുഞ്ഞുങ്ങളുടെ വളർച്ചയേയും സ്വഭാവരൂപീകരണത്തേയും സാരമായി സ്വാധിനിക്കുന്നുണ്ട്. കുഞ്ഞ് വളർച്ചയുടെ ഒരോഘട്ടത്തിലും അവൻ / അവൾ കടന്നുപോകുന്ന ഓരോ അവസ്ഥയുമാണ് അവരുടെ ഭാവി നിശ്ചയിക്കുന്നത്. ഉദാഹരണത്തിന് പൊട്ടിയ കളിപാട്ടങ്ങൾ കളയാതെ അവരോടൊപ്പമിരുന്ന് ശരിയാക്കി പ്രവർത്തനയോഗ്യമാക്കി മാറ്റുമ്പോൾ ഭാവിയിലെ എൻജിനിയറെയോ, ആർക്കിടെക്റ്റിനെയോ ആണ് നാം രൂപപ്പെടുത്തിയെടുക്കുന്നത്. ഭാവിയിൽ ശാസ്ത്രജ്ഞരെയും, സാഹിത്യകാരെയും, കലാപ്രവർത്തകരെയും, ഭരണ കർത്താക്കളെയും സൃഷ്ടിക്കുന്നത് കുഞ്ഞിന്റെ ആറ് മാസം മുതൽ ഏഴ് വയസ്സ് വരെ നാം അവരെ കടത്തി വിടുന്ന സാഹചര്യങ്ങൾക്കനുസരിച്ചായിരിക്കും.

*ഫമീലിയ മീറ്റ് ദിവ്യബലി മധ്യേ നൽകിയ ആമുഖ സന്ദേശത്തിൽ നിന്ന്* ∨

കുഞ്ഞിന്റെ അഭിരുചി മനസിലാക്കി അതിനനുയോജ്യമായ വിദ്യാഭ്യാസ മേഖലകൾ തിരഞ്ഞെടുത്ത് വളർത്തുമ്പോൾ വളരെയധികം പ്രയാസം കൂടാതെതന്നെ മക്കളെ നല്ല നിലയിലെത്തിക്കാൻ സാധിക്കും. മാതാപിതാക്കളുടെ നല്ല മാതൃകകൾ കണ്ട് വളരുന്ന മക്കൾ കുടുംബത്തിനും സമൂഹത്തിനും ഗുണകരമാവുന്ന പൗരന്മാരാകും.

മക്കളെ ഒരു നിലയിലെത്തിച്ച മാതാപിതാക്കൾ വാർദ്ധക്യത്തിലെത്തുമ്പോൾ വിഷമാവസ്ഥയിലാകുന്നത് ഇന്ന് സ്ഥിരം കാഴ്ചയാണ്. എന്നാൽ ആ സമയം സന്തോഷകരമായി ചിലവഴിക്കാൻ സാധിക്കണം. മക്കളെ ഉന്നതിയെലെത്തിക്കാനുള്ള ശ്രമങ്ങൾക്കൊപ്പം ബന്ധങ്ങളുടെയും കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും പാഠങ്ങളും അനുഭവങ്ങളും കൂടി അവർക്ക് നൽകണം. അപ്പോൾ വാർദ്ധക്യത്തിലും മക്കൾ താങ്ങും തണലുമായി കൂടെയുണ്ടാകും. ബൈബിൾ വാർദ്ധക്യത്തെ കുറിച്ച് ഇപ്രകാരം പറയുന്നു: നീതിമാനെ ഞാൻ മക്കളുടെ മക്കളെ കാണിക്കും, കൊച്ചുമക്കൾ കിരീടമാണ്.. വാർദ്ധക്യം ദൈവം തന്ന അനുഗ്രഹവും.

ക്രിസ്തു കേന്ദ്രീകൃതമായ ഒരു കുടുംബജീവിതം നയിച്ച്.. സഭയ്ക്കും സമൂഹത്തിനും വിലപ്പെട്ട മക്കളെ പ്രധാനം ചെയ്ത്... പ്രാർത്ഥനനിരതമായ വാർദ്ധക്യത്തിലേക്ക് കടന്ന് ശാന്തമായി ദൈവസന്നിധിയിലെത്താൻ ഏവരെയും ദൈവം അനുഗ്രഹിക്കട്ടേയെന്ന് പ്രാർത്ഥിക്കുന്നു. ●

*ഫമീലിയ മീറ്റ് ഉദ്ഘാടന സമ്മേളനത്തിൽ നടത്തിയ മുഖ്യപ്രഭാഷണത്തിൽ നിന്ന്* ∧

# കർത്താവിനെ രുചിച്ചറിയാനുള്ള എറ്റവും നല്ലയിടം: കുടുംബം

**മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ**
(തിരുവനന്തപുരം അതിരൂപത മെത്രാപ്പോലിത്ത)



ദൈവം നമ്മെ ഓരോ ദിനവും പരിപാലിച്ച് സഹനങ്ങളെ അതിജീവിക്കാനുള്ള കരുത്ത് നൽകി അവിടുത്തെ സ്നേഹത്താൽ നയിക്കുന്ന കരുതലിനെ തിരിച്ചറിയാൻ സാധിച്ചാൽ അവിടുത്തെ രുചിച്ചറിയാൻ നമുക്ക് സാധിക്കും. ധൂർത്തപുത്രന്റെ ഉപമയിൽ ഏറ്റവും സുന്ദരമായ ഒരു വചനമിതാണ്: ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്ക് പോകും. അപ്പന്റെ സ്നേഹം തിരിച്ചറിയുന്ന മകൻ. ജീവിതത്തിൽ ഏതെങ്കിലും ഘട്ടത്തിൽ ബന്ധങ്ങളിൽ നിന്ന്, സ്നേഹത്തിൽ നിന്ന് അകന്ന് പോയിട്ടുണ്ടെങ്കിൽ എടുക്കേണ്ട തീരുമാനമാണ് ഞാൻ എന്റെ മാതാപിതാക്കാളുടെ, സഹോദരന്റെ, സഹോദരിയുടെ, ജീവിത പങ്കാളിയുടെ അടുത്തേക്ക് തിരിച്ച് പോകും എന്നത്. ഈ തീരുമാനമെടുക്കാൻ ദൈവവും ആഗ്രഹിക്കുന്നു. അങ്ങിനെ കുടുംബജീവിതം നയിച്ചുകൊണ്ട് ദൈവപിതാവിന്റെ സ്നേഹം രുചിച്ചറിയാം.

# പ്രതിസന്ധിയിൽ കുടുംബങ്ങൾ ആശ്രയിക്കേണ്ടത് തിരുക്കുടുംബത്തെ

ഫമീലിയ മീറ്റ് മൊഴികൾ



റൈറ്റ് റവ. ഡോ. പോൾ ആന്റണി മുല്ലശ്ശേരി
(ചെയർമാൻ, ഫാമിലി കമ്മിഷൻ, കെ സി ബി സി)

പ്രതിസന്ധിഘട്ടങ്ങളിൽ കുടുംബങ്ങൾ തകർന്ന് പോകരുതെന്നും തിരുക്കുടുംബത്തെ പോലെ സധൈര്യം ദൈവത്തെ ആശ്രയിക്കുകയും അവിടുത്തെ സ്വരം ശ്രവിക്കുകയും കീഴ്പ്പെടുകയും ചെയ്തുകൊണ്ട് മുന്നേറണം. തിരുക്കുടുംബത്തെ ആദ്യം അലട്ടിയത് ജനിക്കാനിരിക്കുന്ന കുഞ്ഞിന്റെ ആഗമനത്തെക്കുറിച്ചുള്ള ആശങ്കയാണ്. രക്ഷകൻ ജനിക്കുന്നു എന്ന സന്തോഷം നിലനില്ക്കുമ്പോഴും ഇതെങ്ങനെ കൈകാര്യം ചെയ്യണമെന്നറിയാതെ നില്ക്കുന്ന യൗസേപ്പിതാവ്. അദ്ദേഹം ആശ്രയിക്കുന്നതും അനുസരിക്കുന്നതും ദൈവത്തെയാണ്. ഉറങ്ങുമ്പോഴും ഹൃദയത്തെ ദൈവത്തിലേക്ക് തുറന്ന് വച്ചിരുന്ന വ്യക്തിത്വമാണ് ഔസേപ്പിതാവിന്റേത്. അതിനാലാണ് ഉറക്കത്തിലെ സ്വപ്നത്തിലുണ്ടായ വെളിപാടുകൾ ദൈവത്തിന്റേതാണെന്ന് ആ മാഹാത്മാവിന് തിരിച്ചറിയാനായത്. അതിനാലാണ് യസേപ്പിതാവിന് യാതൊരു ശങ്കയും കൂടാതെ രക്ഷകനെയും മാതാവിനെയും സ്വീകരിക്കാനായത്.

പല കുടുംബങ്ങൾക്കും ഇന്ന് ഒരു കുഞ്ഞിന്റെ ആഗമനം പലവിധ അസ്വസ്ഥതകൾക്ക് കാരണമാകുന്നുത്. തൊഴിൽ, സാമ്പത്തികം, പദവി, സൗന്ദര്യം തുടങ്ങിയ മേഖലകൾക്ക് ശ്രദ്ധയും മുൻതൂക്കവും നൽകുന്നത് കാരണമാണ് ഈ അസ്വസ്ഥത രൂപം കൊള്ളുന്നത്. തിരുകുടുംബത്തെപോലെ ദൈവത്തിന്റെ ഹിതം മനസിലാക്കാനും സ്വരം ശ്രവിക്കാനും നാം തയ്യാറാകുമ്പോൾ നമ്മുടെ അസ്വസ്ഥതകൾ വഴിമാറുന്ന വിധത്തിൽ നമ്മുടെ ചിന്തകളും മനസ്സും രൂപപ്പെടും.

നമ്മുടെ സമൂഹത്തിൽ കുഞ്ഞുങ്ങളോട് ഒരു നെഗറ്റിവ് സമീപനം കടന്നുകൂടിയിട്ടുണ്ട്. വിവാഹം



കഴിഞ്ഞ് ഉടൻ കുഞ്ഞുണ്ടാവുമ്പോഴും കൂടുതൽ മക്കൾക്ക് ജന്മം നൽകുമ്പോഴും ഇത് പ്രകടമാണ്. ജീവൻ ദൈവമാണെന്നും കുഞ്ഞുങ്ങൾ ദൈവത്തിന്റെ സമ്മാനമാണെന്നും നമ്മൾ മറന്നുപോകുന്നതിനാലാണ് ഈ നെഗറ്റീവ് ചിന്ത ഉടലെടുക്കുന്നത്.

കൂടുതൽ മക്കളെ ജനിപ്പിച്ച് അവരെ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർത്തി ഉന്നതനിലയിലെത്തിച്ച ഒത്തിരി കുടുംബങ്ങൾ നമുക്ക് മുന്നിലുണ്ട്. അവർ ജീവന് വേണ്ടി ദൈവത്തിന് വേണ്ടി നിലകൊള്ളുന്നവരാണ്. വലിയ കുടുംബങ്ങളെ സഹായിക്കാൻ സംരക്ഷിക്കാൻ സഭയ്ക്കും സഭാ സംവിധാനങ്ങൾക്കും ഉത്തരവാദിത്വവും കടമയുമുണ്ട്. വലിയ കുടുംബങ്ങളിലെ അഞ്ചാമത്തെയും ആറാമാത്തെയും ഏഴാമത്തെയും കുഞ്ഞുങ്ങൾ ലോകത്തെ സ്വധീനിച്ച മഹാന്മാരും മഹതികളുമായിട്ടുണ്ട്. മദർ തെരേസയും അബ്ദുൾ കലാമും ഒക്കെ ചില ഉദാഹരണങ്ങൾ മാത്രം. അതുപോലെ വലിയ കുടുംബങ്ങൾ ദൈവവിളിയുടെ വിളനിലമാണെന്ന കാര്യവും നാം മറക്കരുത്.

നമ്മുടെ ആരാധനക്രമത്തിൽ വിവാഹ ആശീർവാദകർമ്മത്തിലെ ഓരോ വാക്കും സശ്രദ്ധം ധ്യാനിക്കാൻ ഞാൻ വിവാഹം ജീവിതത്തിലേക്ക് കടന്നുവരുന്നവരോട് ഓർമ്മിപ്പിക്കുന്നു. ദൈവകേന്ദ്രീകൃതമാകണം നമ്മുടെ കുടുംബങ്ങൾ. കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള കുടുംബ പ്രാർത്ഥനകൾ, സകുടുംബം ദിവ്യബലിയിൽ പങ്കുചേരൽ, മാതാപിതാക്കളുടെ പരസ്നേഹവും ഉപവി പ്രവർത്തനങ്ങളും കണ്ടുവളരുന്നമക്കൾ... ഇങ്ങിനെയൊക്കെയാണ് കുടുംബം ഒരു ആനന്ദമായി മാറുന്നത്. എല്ലാ കുടുംബങ്ങളും തിരുക്കുടുംബത്തെ മാതൃകയാക്കി പരിശുദ്ധാരൂപിയുടെ നിറവിൽ ആനന്ദത്തോടെ മുന്നേറുന്ന കുടുംബങ്ങളാവട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ●

*ഫമീലിയ മീറ്റ് ഉദ്ഘാടനം ചെയ്ത്കൊണ്ട് അഭിവന്ദ്യ പോൾ ആന്റണി മുല്ലശ്ശേരി പിതാവ് നടത്തിയ പ്രസംഗത്തിൽ നിന്ന്* ^






# വിജയിക്കുക എന്നതിനെക്കാൾ പരാജയപ്പെടാതിരിക്കാൻ മക്കളെ പ്രാപ്തരാക്കണം.



ഡോ. മാമൻ പി ചെറിയാൻ

വിശുദ്ധ ബൈബിളിൽ ജീവിതത്തിൽ വിജയം കൈവരിച്ചുവെന്ന് വിശ്വസിച്ചിരുന്ന ഒരു ധനികനായ യുവാവ് യേശുവിന്റെ മുന്നിലെത്തുന്നുണ്ട്. എന്നാൽ യേശു അവനോട് പറയുന്നത് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ നിനക്ക് ഒരു കുറവുണ്ട്. അവിടെ അവന്റെ പരാജയത്തെ നാം കാണുന്നുണ്ട്. ഈ പരാജയം നമുക്കും നമ്മുടെ മക്കൾക്കും ഉണ്ടാകാതിരിക്കാനാണ് നാം ശ്രമിക്കേണ്ടത്. ലോകം കാണുന്ന വിജയത്തേക്കാൾ പ്രധാനം ദൈവം കാണുന്ന കുറവുകളിൽപെടാതെ ജീവിക്കാനാണ് നാം പഠിക്കേണ്ടത്. കുടുംബജീവിതത്തിന്റെ ദൗത്യമെന്നത്; സ്വർഗ്ഗത്തിൽ സ്ഥാനമുറപ്പിക്കുകയെന്ന താണ്.

വിവാഹ വിരുന്ന് നടക്കുന്ന സമയത്ത് ഒത്തിരി സമ്മാനങ്ങൾ പലരിൽ നിന്നായി ലഭിക്കുമ്പോൾ ദമ്പതികൾക്ക് ഉണ്ടാകുന്ന സന്തോഷം വലുതാണ്. സമ്മാനങ്ങൾ കൂടുതൽ ലഭിക്കുന്തോറും സന്തോഷവും വർദ്ധിക്കുന്നു. സങ്കീർത്തകൻ പറയുന്നു കർത്താവിന്റെ ദാനമാണ് മക്കൾ: ഉദരഫലം അവിടുത്തെ സമ്മാനമാണ്. എന്നാൽ പല ദമ്പതിമാരും മനുഷ്യർ തരുന്ന സമ്മാനങ്ങളിൽ സന്തോഷിക്കുമ്പോൾ ദൈവം തരുന്ന സമ്മാനമായ മക്കളെ വേണ്ട എന്ന് പറയുന്നത് എന്തൊരു ദുഃഖകരമായ വസ്തുതയാണ്.

കുടുംബം ജീവദായകമാകണം, എന്ന് വച്ചാൽ ജീവനെ പരിപോഷിപ്പിക്കുന്നവരാകണം ദമ്പതികൾ. മക്കളോട് നീ ഒരു അനുഗ്രഹമാണെന്ന് മാതാപിതാക്കൾ പറയണം. അത്തരമൊരു സംസ്കാരം മാതാപിതാക്കളായ നാം ബോധപൂർവ്വം വളർത്തിയെടുക്കണം. ദൈവം തരുന്ന മക്കളെ സ്വീകരിക്കുന്നവർക്ക് ദൈവത്തിന്റെ കരുതൽ വ്യക്തമായി ജീവിതത്തിൽ അനുഭവിക്കാനാകും. ദൈവീക ഇടപെടൽ അനുഭവിക്കണമെങ്കിൽ നമ്മുടെ ജീവിതത്തിൽ നമ്മൾ അനുഗ്രഹത്തിന്റെ ചാലുകൾ തുറക്കേണ്ടതുണ്ട്. ജീവനെതിരായി തീരുമാനങ്ങളെടുക്കുമ്പോൾ നാം അനുഗ്രഹത്തിന്റെ ചാലുകൾ അടയ്ക്കുകയാണ് ചെയ്യുന്നത്. ഭ്രൂണഹത്യയും, ഗർഭനിരോധന മാർഗങ്ങൾ സ്വീകരിക്കുന്നതുമൊക്കെ ദൈവീക കാഴ്ചപാടിൽ മാരകപാപമാണ്. അതിന് വിധേയമായവർ കുമ്പസാരിച്ച് പ്രായശ്ചിത്ത പ്രവർത്തികൾ ചെയ്യണം.

കുടുംബങ്ങൾ ഫലദായകമാകണം. നമ്മിലൂടെയും നമ്മുടെ മക്കളിലൂടെയും ഫലം പുറപ്പെടണം. അവർക്ക് വേണ്ട ശരിയായ ജ്ഞാനവും മാതൃകകളും

മാതാപിതാക്കളായ നാം അവർക്ക് നൽകണം. സ്കൂളിലും കോളേജിലും മക്കളെ അയച്ചാൽ അറിവ് ലഭിക്കും എന്നാൽ അതിനെക്കാൾ പ്രധാനമായ ജ്ഞാനം അത് കുടുംബങ്ങളിൽ നിന്ന് ലഭിക്കണം. ശരിയായ തിരഞ്ഞെടുപ്പ് നടത്താനുള്ള കരുത്തും വിവേകവും മക്കൾക്കുണ്ടാകണം. നല്ല മാതൃകകൾ കുടുംബത്തിൽ നിന്ന് മക്കൾക്ക് ലഭിക്കണം. നമ്മൾ പറയുന്നതല്ല മറിച്ച് നമ്മൾ ചെയ്യുന്നതാണ് മക്കൾ പിന്തുടരുന്നത്.

വിശ്വാസ കളരിയായി കുടുംബം മാറണം. ദൈവീകമായും വിശ്വാസപരമായും ഒത്തിരി ചോദ്യങ്ങൾ കുട്ടികൾക്കുണ്ടാവും. അതിനുള്ള ഉത്തരങ്ങൾ നൽകാൻ മാതാപിതാക്കൾ പ്രാപ്തരാകണം. ഈ പ്രാപ്തി കൈവരിക്കാൻ കുടുംബങ്ങൾ സഭയോടും അതിന്റെ സംവിധാനങ്ങളോടുമൊപ്പം ആയിരിക്കണം. കാരണം സഭാപിതാക്കന്മാർ സഞ്ചരിച്ച വഴി ചെന്നെത്തുന്നത് സ്വർഗ്ഗത്തിലാണ്. ഈ വഴിയേ നമുക്ക് വിശ്വാസത്തോടെ സഞ്ചരിക്കാൻ സാധിക്കണം. ഈ വഴിയേ സഞ്ചരിച്ചാൽ സ്വർഗ്ഗത്തിലെത്തുമെന്ന ഉറപ്പ് നമുക്കുണ്ടാവണം. ക്രിസ്തുവിന് മുന്നിൽ വന്ന ആ ധനികനായ യുവാവിന് ഇല്ലാതെ പോയത് ഈ വിശ്വാസവും ഉറപ്പുമാണ്. ആ യുവാവിനുണ്ടായ പരാജയം നമ്മുടെ മക്കൾക്കും വരാതിരിക്കാൻ നമുക്ക് നമ്മുടെ കുടുംബങ്ങളെ ജീവദായകവും ഫലദായകവുമാക്കി മാറ്റാം. ●

*ഫമീലിയ മീറ്റ് സെമിനാർ നയിച്ച*
*ഡോ. മാമൻ പി. ചെറിയാന്റെ വാക്കുകൾ*

# ഫ്രെത്തല്ലി തൂത്തിയെ ഓർത്തെങ്കിൽ റഷ്യ - യുക്രെൻ യുദ്ധം ഉണ്ടാകുമായിരുന്നില്ല


## ശ്രീ. പ്രസാദ് (കൃഷിവകുപ്പ് മന്ത്രി, കേരള സർക്കാർ)



സൂര്യനേയും ചന്ദ്രനേയും മരങ്ങളെയും പക്ഷിമൃഗാദികളെയും സഹോദരങ്ങളായി കണ്ട വിശുദ്ധ ഫ്രാൻസീസ് അസിസ്സിയുടെ നാമം സ്വീകരിച്ച ഫ്രാൻസിസ് പാപ്പ വിശുദ്ധന്റെ അതേ ചിന്തകൾ തന്നെയാണ് ലോകത്തിന് ഇന്നും നൽകുന്നത്. ഫ്രാൻസിസ് പാപ്പയുടെ ഫ്രെത്തല്ലി തൂത്തി (നാം സഹോദരർ) എന്ന ചാക്രിക ലേഖനം ലോകം ഏറ്റ് വാങ്ങിയെങ്കിൽ ഇന്ന് റഷ്യ - യുക്രെൻ യുദ്ധം ഉണ്ടാകുമായിരുന്നില്ല. എല്ലാറ്റിനെയും സഹോദരരായി കണക്കാക്കുന്ന ഒരിടത്ത് കാണേണ്ട പ്രധാന ഘടകം സ്നേഹം തന്നെയാണ്. ഈ സ്നേഹം രൂപപ്പെടേണ്ടതും പ്രചരിക്കേണ്ടതും നമ്മുടെയൊക്കെ കുടുംബങ്ങളിലൂടെയാണ്. കുടുംബ വർഷാചരണത്തോടനുബന്ധിച്ച് നടക്കുന്ന വലിയ കുടുംബങ്ങളുടെ ഈ സംഗമത്തിന് എന്റെ ആശംസകൾ. സോദരരായി ദൈവരാജ്യത്തെ നമ്മുടെയുള്ളിൽതന്നെ സൃഷ്ടിച്ചെടുക്കുക.

# കുടുംബം ഒരു ശുഭവാർത്തയാണ്

## റവ. ഫാ. മിൽട്ടൺ ഗോൺസാൽവസ്
(സെക്രട്ടറി, സി സി ബി ഐ)



ലോകത്ത് തിന്മകൾ വർദ്ധിക്കുമ്പോൾ വലിയ കുടുംബങ്ങളുടെ ഈ സംഗമവും ഇതിൽ പങ്കെടുക്കുന്ന കുടുംബങ്ങളും നന്മപ്രകാശിപ്പിക്കുന്നു. ഓരോ കുടുംബവും ഗാർഹിക സഭകളാണെന്ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. അങ്ങനെയെങ്കിൽ ഈ കുടുംബങ്ങളെ നയിക്കുന്ന മാതാപിതാക്കളെ വെരി റവ. പാരന്റ്സ് എന്ന് അഭിസംബോധന ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. കുടുംബങ്ങൾ ഒരു പ്രശ്നമല്ല മറിച്ച് അതൊരു അനുഗ്രഹമാണ്, ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ഒരു സംവിധാനം. ഈ മീറ്റിന്റെ സംഘാടകർക്കും പ്രതിനിധികൾക്കും എന്റെ ആശംസകൾ...



# കുടുംബത്തിന്റെ ആനന്ദം പ്രാർത്ഥനയാണ്



റൈറ്റ്. റവ. ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ
(കോഴിക്കോട് രൂപത മെത്രാൻ)

കുടുംബത്തിന്റെ ആനന്ദം പ്രാർത്ഥനയാണ്. പ്രാർത്ഥിക്കുന്ന കുടുംബത്തിന് ദൈവം നൽകുന്ന പ്രഥമ സമ്മാനം മുഖപ്രകാശമാണ്. രൂപാന്തരീകരണ സമയത്ത് അവന്റെ മുഖം സൂര്യനെപോലെ തിളങ്ങി. അതുപോലെ പ്രാർത്ഥിക്കുന്ന ഏവരുടെയും മുഖം ദൈവത്തിന്റെ അരൂപീ കൊണ്ടും കൃപകൊണ്ടും ദൈവത്തിന്റെ ശക്തികൊണ്ടും പ്രകാശിക്കും.

പ്രാർത്ഥിക്കുന്നവർക്ക് രണ്ടാമതായി ദൈവം നൽകുന്ന ദാനം വ്യക്തതയാണ്. എല്ലാ കാര്യങ്ങളെയും കുറിച്ചുമുള്ള വ്യക്തത ദൈവം നൽകുന്നത് പ്രാർത്ഥന യിലൂടെയാണ്. മൂന്നാമതായി പ്രാർത്ഥിക്കുന്നവർക്ക് ദൈവം നൽകുന്നത് ധൈര്യമാണ്. ഈ ധൈര്യം ലഭിക്കുമ്പോൾ ആരൊക്കെ എന്തൊക്കെ പറഞ്ഞാലും ദൈവം നിർദ്ദേശിച്ച കാര്യങ്ങൾ ചെയ്യുവാൻ അവർക്ക് ഒരു മടിയും കാണില്ല.

ഇങ്ങനെയെങ്കിൽ പ്രാർത്ഥിക്കുന്ന കുടുംബം പ്രകാശമുള്ള കുടുംബമായിരിക്കും. കൂടുതൽ മക്കൾക്ക് ജന്മം നല്കിയതിന് അവർക്ക് വ്യക്തമായ ഉത്തരമുണ്ടായിരിക്കും ഒപ്പം ധീരതയോടെ ലോകത്തിന് മുന്നിൽ സാക്ഷ്യം നൽകാൻ സാധിക്കും.

കുടുംബങ്ങൾ ആനന്ദകരമാകുന്നത് ദൈവത്തിൽ പ്രത്യാശയർപ്പിക്കുമ്പോഴാണ്. അതൊരു പുണ്യമാണ്. ദൈവം എന്റെ പിതാവാണെന്നും അവനെന്നെ ഒരിക്കലും ഉപേക്ഷിക്കില്ല എന്നുള്ള ഉറപ്പും. സ്വപുത്രനെ ബലിയർപ്പിക്കാൻ അബ്രഹാമിനെ പ്രേരിപ്പിച്ചത് ഈ പ്രത്യാശയാണ്. നമ്മുടെ കുടുംബങ്ങളെ പ്രത്യാശയുടെ കേന്ദ്രങ്ങളാക്കി തീർക്കണം.

കുടുംബങ്ങൾ ആനന്ദകരമാകാനുള്ള മറ്റൊരു കാര്യം കുടുംബങ്ങളെ സ്നേഹത്തിന്റെ കേന്ദ്രങ്ങളാക്കണം. അതിനായി എല്ലാ ദിവസവും ഒരു മണിക്കൂറെങ്കിലും കുടുംബം ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കണം, ഭക്ഷിക്കണം ആ ദിവസത്തെ വിശേഷങ്ങൾ പങ്കുവയ്ക്കണം. നിങ്ങൾക്കേവർക്കും ദൈവ കേന്ദ്രീകൃത കുടുംബരൂപീകരണത്തിന് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ●

*(ഫമീലിയ മീറ്റ് ദിവ്യബലി മധ്യേ നൽകിയ വചന സന്ദേശം)*

# PRESENTATION COLLEGE OF APPLIED SCIENCES

**DIOCESE OF KOTTAPURAM**

(Affiliated to Mahatma Gandhi University, Kottayam)

Manancherikunnu, Puthenvelikkara.P.O, Puthenvelikkara, Ernakulam
Contact number: 8589855675, 9447578317, 9947464500
Email id: presentationcollege2002@gmail.com
Website : www.presentationcollege.ac.in




## U G PROGRAMMES

- B.Sc. Microbiology
- B.Sc. Biotechnology
- B.Sc. Electronics
- B.Com. ( Travel & Tourism )
- B.C.A
- B.Com. ( Computer Application )
- B.Com. ( Finance & Taxation )
- B.A. English Language and Literature
- B.Sc. Psychology

## P G PROGRAMMES

- M.Sc. Biotechnology
- MTTM ( Master of Tourism and Travel Management )
- M.Sc. Microbiology
- M.Sc. Biochemistry
- M.Com. Finance & Taxation

**OUR SISTER CONCERN**

**Presentation Centre of Allied Sciences (KUHS)**
**B.Sc MLT Course**
**Contact number: 9562485750**

# സഭ ശരീരമെങ്കിൽ കുടുംബങ്ങൾ അതിലെ കോശങ്ങൾ

ഫമീലിയ മീറ്റ് മൊഴികൾ



റൈറ്റ്. റവ. ഡോ. ജയിംസ് ആനാപറമ്പിൽ
ആലപ്പുഴ രൂപത മെത്രാൻ



ദൈവത്തിന്റെ ഛായയിൽ സൃഷ്ടിച്ച മനുഷ്യന് ദൈവം നമ്മുടെ ശരീരത്തിലെ അവയവങ്ങളെ ജോടികളായാണ് നൽകിയിട്ടുള്ളത്. രണ്ട് കണ്ണ്, രണ്ട് ചെവി, രണ്ട് നാസാരന്ധ്രങ്ങൾ, രണ്ട് കൈ, രണ്ട് കാൽ.... ഇങ്ങിനെ പോകുന്നു. ശരീരത്തിലെ അസ്വസ്ഥതകൾക്ക് കാരണമാകുന്നത് ഈ അവയവങ്ങൾക്ക് ഏകോപനം നഷ്ടപ്പെടുമ്പോഴാണ്. എന്നാൽ ശരിയായ താളത്തിൽ അവയവങ്ങൾ ഏകോപിക്കപ്പെടുമ്പോൾ ശരീരം സുഖകരമായിരിക്കും. കുടുംബജീവിതവും ഇതുപോലെയാണ് കുടുംബാംഗങ്ങൾ ഒരേതാളത്തിൽ ഏകോപനത്തോടെ ജീവിച്ചാൽ കുടുംബജീവിതം സുഖകരമാകും. പല കുടുംബങ്ങളുടെയും തകർച്ചയ്ക്ക് കാരണം ഈ താളം കണ്ടെത്താനാവാത്തതും കണ്ടെത്തിയാൽതന്നെ ആ താളാത്മകമായി ജീവിക്കാൻ മനസ്സ് വയ്ക്കാത്തതുമാണ്.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ കുടുംബങ്ങൾക്കായി നൽകിയ പ്രമാണാരേഖയായ അമോരിസ് ലത്തീസ്യായിൽ (സ്നേഹത്തിന്റെ ആനന്ദം) ബൈബിളധിഷ്ഠിതമായി കുടുംബത്തെ ധ്യാനിക്കുന്നുണ്ട്. സഭ ശരീരമെങ്കിൽ കുടുംബങ്ങൾ അതിലെ കോശങ്ങളാണ്. ശരീരം കോശങ്ങൾ കൂടാതെ നിലനിൽക്കുന്നില്ല. അതുപോലെ കോശങ്ങൾക്കേൽക്കുന്ന ഏത് ക്ഷതവും ശരീരത്തിനേൽക്കുന്ന ക്ഷത

ങ്ങളാണ്. കോശങ്ങൾക്ക് ജീവിക്കാൻ സാധിക്കാതെ വന്നാൽ അത് ശരീരത്തിന്റെ മരണമാണ്. ഇതിൽ നിന്ന് വ്യക്തമാണ് സഭയിൽ കുടുംബങ്ങളുടെ പ്രാധാന്യം. കുടുംബങ്ങളുടെ വളർച്ചയാണ് സഭയുടെ വളർച്ച.

ഒരു കോശം അതിനുണ്ടാകുന്ന കേടുപാടുകൾ ഇല്ലാതാക്കാൻ മറ്റ് കോശങ്ങളിൽ നിന്നുള്ള ചൈതന്യത്തെ ആശ്രയിക്കാറുണ്ട്. ഏകശരീരത്തിൽ ബലഹീനമായ കോശങ്ങളെ താങ്ങുവാൻ ശക്തമായ മറ്റ് കോശങ്ങളുണ്ട്. അങ്ങനെയെങ്കിൽ ഏകശരീരമായ സഭയിലെ ബലഹീനമായ കോശങ്ങളായ കുടുംബങ്ങളെ താങ്ങുവാൻ ശക്തമായ കോശങ്ങൾ ഉണ്ടാകണം. ഇവിടെയാണ് പുണ്യവാളന്മാരുടെ ഐക്യം എന്ന് പറയുന്നതിന്റെ വിശ്വാസ സത്യം. വിശുദ്ധരുടെ നന്മ സഭയുടെ വലിയൊരു ഭണ്ഡാരമാണ്. അതിൽ നിന്നുള്ള ഓഹരി ഏവർക്കും ലഭ്യമാണ്. നമ്മളതിനെ വിശുദ്ധരുടെ മാദ്ധ്യസ്ഥ്യം എന്ന് വിളിക്കും.

നാം ഓർത്തിരിക്കേണ്ടത് ഒരു കോശം എപ്പോഴും ശക്തവും അതുപോലെ എപ്പോഴും അശക്തവുമെന്നല്ല. കർത്താവ് പറഞ്ഞ വിതക്കാരന്റെ ഉപമ ഇവിടെ പ്രസക്തമാണ്. നല്ല നിലത്തും പാറപ്പുറത്തും മുൾച്ചെടിയിലും വഴിയരികിലും വീണ വിത്തുകളുണ്ട്. ഇത് നാലും നാല് മനുഷ്യരിൽ സംഭവിക്കുന്നതല്ല ഒരു മനിഷ്യനിൽ തന്നെ സംഭവിക്കാവുന്ന കാര്യങ്ങളാണത്. ചില നേരത്ത് നാം നല്ല നിലമാകാറുണ്ട്, ചിലപ്പോൾ വയലിന്റെ വരമ്പുകളിൽ മാത്രമുള്ള നിലവും, മുൾച്ചെടിയിലും, പാറപുറത്തുമാവാറുണ്ട്. ഇതൊക്കെ ഒരാളുടെ ജീവിതത്തിൽ സംഭവിക്കുന്ന കാര്യങ്ങളായി മനസിലാക്കിയാൻ സഭയുടെ കൂട്ടായ്മയും കുടുംബങ്ങളുടെ കൂട്ടായ്മയും എന്തുമാത്രം ആവശ്യമുണ്ടെന്ന് മനസ്സിലാക്കാം.

## കുടുംബത്തിന്റെ അതുല്യ സ്ഥാനം

കുടുംബമാണ് ദൈവത്തിന്റെ പ്രഥമ കൂദാശ. ദൈവം തന്റെ ഛായ പ്രകാശിപ്പിച്ചത് കുടുംബത്തിലൂടെയാണ്. പുരുഷനെയും സ്ത്രീയേയും ചേർത്ത് പിടിച്ചാണ് കുടുംബത്തിന് രൂപം നൽകിയത്. ദൈവത്തിന്റെ ഛായ കുടുംബത്തിൽ രൂപം കൊള്ളുന്നത് സ്ത്രീയും പുരുഷനും ഒരുമിച്ച് ചേരുമ്പോഴാണ്. ഇതാണ് മനുഷ്യർക്ക് കിട്ടുന്ന, കുടുംബത്തിന് കിട്ടുന്ന അതുല്യ സ്ഥാനം.

## കുടുംബത്തെ നശിപ്പിക്കുന്നത് കുടുംബം

മോസസിന്റെ സഹോദരി മറിയത്തെ ബൈബിളിൽ പ്രവാചകയെന്നാണ് വിളിക്കുന്നത്. എന്തുകൊണ്ടാണ് മറിയം പ്രവാചകയായത്? മറിയമാണ് മോസസിന്റെ സംരക്ഷകയായി നിലകൊള്ളുന്നത്. ആൺകുഞ്ഞുങ്ങളെ കൊല്ലുമെന്ന് ഫറവോ കൽപന പുറപ്പെടുവിച്ചപ്പോൾ ഇസ്രായേലിലെ ശ്രേഷ്ഠർ ഒരുമിച്ച്കൂടി നമുക്കിനി സന്താനം വേണ്ടായെന്ന് തീരുമാനിച്ചതിനെ ചോദ്യം ചെയ്തത് മറിയമായിരുന്നു. ആ ശ്രേഷ്ഠന്മാരോട് മറിയം പറഞ്ഞതിപ്രകാരമാണ്: ഇനി നമുക്ക് സന്താനം വേണ്ട എന്നെടുത്ത തീരുമാനമാണ് അത്യന്തം അപകടകരം. നമ്മുടെ സന്താനങ്ങളെ രക്ഷിക്കുന്നതെങ്ങിനെയെന്ന് ദൈവത്തിനറിയാം. പക്ഷേ നിങ്ങൾ സന്താനങ്ങളെ ജനിപ്പിക്കില്ലെന്ന് തീരുമാനിച്ചാൽ ദൈവത്തിനു നമ്മെ രക്ഷിക്കാനാവില്ല. മറിയത്തിന്റെ ഈ ഇടപെടലിലൂടെ തീരുമാനം പുനഃപരിശോധിച്ചു. അത് മോസസിന്റെ ജനനത്തിനും



ഫറവോയിൽ നിന്നും ഇസ്രായേലിന്റെ രക്ഷയ്ക്കും കാരണമായി. മറിയത്തിന്റെ ഈ ഇടപെടൽ കാരണ മാണ് അവൾ ഇസ്രായേൽ ജനതയ്ക്ക് പ്രവാചിക യായത്.

വളരെ പ്രസക്തമായ ഭാഗം കുടുംബമെന്ന സംവിധാനത്തെ നശിപ്പിക്കാൻ പുറത്ത് നിന്നാർക്കും കഴിയില്ല. എന്നാൽ കുടുംബത്തിനത് കഴിയും. പക്ഷേ നമ്മൾ കരുതുന്നത് കുടുംബത്തെ നശിപ്പിക്കുന്നത് പുറത്തുള്ളവർ എന്നാണ്. നമ്മുടെ കുട്ടികളെ വഴിതെറ്റിക്കുന്നവർ പുറത്തുള്ളവർ എന്നും ധരി ക്കുന്നു. നമ്മുടെ കുടുംബത്തിന്റെ പ്രശ്നം മുഴുവൻ പുറത്തു നിന്നുള്ളവരാണ് എന്നൊക്കെയാണ് നാം കരുതുന്നത്. ഈ ചിന്തകളുടെ മുന്നിൽ മറിയത്തിന്റെ ഇടപെടൽ പ്രസക്തമാണ്. കുടുംബത്തെ നശിപ്പി ക്കാൻ കുടുംബത്തിന് മാത്രമേ കഴിയൂ. അത്രമാത്രം ഭദ്രമാ ണത്. ഇതാണ് ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടുത്തരുതെന്ന് പറയുന്നതിന്റെ പൊരുൾ.

## നദികളുടെ സംഗമം പോലെ കുടുംബം

ദൈവം യോജിപ്പിച്ചതാണ് കുടുംബം. കുടുംബ രൂപീകരണത്തിനായി അൾത്താരയെ സമീപിക്കുന്ന സ്ത്രീയും പുരുഷനും രണ്ട് നദികളാണ്. വ്യത്യസ്തങ്ങളായ സങ്കീർണ്ണമായ വഴികളിലൂടെ ഒഴുകിയെത്തി അൾത്താരയിലവർ സംഗമിക്കുക യാണ്. ഇതൊരു ത്രിവേണി സംഗമമാണ്. മൂന്ന് നദിക ളുടെ സംഗമം. ദൃശ്യമായ രണ്ട് നന്ദികൾ (സ്ത്രീയും പുരുഷനും) അൾത്താരയിൽ സംഗമിക്കുമ്പോൾ അദൃശ്യമായ എന്നാൽ യാഥാർത്ഥ്യമായ ഒരു നദികൂടി അവരിൽ ലയിക്കുന്നു. അത് പരിശുദ്ധാത്മാവാണ്. ഈ പരിശുദ്ധാത്മാവിലാണ് സ്ത്രീയും പുരുഷനും മുദ്ര പതിപ്പിക്കുന്നത്.

## വേർപ്പെടുത്താനാവാത്ത ദാമ്പത്യം

നാമിന്ന് ഭയപ്പെടുന്നത് മാധ്യമങ്ങളുടെ സ്വാധീ നവും ചുറ്റുപാടുമുള്ള മറ്റ് പ്രശ്നങ്ങളുമാണ്. മദ്യം, മയക്ക്മരുന്ന്, ആസക്തികൾ, സാമ്പത്തികം.... ഇങ്ങിനെ നൂറ് നൂറ് പ്രശ്നങ്ങൾ നമുക്ക് മുന്നിലു ണ്ടെങ്കിലും വിശുദ്ധ ഗ്രന്ഥം നമുക്ക് നൽകുന്ന ഉറപ്പ് ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടുത്താതിരി ക്കട്ടെ എന്നാണ്. പെസഹായുടെ ആത്മീയതയാണ്



കുടുംബത്തിന്റെ ആത്മീയത. കുടുംബം പടുത്തു യർത്തിയിരിക്കുന്നത് ക്രിസ്തുവിന്റെ പെസഹായി ലാണ്. സ്നാപക യോഹന്നാൻ ക്രിസ്തുവിനെ കുറിച്ച് പറഞ്ഞത്: അവൻ വളരുകയും ഞാൻ കുറയുകയും വേണം എന്നാണ്. സ്നാപകൻ കണ്ടത് ക്രിസ്തുവിൽ ചേർക്കപ്പെടുന്ന ജനതയേയാണ്, സഭയേയാണ്. ക്രിസ്തുവാകുന്ന കുഞ്ഞാടിന്റെ വധുവാണ് സഭ. സ്നാപകൻ ശിഷ്യരെ ഒരുക്കിയത് ക്രിസ്തുവിൽ ചേർക്കാൻ കൂടിയാണ്.

അതിനാൽ ക്രിസ്തുവും സഭയും തമ്മിലുള്ള കൂദാശരഹസ്യത്തിലാണ് അൾത്താരയിൽ ദാമ്പത്യം പിറവിയെടുക്കുന്നത്. ക്രിസ്തുവിനെ പ്രതിനിധീകരി ക്കാൻ കുടുംബനാഥനും സഭയെ പ്രതിനിധീകരിക്കാൻ കുടുംബനാഥയ്ക്കും കഴിയണം. ഇതാണ് ദാമ്പത്യത്തി ന്റെ പവിത്രത. സഭയാകുന്ന ശരീരത്തിലെ ഓരോ കോശവുമായ കുടുംബം ക്രിസ്തുവും സഭയും പോലെ കറകളഞ്ഞ സ്നേഹത്തിലും സന്തോഷ ത്തിലും വളരട്ടെ. ●

*ഫമീലിയ മീറ്റിൽ ദമ്പതികൾക്കായി അഭിവന്ദ്യ ജയിംസ് ആനാപറമ്പിൽ നയിച്ച സെമിനാറിൽ നിന്ന്*

# കുടുംബ ബന്ധങ്ങൾ: കാലഘട്ടം നേരിടുന്ന വെല്ലുവിളി

ഫമീലിയ മീറ്റ് മൊഴികൾ



അഡ്വ. ആന്റണി രാജു
(കേരള ഗതാഗത വകുപ്പ് മന്ത്രി)

കുടുംബബന്ധങ്ങളൊക്കെ ശിഥിലമാകുന്ന ഈ കാലഘട്ടത്തിൽ വലിയ കുടുംബങ്ങളെ വിളിച്ചു ചേർത്ത് എങ്ങനെ കുടുംബ ബന്ധങ്ങളെ ഊട്ടിയുറപ്പിക്കാം, കുടുംബത്തിൽ സ്നേഹത്തിന്റെ ആനന്ദം എങ്ങനെ വിതറാം എന്നൊക്കെ ചിന്തിക്കുന്നതും നിർദ്ദേശങ്ങൾ സ്വരൂപിച്ച് കർമ്മപദ്ധതികൾ തയ്യാറാക്കുന്നതും അഭിനന്ദനീയമായ കാര്യമാണ്.

ഈയടുത്തകാലങ്ങളിൽ നമ്മുടെ ചുറ്റുപാടുകളിൽ നിന്നും വരുന്ന വാർത്തകൾ വളരെയധികം ഭയപ്പെടുത്തുന്നതാണ്. മാതാപിതാക്കളെ കൊല്ലുന്ന മക്കൾ, മക്കളെ കൊല്ലുന്ന മാതാപിതാക്കൾ, കൂടെപിറപ്പിനെ ജീവനോടെ കുഴിച്ചുമൂടുന്ന സഹോദരൻ ഇങ്ങനെ തുടങ്ങുന്ന എണ്ണിയാലൊടുങ്ങാത്ത ദാരുണ സംഭവങ്ങൾ. എല്ലാം കുടുംബബന്ധങ്ങളിലുണ്ടായ ശൈഥില്യവും, പൊരുത്തകേടുകളും, താളപ്പിഴകളും, ധനമോഹവുമാണ്.

കുടുംബമാണ് സമൂഹത്തിന്റെ അടിസ്ഥാന ഘടകം. കുടുംബം നന്നായാൽ സമൂഹവും നല്ല സമൂഹത്തിലൂടെ നല്ല രാജ്യവും അങ്ങനെ നല്ലൊരു ലോകവും രൂപപ്പെടും. എല്ലാ നന്മകളുടെയും അടിസ്ഥാനം കുടുംബമാണ്. ജോൺപോൾ രണ്ടാമൻ പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നതും ഇതുതന്നെയാണ്; സുവിശേഷവത്കരണം സാധ്യമാവുന്നത് ഗാർഹിക സഭയായ കുടുംബത്തെ ആശ്രയിച്ചാണ്. നല്ല കുടുംബങ്ങൾക്ക് രൂപം നൽകേണ്ടതിന്റെ പ്രാധാന്യം വിളിച്ചോതാൻ മറ്റൊരു വാചകം വേണ്ട.

വിവാഹ ജീവിതത്തിൽ പ്രവേശിക്കുന്ന എല്ലാവരും ആഗ്രഹിക്കുന്ന കാര്യമാണ് നല്ലൊരു കുടുംബത്തിന് രൂപം നൽകുകയെന്നത്. എന്നാൽ എത്രപേർ അതിന് വേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. പരസ്പരം ബഹുമാനിക്കുന്ന, അനുസരിക്കുന്ന, ഒത്തൊരുമയോടെ സമയം ചെലവഴിക്കുന്ന ഭാര്യയും ഭർത്താവും മക്കളുമായാലേ നല്ല കുടുംബംത്തിന് രൂപം നൽകാൻ സാധിക്കൂ.

കുടുംബങ്ങളെ അലട്ടുന്ന നിരവധി പ്രശ്നങ്ങളിലൊന്ന് മക്കളാണ്. ലഹരിയുടെയും, അപകടങ്ങളുടെയും, സുരക്ഷിതത്വമില്ലായ്മയുടെയും ചുറ്റുപാടിലാണ് അവർ പഠിക്കുന്നതും, യാത്രചെയ്യുന്നതും, കൂട്ടുകൂടുന്നതും. അതുപോലെ മാതാപിതാക്കൾക്ക് പഴയകാല സ്വാതന്ത്ര്യം മക്കളോട് ഇല്ല. തെറ്റ്



ചുണ്ടികാണിക്കാൻ കഴിയാത്ത സ്ഥിതിപോലും മതാപിതാക്കൾ നേരിടുന്നു. ഈ കാലഘട്ടത്തെ മുൻകൂട്ടി കണ്ടതുകൊണ്ടാകാം ക്രിസ്തു പറഞ്ഞത്: എന്നെ ഓർത്ത് കരയേണ്ട; നിങ്ങളെയും നിങ്ങളുടെ മക്കളെയും ഓർത്ത് നിങ്ങൾ കരയുവിൻ എന്ന്.

ഇവിടെയാണ് പ്രാർത്ഥനയുടെ പങ്ക് എത്രയോ വലുതാണ് എന്ന് സഭ പഠിപ്പിക്കുന്നത്. കോടികളുടെ സമ്പാദ്യത്തെക്കാൾ എത്രയോ വലുതാണ് കുടുംബ പ്രാർത്ഥന. ഫ്രാൻസിസ് പാപ്പ കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്താൻ പ്രധാനമായും ചൂണ്ടികാണിക്കുന്നതും മറ്റൊന്നല്ല. ബൈബിൾ കുടുംബങ്ങളിൽ അലങ്കാര വസ്തുവായി സൂക്ഷിക്കേണ്ട ഒന്നല്ല മറിച്ച് അത് വീട്ടിൽ പ്രകാശം പരത്തുവാൻ എല്ലാ ദിവസവും വായിച്ച് ധ്യാനിച്ച് പങ്കുവയ്ക്കാനുള്ളതാണ്. അത്തരം കുടുംബങ്ങൾ വെല്ലുവിളികളെ അതിജീവിച്ച് തിരുക്കുടുംബമായി മാറുകതന്നെ ചെയ്യും. ●

*ഫമീലിയ മീറ്റ് പൊതുസമ്മേളനത്തിലെ ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്* ^



## വലിയ കുടുംബങ്ങൾ: കാലഘട്ടം ഉയർത്തുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം

റവ. ഫാ. തോമസ് തറയിൽ
(ഡെപ്യൂട്ടി സെക്രട്ടറി,
കെ ആർ എൽ സി ബി സി)

കുടുംബങ്ങൾക്കും ബന്ധങ്ങൾക്കും തകർച്ച നേരിടുമ്പോൾ ലോകത്തുയരുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ഫമീലിയ മീറ്റിൽ പങ്കെടുക്കുന്ന വലിയ കുടുംബങ്ങൾ. കുടുംബം കൂട്ടായ്മയാണെന്നും അത് ഒരു ആനന്ദമാണെന്നും പറയുന്നത് വെറുമൊരു ആശയമല്ല മറിച്ച് അത് ഒരു യാഥാർത്ഥ്യമാണെന്ന് ജീവന്റെ ദാനം സമൃദ്ധമായി സ്വീകരിച്ച്കൊണ്ട് ലോകത്തിന് മുന്നിൽ വിളിച്ച് പറയുന്ന സത്യമാണ് ഓരോ വലിയ കുടുംബവും. എല്ലാ കുടുംബങ്ങൾക്കും ദൈവാനുഗ്രഹം നേരുന്നു.



## നാം നോക്കേണ്ടത് മുകളിലേക്ക്... ദൈവത്തിലേക്ക്....

റവ. ഫാ. ക്ളീറ്റസ് കതിർപറമ്പിൽ
(സെക്രട്ടറി,
ഫാമിലി കമ്മിഷൻ, കെ സി ബി സി)

മനുഷ്യനെ മറ്റ് ജീവികളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് അവന്റെ ആത്മീയതയാണ്. എന്നാൽ ആത്മീയമനുഷ്യൻ അധഃപതിച്ചാൽ വെറും പദാർത്ഥമായ മൃഗങ്ങളെക്കാൾ താഴുന്ന അവസ്ഥയാകും. അതിനുദാഹരണമാണ് കുടുംബത്തിൽ നിന്നകന്ന് പോയ ധൂർത്തപുത്രൻ. അവന്റെ അവസ്ഥ പന്നികളെക്കാൾ കഷ്ടത്തിലായി. പന്നികൾക്ക് ലഭിച്ചിരുന്ന തവിട് പോലും അവന് ലഭിച്ചില്ല. ആയതിനാൽ നമ്മിലെ ആത്മീയത നഷ്ടപ്പെടാതെ കുടുംബത്തിൽ നിന്നും ആ സ്നേഹത്തിൽ നിന്നും അകലാതെ തലയുയർത്തി ദൈവോന്മുഖരായി ജീവിക്കാൻ സാധിക്കട്ടേയെന്ന് പ്രാർത്ഥിക്കുന്നു.

# ഒന്നിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ച് നില നിൽക്കും

- മദർ തെരേസ -

ഫമീലിയ മീറ്റ്
മൊഴികൾ



# ജീവന്റെ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കണം



റൈറ്റ്. റവ. ഡോ. ജോസഫ് കരിയിൽ
(പ്രസിഡന്റ്, കെ ആർ എൽ സി ബി സി)

ശാസ്ത്ര സാങ്കേതിക രംഗം വളർച്ച കൈവരിക്കുന്നത് ശരിയായ ദിശയിലേക്കാണോ എന്ന് പുനർവിചിന്തനം ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മനുഷ്യന്റെ നിലനിൽപിന് തന്നെ വെല്ലുവിളി ഉയർത്തി ശാസ്ത്രം പുരോഗതി കൈവരിക്കുന്നത് ആശങ്കാജനകമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന ശാസ്ത്രശാഖ ശ്രമിക്കുന്നത് മനുഷ്യനെ പോലെ ചിന്തിക്കുന്ന മെഷീനുകളെ സൃഷ്ടിക്കാനാണ്. മനുഷ്യരെയും അവന്റെ പ്രയത്നങ്ങളെയും കുറയ്ക്കാനാണവർ ശ്രമിക്കുന്നത്. അവർക്ക് മനുഷ്യനെന്നാൽ വംശനാശം വരാൻപോകുന്ന ജീവിയാണ്. അതായത് പോസ്റ്റ് ഹ്യുമൺ ഇര. ഇങ്ങനെയൊക്കെ വരുത്താൻ ശ്രമിക്കുന്നതും മനുഷ്യരാണെന്നുള്ളത് വിരോധാഭാസം.

ജീവന്റെ മൂല്യത്തെയും ജീവിതത്തിന്റെ പവിത്രതേയേയും കുറിച്ച് ആരും ചിന്തിക്കുന്നില്ല. അവർക്ക് മനുഷ്യ ശരീരം വെറും മാംസ കഷ്ണം മാത്രം. ഇവിടെയാണ് സഭ പഠിപ്പിക്കുന്നത് ഒരു കുഞ്ഞ് ഗർഭപാത്രത്തിൽ രൂപം കൊള്ളുന്ന നിമിഷം മുതൽ അത് പവിത്രവും അമൂല്യവുമാണെന്ന്. ഇന്ന് ലോകത്ത് മനുഷ്യനെ ഭരിക്കുന്നത് ലാഭ നഷ്ടങ്ങളും സുഖലോലുപതയുമാണ്. അതിനാൽ തന്നെ ജീവനെ സംരക്ഷിക്കുന്നതിന് പകരം നശിപ്പിച്ച് എങ്ങനെ ലാഭമുണ്ടാക്കാം. എങ്ങനെ സുഖലോലുപതിയിൽ ജീവിക്കാം എന്നതിനെകുറിച്ചാണ്. നശീകരണത്തിന്റെ വാക്കുകൾ പോലും (പൊളിച്ചു, തകർത്തു, പൊളി, കലക്കി....) ഇന്ന് ആഘോഷിക്കപ്പെടുന്നു. വാക്കുകളുടെ അർത്ഥങ്ങൾ തലതിരിച്ചിട്ട് വലിയ ജീവിത പ്രമാണമായി ആഘോഷിക്കുമ്പോൾ നാം മനസിലാക്കണം നമ്മൾ ജീവന്റെ സംസ്കാരമല്ല മരണത്തിന്റെ, നാശത്തിന്റെ സംസ്കാരമാണ് വളർത്തുന്നതെന്ന്.

ജീവിച്ചിരിക്കുന്നവർക്ക് ജീവിനിൽ കൊതിയുണ്ട്. അതിനായി നാം പല മുൻ കരുതലകളുമെടുക്കും. എന്നാൽ നമുക്ക് ജീവന്റെ തുടിപ്പ് പേറുന്ന കുരുന്നുകളെ ഗർഭാവസ്ഥയിൽ തന്നെ ഇല്ലാതാക്കാൻ ഒരു മടിയും ഇല്ല. പ്രായമായവരുടെ എണ്ണം കൂടുകയും യുവതലമുറ വർക്കിംഗ് ഫോഴ്സായി ഇല്ലാതാവുകയും ചെയ്താൽ ആ നാടും ജനസമൂഹവും നശിക്കും. ജപ്പാനിലും ചൈനയിലും ഒക്കെ സംഭവിക്കുന്നത് അതാണ്. അവർ നയം തിരുത്താൻ ശ്രമിക്കുമ്പോൾ നാം അവരുടെ പാത പിന്തുടരാനുള്ള ശ്രമമാണ് നടത്തുന്നത്.

നമ്മൾ സമൂഹത്തിൽ ഉത്തരവാദത്വമുള്ള മാതാപിതാക്കളായി മാറണം. വിവാഹ പ്രായത്തിൽ വിവാഹ ജീവിതത്തിൽ പ്രവേശിച്ച് മക്കൾക്ക് ജന്മം നൽകി മനുഷ്യാന്തര കാലം വരാനിടയാക്കാതെ ജീവന്റെ സംസ്കാരം ഇവിടെ വളർത്തണം. ●

# ഫമീലിയ മീറ്റ്: നന്ദി, മടങ്ങി വരും തീർച്ച



അനുഭവ കുറിപ്പ്

റവ. ഫാ. ജോൺസൺ തൗണ്ടയിൽ
(സെന്റ്. ജോർജ്ജ് ഇടവക വികാരി)

ലക്ഷക്കണക്കിന് വിശ്വാസികൾ വന്നുപോകുന്ന മകരം തിരുനാളും പതിനായിരങ്ങൾ ഒരുമിച്ചു കൂടുന്ന ബൈബിൾ കൺവെൻഷനും ഏറെ ഭംഗിയായി നടത്തപ്പെടുന്ന മണ്ണിൽ രണ്ടായിരം പേർക്കു വേണ്ടി ഒരു പരിപാടി നടത്തുക എന്നത് വലിയ കാര്യമാവില്ല എന്നറിയാവുന്നതുകൊണ്ടാണ് ഫാമിലി കമ്മീഷൻ നടത്തുന്ന പരിപാടികളിൽ സഹകരിക്കാനാവശ്യപ്പെട്ടപ്പോൾ ഇരുകൈകളും നീട്ടി സ്വീകരിച്ചത്. ആദ്യകൂടിക്കാഴ്ചയിൽ വലിയ ഗൗരവം കൽപ്പിച്ചുമില്ല. തുടർന്നുള്ള മീറ്റിംഗുകളിൽ ചർച്ചകൾ കനത്തു തുടങ്ങിയപ്പോഴാണ് നടക്കാൻ പോകുന്ന കാര്യത്തിന്റെ വലിപ്പം മനസ്സിലായത്.

2000 പേരുടെ ഒരു പരിപാടി എന്നതിനപ്പുറം ഈ കാലഘട്ടത്തിൽ പലതിനുമുള്ള ഉത്തരമാണ് ഈ സംഗമമെന്ന് മനസ്സിലായി. ഈ പ്രോഗ്രാമിന് കുറച്ചു നാളുകൾക്ക് മുന്നേ ഇടവകയിൽ അവിവാഹിതരായ ചെറുപ്പക്കാരുടെ ഒരു കണക്കെടുപ്പു നടത്തി. 30 കുടുംബങ്ങളിൽ കുറഞ്ഞത് ആറുപേരെന്ന നിലയിൽ അവിവാഹിതരായവരെ കണ്ടുമുട്ടി. ഇവർക്ക് വിവാഹം കഴിക്കാൻ ആഗ്രഹമില്ലാതിരുന്നിട്ടല്ല. പെണ്ണുകിട്ടാതിരുന്നതുകൊണ്ട് നിന്നുപോയതാണ്. സമാനതകളില്ലാത്ത ഈ അവസ്ഥയ്ക്ക് കാരണം ദൈവമല്ല, അവിടുത്തെ തീരുമാനത്തെ കീഴ്മേൽ മറിച്ച് മക്കൾ വേണ്ടെന്നും ആൺമക്കൾ മതിയെന്നും മനുഷ്യൻ തീരുമാനിച്ചതാണ്. ഫമീലിയ കുടുംബങ്ങൾ ഒന്നിച്ചു കൂടിയപ്പോൾ, കുട്ടികളുടെ എണ്ണം വലിയ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കിവയ്ക്കുമെന്നും കുട്ടികൾ കൂടിയാൽ അവരുടെ കാര്യങ്ങളിൽ ശ്രദ്ധിക്കാൻ വലിയ ബുദ്ധിമുട്ടാണെന്നും കരുതുന്ന പുതിയ തലമുറയ്ക്ക് അത് കൃത്യമായ സന്ദേശമായിരുന്നു. ഒരു പ്രോഗ്രാമിന്റെ സഹകാരിയാകുക എന്നതിനപ്പുറം വലിയ അഭിമാനത്തിന്റെ നിമിഷങ്ങളായിരുന്നു ഈ സംഗമദിനങ്ങൾ.

കേരളത്തിൽ അങ്ങോളമിങ്ങോളം പലസ്ഥലങ്ങളിലായി ജീവിക്കുന്ന നമ്മൾ ഒരു വിശ്വാസവും ഒരു സമുദായവും എന്ന നിലയിൽ ഒത്തുകൂടുകയും ആശയങ്ങൾ പങ്കുവയ്ക്കുകയും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുകയും ചെയ്യുന്നതിന്റെ നന്മ അഹറോന്റെ താടിരോമത്തിലെ തൈലത്തിന്റെ പരിമളമുള്ളതാണ്. കുട്ടികളുടെ എണ്ണം കുറയുന്നതുകൊണ്ട് കൂടുതൽ ശ്രദ്ധയിലൂന്നി വളർത്തിയെടുക്കാൻ കഴിയുമെന്ന അബദ്ധ ജഡിലമായ ചിന്തയ്ക്ക് ഉദാഹരണമാണ് കുട്ടികളുടെ ഇടയിൽ വളർന്നുവരുന്ന അക്രമ വാസനകളും ലഹരിയുടെ ഉപയോഗവും. ഒരുമിച്ച് സഹകരിച്ച് തല്ലികളിച്ചു വളരുന്നതിന്റെ പുതുവെട്ടം ഈ സംഗമഭൂവിൽ നമുക്ക് കാണാൻ കഴിഞ്ഞു. മനസ്സിൻ കോണിൽ മയിൽപ്പീലി തുണ്ടുപോലെ എന്നും കാത്തുസൂക്ഷിക്കാവുന്ന ഒരു നല്ല സമ്മാനമായിരുന്നു ഫമീലിയ മീറ്റ്.



ഇടവകയിലെ തിരഞ്ഞെടുക്കപ്പെട്ട ഭവനങ്ങളിൽ മീറ്റിൽ പങ്കെടുക്കുന്നവരെ താമസിച്ചപ്പോഴും അവർ പങ്കുവെച്ച നല്ലകാര്യങ്ങളും ഓർമ്മച്ചെപ്പിൽ ഉണ്ട്. പുതിയൊരു കത്തോലിക്കാ കുടുംബത്തെ കണ്ടുമുട്ടുവാൻ കഴിഞ്ഞതിന്റെ സന്തോഷം. മടങ്ങിപ്പോകുമ്പോൾ പലരുടെയും കണ്ണുനിറയുന്നുണ്ടായിരുന്നു. ഇനിയും കാണണം എന്ന ആശംസകളും മടങ്ങിവരുമെന്ന വാഗ്ദാനങ്ങളും കേൾക്കാമായിരുന്നു. ഏറെ വിശ്വാസികൾ ചവിട്ടി നടന്ന മണ്ണ് വലിയ കുടുംബങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് കൂടുതൽ പവിത്രമായി ഏഴും എട്ടും മക്കളുടെ മാതാപിതാക്കന്മാർ തങ്ങളുടെ മക്കളോടുംകൂടെ സംഗമത്തിനു തിരിത്തെളിച്ചപ്പോൾ ദൈവഹിതത്തിനു പൂർണ്ണമായും "ഇതാ കർത്താവിന്റെ ദാസർ" എന്ന് ഉത്തരം പറഞ്ഞവരെ പ്രതി സ്വർഗ്ഗവും സന്തോഷിച്ചിട്ടുണ്ടാകും. കേരള ലത്തീൻ കത്തോലിക്കാ സഭയുടെ അജപാലകരുടെ സജീവസാന്നിധ്യം എടുത്തുപറയേണ്ട ഒന്നാണ്. ഇക്കാലത്തിന്റെ ആവശ്യത്തെ വ്യക്തമായി തിരിച്ചറിയുന്ന പിതാക്കന്മാർ മുഴുവൻ സമയവും വലിയ കുടുംബത്തോടൊപ്പം ആയിരിക്കുവാൻ സമയം കണ്ടെത്തി. മണ്ണുവാരിയിടാൻ സ്ഥലമില്ലാത്തവിധം ജനം തിങ്ങിനിറയുന്ന വലിയ ആഘോഷങ്ങൾക്ക് ഈ മണ്ണ് സാക്ഷ്യം വഹിച്ചിട്ടുണ്ടെങ്കിലും ഇതുപോലൊരു സംഗമം ഹൃദയത്തിന് ഏറെ ആനന്ദം നൽകി. ഈ വലിയ ദിനത്തിന് സഹകാരിയാകാൻ കഴിഞ്ഞത് വലിയ പുണ്യമായി കരുതുന്നു. ●

# കുടുംബമാകാൻ; വർക്ക്ബുക്ക് പ്രകാശനം ചെയ്തു.



കേരളത്തിലെ ലത്തിൻ രൂപതകളിൽ നടക്കുന്ന വിവാഹ ഒരുക്ക സെമിനാറിൽ ഉപയോഗിക്കാനായി ഏകീകൃത വർക്ക്ബുക്ക് **'കുടുംബമാകാൻ'** എന്നപേരിൽ പ്രകാശനം ചെയ്തു. അർത്തുങ്കലിൽ നടന്ന ഫമീലിയ മീറ്റിൽ ഫാമിലി കമ്മിഷൻ, സിസിബിഐ സെക്രട്ടറി ഫാ. മിൽട്ടൺ ഗോൺസാലവസ് മീറ്റിന്റെ കൺവീനർ കൂടിയായ ഫാ. ജോണസൻ തൗണ്ടയിലിന് നൽകിയാണ് പ്രകാശനം നിർവ്വഹിച്ചത്. വിവാഹ ഒരുക്ക സെമിനാറിൽ നടക്കുന്ന ക്ളാസ്സുകളെ ആസ്പദമാക്കിയുള്ള നോട്ടുകളും, ചോദ്യങ്ങളും, അഭ്യാസങ്ങളും ഉൾപ്പെടുത്തിയതാണ് കുടുംബമാകാൻ വർക്ക്ബുക്ക്. സെമിനാറിൽ ക്രിയാത്മകമായി പങ്കെടുക്കാനും ശ്രദ്ധകേന്ദ്രീകരിക്കാനും ഈ വർക്ക്ബുക്ക് ഉപകരിക്കും



അനുഭവ കുറിപ്പ്



# ബന്ധങ്ങൾക്ക് വഴിയൊരുക്കിയ ഫമീലിയ മീറ്റ്

ജോസഫ് അലക്സും കുടുംബവും, സിറ്റി സെന്റ് ജോസഫ്സ് ഇടവക, കോഴിക്കോട് .

അനുഗ്രഹങ്ങളുടെ പൂമഴ ചൊരിയപ്പെടുന്ന പുണ്യഭൂമിയായ ആർത്തുങ്കൽ പള്ളിയിൽ വെച്ച് നടത്തപ്പെട്ട ക്രിസ്തു കുടുബങ്ങളുടെ കൂട്ടായ്മ യായഫമീലിയ കൺവെൻഷനിലേക്ക് ഞങ്ങളെ ആദ്യം സ്വാഗതം ചെയ്തത് സെന്റ്. ജോർജ്ജ് ഇടവക വികാരിയായ ഫാദർ. ജോൺസൺ അച്ചനും ഇടവകാംഗങ്ങളുമാണ് . യാതൊരു മുൻപരിചയവും ഇല്ലാതിരുന്ന ഞങ്ങളെ ഏറ്റവും സ്നേഹത്തോടെ അവരുടെ കുടുംബാംഗങ്ങളാക്കി മാറ്റിയത് ആനീ-ബെന്നീ ദമ്പതികളും അവരുടെ മൂന്ന് മക്കളും അതോടൊപ്പം അവിടെയുണ്ടായ രണ്ട് അമ്മച്ചിമാരും ആണ് . ഏറെ സ്നേഹ വാത്സ്യല്യങ്ങളോടെ ഞങ്ങളെ കരുതിയ ആ കുടുംബത്തിനും ഇടവക വികാരി ജോൺസൺ അച്ചനും തമ്പുരാനും ഒത്തിരി നന്ദി.. ഞങ്ങൾക്ക് ആലപ്പുഴയിൽ ഒരു കുടുംബത്തെ ലഭിച്ചു ; അവർക്ക് കോഴിക്കോടും, അതിന് വഴിയൊരുക്കിയത് ഫമീലിയ മീറ്റും. ഒരുപാട് പിതാക്കന്മാരുടേയും പ്രമുഖ വ്യക്തികളുടേയും അനുഗ്രഹങ്ങൾ ലഭിച്ചപ്പോൾ ക്രിസ്തുവിന്റെ കുടുംബമായതിൽ അഭിമാനവും സന്തോഷവും. ഫെമീലിയ മീറ്റിന്റെ അണിയറയിൽ പ്രവർത്തിച്ച കെ ആർ എൽ സി ബി സി ഫാമിലികമ്മിഷൻ ഭാരവഹികൾക്ക് നന്ദി.




Greetings from

**St.Sebastian's Visitation Hospital**
**Arthunkal**

# ഒരു ഫമീലിയ കത്ത്

അനുഭവ കുറിപ്പ്

സ്നേഹ ബഹുമാനമുള്ള സെന്റ് ആന്റണീസ് ഇടവകയിലെ വികാരി അലക്സ് അച്ചനും ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും തിരുവനന്തപുരം അതിരൂപതാ കുടുംബശുശ്രൂഷയുടെയും അതിരൂപതയിലെ എല്ലാ കുടുംബങ്ങളുടേയും പ്രാർത്ഥനാശംസകൾ!

"അത്യുന്നതനായ കർത്താവേ അങ്ങേയ്ക്ക് കൃതജ്ഞതയർപ്പിക്കുന്നതും അങ്ങയുടെ നാമത്തിനു സ്തുതികൾ ആലപിക്കുന്നതും എത്ര ശ്രേഷ്ഠം". (സങ്കീ. 92:1)

2022 മാർച്ച് 26, 27 ദിനങ്ങൾ തിരുവനന്തപുരം അതിരൂപതാ ദൈവജനങ്ങളെ സംബന്ധിച്ച് സന്തോഷം നിറഞ്ഞ ഒരു അനുഭവം ആയിരുന്നു. അനേകം ദിനരാത്രങ്ങളുടെ കാത്തിരിപ്പിനും ഒരുക്കങ്ങൾക്കുമൊടുവിൽ ദൈവാനുഗ്രഹത്തിന്റെ നീർച്ചാലുകളിലേക്ക് ഒഴുകിയിറങ്ങാൻ അതിരൂപതാ കുടുംബശുശ്രൂഷയുടെ നേതൃത്വത്തിൽ വലിയ കുടുംബങ്ങൾ അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ബസിലിക്കയിൽ വി. സെബസ്ത്യാനോസിന്റെ പാദാന്തികത്തിൽ വന്നണയുകയും പ്രാർത്ഥനയോടും അതിലേറെ ആകാംഷയോടും സെന്റ് ആന്റണീസ് ഇടവകയിൽ വരുകയുമുണ്ടായി. പ്രതീക്ഷിച്ചതിലും അധികം വാത്സല്യത്തോടും കരുതലോടുംകൂടെ സ്വന്തം ഇടവക കുടുംബത്തിലെ അംഗങ്ങളെപ്പോലെ ഞങ്ങളെ സ്വീകരിക്കുകയും പിതാവ് മക്കളെ കാത്തിരിക്കുന്നതുപോലെ സന്ധ്യയുടെ മയക്കത്തിലും മണിക്കൂറുകൾ ഞങ്ങളെ കാത്തിരിക്കുകയും ചെയ്ത ഒരു കുടുംബനാഥനെയും കുടുംബാംഗങ്ങളെയുമാണ്, വികാരി ഫാ. അലക്സിലൂടേയും മറ്റ് ഇടവകാംഗങ്ങളിലൂടെയും കാണാൻ സാധിച്ചത്.

ഇടവകയിൽ എത്തുന്നതിനു മുൻപ് തന്നെ എല്ലാവരെയും ഫോണിലൂടെ ബന്ധപ്പെടുകയും സുഖവിവരങ്ങൾ അന്വേഷിച്ചുകൊണ്ട് നൽകിയ സ്വാഗതാർഹമായ സംഭാഷണവും വഴി സെന്റ് ആന്റണീസ്



ഇടവകയിലെ ഓരോ കുടുംബവും തിരുവനന്ത പുരത്തെ ദൈവജനമായ ഞങ്ങളെ ഏറെ അത്ഭുത പ്പെടുത്തിയിരുന്നു. അവിടെ എത്തിച്ചേർന്നതിനു ശേഷം നല്ല വാക്കുകളിലൂടെയും ഏവരെയും ആകർ ഷിക്കുന്ന പുഞ്ചിരിയിലൂടെയും ഞങ്ങളെ സ്വാഗതം ചെയ്തു. യാത്രാക്ഷീണമെല്ലാം മറന്ന് ആ ഇടവക യിലെ ജനമായി മാറിയ അനുഭവമാണുണ്ടായത്. ഈ വരവേൽപ്പ് തന്നെ ഒരു അനുഭവമായിരിക്കെ ഞങ്ങളെ അത്ഭുതപ്പെടുത്തിക്കൊണ്ട്, ഫാ. അലക്സ് ഇടവക ജനങ്ങളുടെ സാന്നിധ്യത്തിൽ ആ രാത്രിയിൽ ഞങ്ങളെ ഓരോരുത്തരെയും മാതാവിന്റെ പ്രത്യേക സംരക്ഷണത്തിലും മദ്ധ്യസ്ഥത്തിലും സമർപ്പിച്ചു കൊണ്ട് ഏറ്റവും ആകർഷകമായ പരിശുദ്ധ അമ്മ ഉണ്ണിയേശുവിനെ കൈകളിൽ വഹിക്കുന്ന ചിത്രവും ജപമാലയും സ്നേഹസമ്മാനമായി നൽകുകയും ചെയ്തു. തുടർന്ന് ഇടവകയുടെയും അതാത് നിയോ ഗിക്കപ്പെട്ട കുടുംബങ്ങളുടെയും നേതൃത്വത്തിൽ ഒരുക്കിയ വാഹനങ്ങളിൽ കൊണ്ടുപോകുകയും വളരെ സുരക്ഷിതമായി ഭവനങ്ങളിൽ എത്തിക്കു കയും ചെയ്തു.

ഞങ്ങളെ കാത്തിരുന്ന ഓരോ കുടുംബങ്ങ ളുടെയും മുഖത്ത് പ്രാർത്ഥിച്ച് ഒരുങ്ങി കാത്തിരുന്ന നിറസന്തോഷം കാണാമായിരുന്നു. ഒത്തിരി സ്നേഹ ത്തോടും വാത്സല്യത്തോടും കൂടിയായിരുന്നു സെന്റ് ആന്റണീസ് ഇടവക മക്കൾ ഞങ്ങളെ ഭവനത്തിലേക്ക് സ്വീകരിച്ചത്. പ്രാതലൊ രുക്കി കാത്തിരിക്കുന്ന യേശുവിനെപ്പോലെയാണ്, അത്താഴം ഒരുക്കി കാത്തിരുന്ന കുടുംബാംഗങ്ങൾ. കൂട്ടായ പ്രാർത്ഥന കളിലൂടെയും ഒരുമിച്ചുള്ള അത്താഴത്തിലൂടെയും പങ്കുവയ്ക്കലിലൂടെയും ആദിമ ക്രൈസ്തവ സമൂഹത്തെ ഓർക്കാനും ആഴമേറിയ ദൈവാനുഭ വത്തിലേക്ക് വളരാനും സാധിച്ചതിൽ വളരെയേറെ സന്തോഷമുണ്ട്.

ഓരോ കുടുംബങ്ങൾക്കും ഓരോ അനുഭവ ങ്ങളാണ് ഞങ്ങളോട് പങ്കുവയ്ക്കാൻ ഉണ്ടായിരു ന്നത്. ചില കുടുംബങ്ങളിലെ ഏറ്റവും ഇളയകുട്ടി പങ്കുവച്ച വചനവിചിന്തനംപോലും ഞങ്ങളെ അത്ഭുത പ്പെടുത്താൻ തക്ക ചിന്തകൾ ഉൾക്കൊള്ളുന്നതാ യിരുന്നു. മക്കളില്ലാത്ത ദമ്പതികൾക്ക് മക്കളാകാനും ചെറുമക്കളെ കാണാതെയിരുന്നവർക്ക് സന്തോഷം നൽകാനും സ്വീകരിക്കാനും സാധിച്ചു.

ഓരോ കുടുംബങ്ങൾ നൽകിയ മാതൃ കയും സൽക്കാരങ്ങളും എന്നും തിരുവനന്തപുരം അതിരൂപതയുടെ ഹൃദയത്തിൽ നന്ദിസൂചകമായി നിലകൊള്ളുമെന്ന് ഉറപ്പുനൽകുന്നു. ചുരുങ്ങിയ വാക്കുകളിൽ നന്ദിയർപ്പിച്ചുവെങ്കിലും ഒന്നുമാകില്ലെ ന്നറിയാം.

ഒത്തിരി സ്നേഹത്തോടെ അതിനേക്കാള ധികം ഒത്തിരി കൃതജ്ഞതയോടെ സെന്റ് ആന്റണീസ് ഇടവക വികാരി അലക്സ് അച്ചനും ഇടവക ജനത്തിനും ഞങ്ങളെ സ്വീകരിച്ച എല്ലാ കുടുംബങ്ങ ൾക്കും തിരുവനന്തപുരം അതിരൂപതാ മക്കളുടെയും കുടുംബശുശ്രൂഷയുടെയും പ്രാർത്ഥനകളും എല്ലാ മംഗളങ്ങളും നേരുന്നു.


ഒത്തിരി സ്നേഹത്തോടെ

തിരുവനന്തപുരം അതിരൂപതാ കുടുംബങ്ങൾ






# കർത്തൃസന്നിധിയിൽ യാത്രയായ
# റൈറ്റ് റവ. ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ
# പിതാവിന് പ്രണാമം.







അഭിവന്ദ്യ സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവ് ഫമീലിയ മീറ്റിൽ പങ്കെടുത്തപ്പോൾ

**ഫാമിലി കമ്മിഷൻ**
**കെ ആർ എൽ സി ബി സി**



# കൗൺസിലേഴ്സ് ഡയറക്ടറി പ്രകാശനം ചെയ്തു.

കേരളത്തിലെ 12 ലത്തീൻ രൂപതകളിലും കുടുംബ പ്രേഷിത ശുശ്രൂഷ വഴി കൗൺസിലിംഗ് സേവനം നൽകുന്നവരുടെ ഡയറക്ടറി ഫാമിലി കമ്മിഷൻ കെ ആർ എൽ സി ബി സി യുടെ നേതൃത്വത്തിൽ പുറത്തിറക്കി. ഫമീലിയ മീറ്റിന്റെ പൊതുസമ്മേളനത്തിൽ വച്ച് ആലപ്പുഴ ബിഷപ് എമിരിത്തൂസ് റൈറ്റ്. റവ. ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവാണ് ഡയറക്ടറി പ്രകാശനം ചെയ്തത്. കെ ആർ എൽ സി ബി സി ഡെപ്യൂട്ടി സെക്രട്ടറി ഫാ. തോമസ് തറയിൽ ഏറ്റ് വാങ്ങി.

ആധുനിക ലോകത്ത് പലവിധ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾക്ക് കൗൺസിലിംഗ് സേവനം പ്രയോജനപ്പെടുത്തുന്നതിന് ഈ ഡയറക്ടറി സഹായകരമായിരിക്കും. ഫാമിലി കമ്മിഷന്റെ കീഴിലുള്ള കൗൺസിലേഴ്സ് ഫോറമാണ് ഡയറക്ടറിക്ക് രൂപം നൽകാൻ തീരുമാനിച്ചതും പ്രാവർത്തികമാക്കിയതും. കോവിഡ് മഹാമാരി രൂക്ഷമായ സാഹചര്യത്തിൽ കൗൺസിലിംഗ് ഫോറത്തിന് കീഴിൽ എല്ലാ ലത്തീൻ രൂപതകളിലും ടെലികൗൺസിലിംഗ് സേവനം നൽകിയിരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫാമിലി ഹെല്പ് ലൈനും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. അത്യാവശ്യ കൗൺസിലിംഗിനായി വിളിക്കേണ്ട ഫാമിലി ഹെല്പ് ലൈൻ നമ്പർ: 94 00 10 10 44.


LITTLE FLOWER
NOTE BOOK & PAPER BAG CENTRE



We deals with all kinds of School Stationaries, Paper carry bags, Shoping bags & Cake bags....

8/A2,AYARKUNNAM
KOTTAYAM - 686 564

JOHN: 79072 46182
MARTIN: 88483 34885
E-mail: ifpnotebooks@gmail.com




Amoris Laetitia Family
Year 2021 - 2022

കുടുംബ പ്രേഷിത ശുശ്രൂഷ | കെ ആർ എൽ സി ബി സി

**സംസ്ഥാനതല കുടുംബവർഷാചരണം - കുടുംബസംഗമം**

**2022 മാർച്ച് 26 & 27, അർത്തുങ്കൽ ബസിലിക്ക**

# ഫമീലിയ മീറ്റ് അണിയറയിൽ പ്രവർത്തിച്ചവർ

| | |
|---|---|
| **രക്ഷാധികാരി** | **റൈറ്റ് റവ. ഡോ. ജോസഫ് കരിയിൽ** (പ്രസിഡന്റ്, കെ ആർ എൽ സി ബി സി) |
| **ചെയർമാൻ** | **റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി** (ചെയർമാൻ, ഫാമിലി കമ്മിഷൻ, കെ ആർ എൽ സി ബി സി) |
| **വൈസ് ചെയർമാൻ** | **റൈറ്റ് റവ. ഡോ. ജെയിംസ് റാഫേൽ ആനാപറമ്പിൽ** (ആലപ്പുഴ രൂപത മെത്രാൻ) |
| **ജനറൽ കൺവീനർ** | **ഫാ. ഡോ. എ ആർ ജോൺ** (സെക്രട്ടറി, ഫാമിലി കമ്മിഷൻ, കെ ആർ എൽ സി ബി സി) |
| **കോ-ഓർഡിനേറ്റേഴ്സ്** | **ഫാ. ഫ്രാൻസിസ് കൊടിയനാട്** (ഡയറക്ടർ, കുടുംബശുശ്രൂഷ, ആലപുഴ രൂപത)<br>**ഫാ. ജോസഫ് ചിറാപള്ളിയിൽ** (ഡയറക്ടർ, കുടുംബശുശ്രൂഷ, കൊച്ചി രൂപത) |
| **കൺവീനേഴ്സ്** | **റവ. ഫാ. സ്റ്റീഫൻ ജെ. പുന്നയ്ക്കൽ** (റെക്ടർ, സെന്റ് ആൻഡ്രൂസ് ബസിലിക്ക, അർത്തുങ്കൽ)<br>**ഫാ. ജോൺസൻ തൗണ്ടയിൽ** (വികാരി, സെന്റ്. ജോർജ്ജ് പാരിഷ്, അർത്തുങ്കൽ) |
| **മീഡിയ കൺവീനർ** | **ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി** (ഡയറക്ടർ, കുടുംബശുശ്രൂഷ, കോട്ടപ്പുറം രൂപത) |
| **പ്രോഗ്രാം കൺവീനർ** | **ഫാ. സാം ഷൈൻ** (ഡയറക്ടർ, കുടുംബശുശ്രൂഷ, പുനലൂർ രൂപത) |
| **റിസപ്ഷൻ കൺവീനർ** | **ഫാ. ജിജു പള്ളിപറമ്പിൽ** (അസ്സോ. സെക്രട്ടറി, ഫാമിലി കമ്മിഷൻ, കെആർഎൽസിബിസി) |
| **രജിസ്ട്രേഷൻ കൺവീനർ** | **ഫാ. ജോസഫ് രാജേഷ്** (ഡയറക്ടർ, കുടുംബശുശ്രൂഷ, നെയ്യാറ്റിൻകര രൂപത) |
| **ഫുഡ് കൺവീനർ** | **ഫാ. പോൾസൺ സിമേന്തി** (ഡയറക്ടർ, കുടുംബശുശ്രൂഷ, വരപ്പുഴ രൂപത) |
| **കുട്ടികളുടെ കൺവെൻഷൻ കൺവീനർ** | **ഫാ. ജോയ്സൺ** (ഡയറക്ടർ, കുടുംബശുശ്രൂഷ, കൊല്ലം രൂപത) |
| **യുവജന കൺവെൻഷൻ കൺവീനർ** | **ഫാ. സജി പൂവത്തുങ്കൽ** (ഡയറക്ടർ, കുടുംബശുശ്രൂഷ, വിജയപുരം രൂപത) |
| **ആരാധന കൺവീനർ** | **ഫാ. മാത്യു തൈക്കൻ** (ഡയറക്ടർ, കുടുംബശുശ്രൂഷ, കണ്ണൂർ രൂപത)<br>**ഫാ. ജോളി** (ഡയറക്ടർ, കുടുംബശുശ്രൂഷ, സുൽത്താൻപേട്ട് രൂപത)<br>**ഫാ. സൈറസ്** (സഹവികാരി, അർത്തുങ്കൽ ബസിലിക്ക) |
| **വോളന്റിയേസ് കൺവീനർ** | **ഫാ. മിഖായേൽ** (സഹവികാരി, അർത്തുങ്കൽ ബസിലിക്ക) |
| **എക്സിക്യൂട്ടിവ് അംഗങ്ങൾ** | **സിസ്റ്റർ ജാനറ്റ്**<br>**ശ്രീ. മെൽവിൻ, അർത്തുങ്കൽ**<br>**ശ്രീ. അഗസ്റ്റിൻ, അർത്തുങ്കൽ**<br>**ശ്രീ. മിൽട്ടൺ, അർത്തുങ്കൽ**<br>**ശ്രീ. ഡിക്സൺ ജോർജ്ജ്, അർത്തുങ്കൽ**<br>**ശ്രീ. ജോൺ കുട്ടി, അർത്തുങ്കൽ**<br>**ശ്രീ. നോർബർട്ട്, അർത്തുങ്കൽ**<br>**ശ്രീ. ബെന്നി, അർത്തുങ്കൽ**<br>**ശ്രീ. സതീഷ് ജി, തിരുവനന്തപുരം** |

*Excellent Higher Education Centre of the Diocese of Neyyattinkara*

## EMMANUEL COLLEGE OF ARTS & SCIENCE
(Affiliated to the University of Kerala)

**VAZHICHAL, KUDAPPANAMOODU P.O.**
**Ph: 0471-2248416,2248113**

## EMMANUEL COLLEGE OF B.Ed. TRAINING
(Affiliated to the University of Kerala)
(Approved by N.C.T.E)

**VAZHICHAL, KUDAPPANAMOODU P.O.**
**Ph: 0471-2248562, 2248409**



DEGREE COURSES

- B.Sc. Computer Science
- B.Sc. Electronics
- B.Sc. Biochemistry
- B.Sc. Geography
- B.Sc. Botany And Biotechnology
- B.Sc. Physics And Computer Application
- B.A. English Language and Literature
- B.A. English & Communicative English
- B.Com. Co-Operation
- B.Com Commerce & Tax Procedure And Practice
- B.Com. Commerce & Tourism And Travel Management
- B.Com. with Computer Application
- B.Com. Finance

PG COURSES

- M.Sc. Biochemistry
- M.Sc. Geography
- M.Sc. Physics
- M.Com. Finance & Accounting
- M.A. English Language & Literature

OPTIONAL

- Physical Science
- Natural Science
- Social Science
- Commerce
- Geography
- Hindi



**Applications can be had from the college office.**

Studious Atmosphere for curriculum | Well-equipped labs with latest facilities | Superb Infrastructure | Efficient and Competitive Faculties
Anti-Ragging campus | Spacious Library with adequate number of books, periodicals, CD-Roms etc. | Well run separate hostels for boys and girls
Provides a good canteen within the College Campus | College Bus facility is available in all the routes
Top Rank holders & 100% Success in UG & PG | Encourage and Cultivate Arts, Sports & Literary talents.

www.emmanuelcollege.ac.in
email: emmanuelcollegetvm@gmail.com

Manager : Rt. Rev. Msgr. G. Christudas
Vicar General, Diocese of Neyyattinkara

www.emmanuelbedcollege.ac.in
email: emmanuelbed@gmail.com



# കുടുംബം വിനോദങ്ങളുടെ വേദി



ശ്രീ. ബോണി ചെല്ലാനം

നമ്മുടെ കുടുംബങ്ങൾ വിനോദങ്ങളുടെ വേദിയാവണം. വിനോദം എന്നത് സഹകരണത്തിന്റെയും ഒരുമിച്ച് പ്രവർത്തിക്കുന്നതിന്റെയും അന്തരീക്ഷം സൃഷ്ടിക്കുന്നു. നമ്മൾ ഒരുക്കുന്ന വിനോദങ്ങൾ കൊണ്ട് കുടുംബത്തിന്റെ കെട്ടുറപ്പ് വർദ്ധിപ്പിക്കണം. വിനോദങ്ങൾക്കായ് നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും എന്ന് ചിന്തിക്കുകയാണോ? വളരെ നല്ലത് ചിന്തിക്കാൻ തുടങ്ങുമ്പോൾ പുതിയ ആശയങ്ങൾ ഉണ്ടാകും. കുറച്ച് കാര്യങ്ങൾ പങ്കുവയ്ക്കാം.

ആഴ്ചയിൽ ഒരു ദിവസം ഒരു സമ്മാനദാന ചടങ്ങ് സംഘടിപ്പിക്കാം. ഉദാ: വെള്ളിയാഴ്ച രാത്രി, സമ്മാനങ്ങൾ - പഴങ്ങൾ, നട്ട്സ്, ഒരു സർട്ടിഫിക്കറ്റ്, പുകഴ്ത്തി പറയൽ, തുടങ്ങിയവയാകാം. ഷൂസ് ഇടാൻ പഠിച്ചതിനോ, അലമാര വൃത്തിയാക്കി വയ്ക്കുന്നതിനോ, ആരും പറയാതെ കളിപ്പാട്ടങ്ങൾ എല്ലാം വീടിനു പുറത്തു നിന്ന് എടുത്തുകൊണ്ടു വന്നതിനോ, കുഞ്ഞുങ്ങളെ കരുതിയതിനോ, ഒരു പുതിയ വിദ്യ പഠിച്ചതിനോ, ഹോം വർക്ക് നന്നായി ചെയ്തതിനോ ഒക്കെ ആകാം.

രാത്രി ഭക്ഷണത്തിനു ശേഷം ചിരി പടർത്തുന്ന എന്തെങ്കിലും പരിപാടി അവതരിപ്പിക്കുക. തമാശ പറയുക, ഏതെങ്കിലും രസകരമായ ഒരു സംഭവം വിവരിക്കുക, കാരംസ് കളിക്കുക, അതോടൊപ്പം പഴയകാല കളികളും ഉൾപ്പെടുത്തണം. ഒരു രാഗം മൂളുക. മറ്റുള്ളവർ അത് ഊഹിച്ചു കണ്ടുപിടിക്കണം. ചരിത്ര പ്രാധാന്യമുള്ള സ്ഥലത്തേക്കോ, പള്ളികളിലേക്കോ, പാർക്കിലേക്കോ, നീന്തൽ കുളത്തിലേക്കോ യാത്ര പോവുകയുമാകാം. നിങ്ങളുടെ മക്കളുടെ ഭാവിയെക്കുറിച്ചുള്ള പ്രാർത്ഥനയോടുകൂടിയ ഒരു കുറിപ്പ് അവരുടെ ജന്മദിനത്തിൽ അവർക്ക് എഴുതി കൊടുക്കുക. മക്കളെക്കുറിച്ച് തമാശരൂപത്തിൽ ഒരു പാട്ട് ഉണ്ടാക്കിയോ അല്ലെങ്കിൽ സാധാരണ കേൾക്കുന്ന രാഗത്തിൽ ഒരു പാട്ട് ഉണ്ടാക്കി പാടുകയോ ചെയ്യാം.

അവർ ചെറുതായിരുന്നപ്പോഴത്തെ ഫോട്ടോകൾ കാണിക്കുക. നല്ല കമന്റ് പറയുക. അവർക്ക് ഇഷ്ടപ്പെടും. പൂജ്യത്തിനും 20 നുമിടയ്ക്ക് ഒരു സംഖ്യ അവർ തെരഞ്ഞെടുക്കട്ടെ. നിങ്ങളുടെ ആ പ്രായത്തിൽ ലോകം എന്തായിരുന്നുവെന്ന് മക്കളോട് പങ്കുവയ്ക്കുക. അന്നത്തെ കൂട്ടുകാർ, വസ്ത്രങ്ങൾ, വാഹനങ്ങൾ, വീട്, ഭക്ഷണം, കളികൾ, ഓമനപക്ഷികൾ, പാട്ട് എന്നിവയെല്ലാം കുട്ടികളോട് പങ്കുവയ്ക്കുന്നത് അവർക്കൊത്തിരി ഇഷ്ടമാകും. മാതാപിതാക്കൾ രണ്ടുപേരും ഇതിൽ പങ്കെടുക്കണം.

പ്രിയ മാതാപിതാക്കളെ; ഒന്നു ചിന്തിച്ചാൽ ഇതുപോലെ ധാരാളം ആശയങ്ങൾ നമുക്ക് രൂപപ്പെടുത്താം. ബോധപൂർവ്വം ഇത്തരം വിനോദങ്ങൾക്ക് നമ്മുടെ കുടുംബങ്ങളിൽ വേദിയൊരുക്കണം. അപ്പോൾ വീട്ടിലേക്കെത്താൻ മക്കൾ കുറേക്കൂടി കൊതിക്കും. വീട്ടിൽ നിന്നും മായ്ക്കുന്ന ഒന്നും അവർക്കുണ്ടാവില്ല. വെർച്വൽ വേൾഡിലാണിന്ന് മക്കൾ, അവരെ കുടുംബങ്ങളുടെ ലോകത്തിലേക്കും ആദ്ധ്യാത്മിക ലോകത്തിലേക്കും എത്തിക്കാൻ കുടുംബങ്ങളിൽ ഇത്തരം വിനോദങ്ങളുടെ സമയമുണ്ടാകണം. നമ്മുടെ കുടുംബങ്ങൾ സഹകരണത്തിന്റെയും സന്തോഷത്തിന്റെയും കുടുംബങ്ങൾ ആവട്ടെ... ആശംസകൾ.... ●



# പറുദീസായിലും പഴുതു കണ്ടെത്തുന്ന സാത്താൻ



ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ

നോമ്പുകാലത്തിലെ നമ്മുടെ യാത്ര തുടങ്ങുകയാണ്; വിശുദ്ധവാരത്തിലേക്ക് പ്രവേശിക്കാനൊരുങ്ങുന്ന നാളുകളാണിത്. ഇഷ്ടപ്പെട്ട പല ഭക്ഷണങ്ങളും നാം വേണ്ടെന്നു വച്ച കാലമാണിത്. ഇഷ്ടപ്പെടുന്ന കാഴ്ചകളും ഇഷ്ടമുള്ള വാർത്തകളും വേണ്ടെന്നു വച്ചു, പരമാവധി സംസാരം കുറച്ച് മൗനം പാലിക്കുന്നവരുമുണ്ട്. 40 നോമ്പിന്റെ കാലം മൗനത്തിന്റെ കാലം കൂടിയാണ്. കർത്താവിന്റെ പീഡാനുഭവ സ്മരണകളും, കുരിശിന്റെ വഴിയും, ഉപവാസവുമെല്ലാം കൂടി ഒരു മൗനാന്തരീക്ഷം സൃഷ്ടിക്കുന്നു. വെറുപ്പുകൊണ്ട് മൗനം പാലിക്കുന്നവരും സ്നേഹം കൊണ്ട് മൗനം പാലിക്കുന്നവരുമുണ്ട്. അടുത്തിരുന്നാലും സംസാരിക്കാൻ പറ്റാത്ത അവസ്ഥയുണ്ട്. അത് വെറുപ്പിന്റെ മൗനമാണ്. സ്നേഹം ഉള്ളിലൊതുക്കി ഒന്നും പറയാതെ നിൽക്കുന്നവരുണ്ട്. സ്നേഹം കൊണ്ട് വീർപ്പുമുട്ടുന്നവർ. നാൽപതുനോമ്പു കാലത്തെ നമ്മുടെ മൗനം നമ്മെ ദഹിപ്പിക്കുന്ന മൗനമാകണം. സ്വയം കത്തിജ്ജ്വലിക്കുന്ന മൗനം. പ്രാർത്ഥനയിൽ ജ്വലിക്കുന്ന മൗനം. ആകാശത്തിലിരുന്ന് സൂര്യൻ നമ്മോട് പറയുക. എന്നെപ്പോലെ സ്വയം കത്തിത്തീർന്നാലേ ചുറ്റുപാടും പ്രകാശം പരത്തുവാൻ കഴിയൂ. വർജിക്കലുകളെകുറിച്ച് പറയുന്ന നാം ആർജിക്കലിനെക്കുറിച്ചും ചിന്തിക്കണം. നോമ്പുകാലത്ത് പ്രാർത്ഥനയും ബൈബിൾ ചിന്തകളും പരമാവധി ആർജിക്കണം. അവ ഉള്ളിൽ വഹിച്ചുകൊണ്ട് മൗനം പാലിക്കണം. അപ്പോൾ നമ്മുടെ ചുറ്റുപാടുകളിൽ നാം പ്രകാശിക്കും. കൂടെയുണ്ടെന്ന് ഉറപ്പുകൊടുക്കണം. "സാരമില്ല" എന്ന് പറഞ്ഞു സാന്ത്വനം പകരുന്ന സഖിയാകണം. ആരെല്ലാം ഉപേക്ഷിച്ചാലും ഞാൻ കൈവിടില്ലെന്നു പറയുന്ന പങ്കാളികളാകണം. അവിടെയാണ് കുടുംബജീവിതത്തിന്റെ വിജയം.

ആധുനികലോകത്ത് കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുന്ന നിരവധി ഘടകങ്ങൾ കടന്നു വരുന്നുണ്ട്. അറിഞ്ഞും അറിയാതെയും കുടുംബ വിശുദ്ധിയെ തകർക്കുന്ന ഇത്തരം മേഖലകളെ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പറുദീസായിലും പഴുതു കണ്ടെത്തുന്ന സാത്താൻ കൗശലങ്ങളുമായി കടന്നുവരും. സ്വസ്ഥമായൊഴുകുന്ന ദാമ്പത്യബന്ധങ്ങളെ തകർക്കാൻ സാത്താൻ ശ്രദ്ധിക്കും. പഴയകാല കുടുംബബന്ധങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു അന്തരീക്ഷമാണ് നമുക്കുള്ളത്. സ്നേഹം നിറഞ്ഞ കുടുംബ ജീവിതത്തിലേക്ക് വിളിക്കാത്ത അതിഥികളായി സോഷ്യൽ മീഡിയ കടന്നുവരുന്നു. ബന്ധങ്ങളുടെ തകർച്ചയിൽ നിർണായകമായ പങ്ക് സോഷ്യൽ മീഡിയ വഹിക്കുന്നുണ്ട്. ഇന്നത്തെ കുടുംബാന്തരീക്ഷത്തിൽ നിർണായകമായ മാറ്റം വരുത്തുന്ന ചില ഘടകങ്ങളിലേക്ക് ഒന്നു കടന്നു ചെല്ലാം.

## അണുകുടുംബങ്ങൾ

ധാരാളം മക്കളുള്ള കുടുംബങ്ങളിൽ കൊണ്ടും കൊടുത്തും പരിചയമുള്ള കുട്ടികൾ വളർന്നുവരും. ജീവിതത്തിൽ വിട്ടുവീഴ്ചകൾ ചെയ്യുവാൻ അവർക്കറിയാം. ഒരു പെങ്ങളുണ്ടെങ്കിൽ എങ്ങനെ

യാണ് പെൺകുട്ടികളോട് പെരുമാറേണ്ടത് എന്ന് ആങ്ങള മനസ്സിലാക്കും. ഒരു ആങ്ങളയുണ്ടെങ്കിൽ ആൺകുട്ടികളോട് ഇടപഴകേണ്ട രീതി പെൺകുട്ടി അഭ്യസിക്കും. ഇന്ന് ഒറ്റ പുത്രന്മാരും, ഒറ്റ പുത്രിമാരും വളർന്നുവരുന്ന കുടുംബമാണുള്ളത്! ഇങ്ങനെയുള്ളവർ വിവാഹത്തിൽ പ്രവേശിക്കുമ്പോൾ പെട്ടെന്ന് തളരുന്നതായികാണാം. കുഞ്ഞുങ്ങൾക്ക് ജന്മം കൊടുക്കുന്നതിൽ യുവദമ്പതികൾ താൽപര്യം കാണിക്കണം. അപ്രകാരം ചെയ്തില്ലെങ്കിൽ ക്രൈസ്തവ സമൂഹത്തിന്റെ സാന്നിധ്യം അപ്രസക്തമായി മാറും.

## ജോലി തേടിയുള്ള കുടിയേറ്റങ്ങൾ

അമേരിക്ക, കാനഡ, യൂറോപ്പ്, ആസ്ട്രേലിയ, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിലേക്ക് ഇൻഡ്യയിൽ നിന്ന് വലിയ കുടിയേറ്റമാണ് നടക്കുന്നത്. സാമ്പത്തിക ഭദ്രത ലക്ഷ്യമാക്കിയുള്ള ഈ പ്രയാണം മൂലം നമ്മുടെ നാട്ടിൽ ക്രൈസ്തവ യുവജനങ്ങൾ ഇല്ലാതാവുന്നു. വാർദ്ധക്യം ചെന്ന ഒരു തലമുറയുടെ താവളമായി കേരളം മാറിക്കൊണ്ടിരിക്കുന്നു. പഠനവും സ്വഭാവശുദ്ധിയുമുള്ള യുവതീയുവാക്കന്മാർ മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുമ്പോൾ സംസ്ക്കാര ശൂന്യരും , ദൈവവിശ്വാസമില്ലാത്തവരുമായ ഒരു ജനത ഇവിടെ അവശേഷിക്കും. അവരിൽ നിന്നും ജനപ്രതിനിധികളും ഭരണകർത്താക്കളും ജന്മമെടുക്കും. ഇത് കേരളത്തിന്റെ ശാപമായി മാറും. യുവജനങ്ങളെ നന്നായി പരിശീലിപ്പിക്കുന്ന സംവിധാനങ്ങൾ സഭ ഒരുക്കണം. നേഴ്സിംഗ് പഠിച്ചു വിദേശത്തേയ്ക്കോടുന്നതിനു പകരം നല്ല പഠനം കൊടുത്തു. നല്ലമക്കളായി പുതുതലമുറയെ വാർത്തെടുക്കണം. ഡോക്ടർമാരും അധ്യാപകരും സിവിൽ സർവ്വീസിൽ പ്രാഗൽഭ്യമുള്ളവരും ഇവിടെയുണ്ടാകണം. ഇത്തരത്തിലുള്ള ഒരു ക്രൈസ്തവ തലമുറ ഇവിടെ രൂപമെടുക്കണം. പഴയ കാലങ്ങളിൽ സമൂഹത്തിൽ നിറഞ്ഞ്. നിന്ന നിരവധി വ്യക്തികളെ സഭ സമ്മാനിച്ചിട്ടുണ്ട്. ആ ഒരു ലക്ഷ്യത്തിലേക്ക് നമ്മൾ മുന്നേറേണ്ടതുണ്ട്.

## സോഷ്യൽ മീഡിയയുടെ കടന്നു കയറ്റം

കഴിഞ്ഞ കുറെകാലങ്ങളിലായി സോഷ്യൽ മീഡിയ നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. അവയെ നന്നായി ഉപയോഗിച്ചാൽ നന്മകളുണ്ടാവാം. പക്ഷേ അവയുടെ തെറ്റായ ഉപയോഗം കൂടുതൽ

**പഠനവും സ്വഭാവശുദ്ധിയുമുള്ള യുവതീയുവാക്കന്മാർ മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുമ്പോൾ സംസ്ക്കാര ശൂന്യരും, ദൈവവിശ്വാസമില്ലാത്തവരുമായ ഒരു ജനത ഇവിടെ അവശേഷിക്കും. അവരിൽ നിന്നും ജനപ്രതി നിധികളും ഭരണകർത്താക്കളും ജന്മമെടുക്കും. ഇത് കേരളത്തിന്റെ ശാപമായി മാറും.**

ബന്ധങ്ങളെ തകർക്കുന്നുണ്ട്. ഫോണിലൂടെ കണ്ടു സംസാരിച്ച് വളരെ പെട്ടെന്നടുക്കുന്ന യുവതീയുവാക്കളുണ്ട്. എല്ലാവരെയും വേദനിപ്പിച്ച് കൊണ്ട് ഒളിച്ചോടുന്നവരുണ്ട്. നമ്മളെ അനുസരിപ്പിക്കുന്ന രീതിയിൽ പ്രേമബന്ധം വളർത്തിയെടുത്ത് പ്രയാണം ചെയ്യുന്നവർ. ഇവരിൽ ധാരാളം പേരും തകർന്ന ജീവിതത്തിന്റെ ഉടമകളായി മാറുന്നതും കണ്ടിട്ടുണ്ട്. കുട്ടികൾ ഫോണിൽ എന്തുകാണുന്നുവെന്ന് മാതാപിതാക്കൾക്ക് കാണുവാൻ കഴിയുന്ന ആപ്പുകൾ ഉണ്ട്. അത് ഡൗൺലോഡ് ചെയ്യുന്നത് ഇങ്ങനെയുള്ള അവസരങ്ങളിൽ ഉപകാരപ്രദമാണ്. സ്നേഹപൂർണ്ണമായ തിരുത്തലുകളും ഉപദേശങ്ങളും സഹായകമായി മാറിയേക്കാം. ദാമ്പത്യജീവിതത്തിൽ സംതൃപ്തി കണ്ടെത്താത്ത ഭാര്യഭർത്താക്കന്മാരും സോഷ്യൽ മീഡിയായുടെ കെണിയിൽ വീഴുന്നുണ്ട്. കോളേജിൽ ഒരുമിച്ചു പഠിച്ച കൂട്ടുകാരിയുടെ ഫോൺ നമ്പർ കണ്ടെത്തി പുതിയ പ്രണയം നടത്തുന്നവരുണ്ട്. ഇങ്ങനെ പഴയ കൂട്ടുകാരനെ കണ്ടെത്തുന്ന സ്ത്രീകളുമുണ്ട്. സംതൃപ്തിയുള്ള ജീവിതമില്ലെങ്കിൽ ഇങ്ങനെ യുള്ള അപകടങ്ങൾ അപ്രതീക്ഷിതമായി കടന്നുവരാം.



# പ്രാർത്ഥനയുടെയും സഭാത്മകജീവിതത്തിന്റെയും കുറവ്


കുടുംബപ്രാർത്ഥനകളുടെ സമയം സീരിയലുകൾ മോഷ്ടിച്ചെടുക്കുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്. മാതാപിതാക്കളും മക്കളും ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കുന്ന അന്തരീക്ഷം ഇനിയും ഉണ്ടാകണം. ദൈവാലയത്തിൽ പോകുന്നതിനും ദിവ്യബലിയർപ്പിക്കുന്നതിനും താൽപര്യം കാണിക്കണം. കൊറോണ വൈറസിന്റെ രണ്ടു വർഷത്തെ സാന്നിധ്യം നമ്മുടെ ആരാധനകൂട്ടായ്മകളെ വളരെ തളർത്തിക്കളഞ്ഞു. ഓർമ്മയും ഒത്തുചേരലുമാണ് കുർബാനയെന്ന കൂദാശയെന്ന് ഒരിക്കൽ കൂടി നമ്മുടെ മക്കളെ ഓർമ്മിപ്പിക്കണം. എത്ര തിരക്കുണ്ടായാലും മക്കളെ നിർബന്ധിച്ചു പ്രാർത്ഥനയ്ക്കിരുത്തണം. കുടുംബം ഒരു



ഗാർഹിക സഭയെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം നമ്മൾ ജീവിച്ചു കാണിക്കണം. കുടുംബപ്രാർത്ഥനയ്ക്കു ശേഷം കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് ബൈബിൾ വായിക്കണം. ഏതെല്ലാം വിധത്തിൽ കുടുംബത്തിന് ആത്മീയ അടിത്തറ പണിയുവാൻ കഴിയുമോ അതെല്ലാം നാം ചെയ്യണം. കത്തോലിക്കാസഭയുടെ ചിന്താധാരകളുമായി ഒത്തുപോകുന്ന ചാനലുകളെ പ്രോത്സാഹിപ്പിക്കുകയും അവയെ നമ്മുടെ വീട്ടിൽ സജീവമായി പ്രവർത്തിപ്പിക്കുകയും ചെയ്യണം. ബൈബിൾ ക്വിസുകൾ, വചന പ്രഘോഷണങ്ങൾ, ബൈബിൾ കാർട്ടൂണുകൾ എന്നിവയിൽ കുഞ്ഞുങ്ങളെ പങ്കെടുപ്പിക്കണം. 5-ാം ക്ലാസ്സിലാകുന്ന കുട്ടികളെ അൾത്താര ബാലന്മാരും ബാലികകളുമായി പറഞ്ഞുവിടണം. ഇതുവഴി കുഞ്ഞുങ്ങൾ ആത്മീയ ജീവിതത്തിൽ വളർന്നുവരും.

# സഭയെ നശിപ്പിക്കാനുള്ള മാധ്യമശ്രമങ്ങൾ

ഇന്നു കേരളത്തിലെ ടി.വി. ചാനലുകൾ കത്തോലിക്കാ സഭയെ നശിപ്പിക്കാൻ ശ്രമിക്കുന്നു. ഒറ്റപ്പെട്ട ചിലസംഭവങ്ങളെ വലുതായി പൊലിപ്പി ക്കുന്ന പ്രവണത നാം കാണുന്നുണ്ട്. രാജ്യദ്രോഹികളായ ഭീകരന്മാരെ കോടതി വെറുതെ വിട്ടപ്പോൾ ഒരു വാർത്തയും ചലനവും ഉണ്ടായില്ല. വ്യക്തമായ തെളിവില്ലാത്തതിന്റെ പേരിൽ കോടതിയവരെ വെറുതെ വിട്ടു. ഇതേ അടിസ്ഥാനത്തിൽ ഒരു ബിഷപ്പിനെ വെറുതെ വിട്ടപ്പോൾ ടി.വി ചാനൽക്കാരും സോഷ്യൽമീഡിയക്കാരും എന്തൊരു കോളിളക്കമാണ് സൃഷ്ടിച്ചത്. ഈ കാപട്യങ്ങൾ നാം തിരിച്ചറിയണം. സഭയെ സംരക്ഷിക്കാൻ സഭാംഗങ്ങളേ ഉള്ളൂ. സഭാസ്നേഹത്തിൽ സഭാംഗങ്ങളെ വളർത്തണം. മൂല്യാധിഷ്ഠിതമായ കുടുംബം കരുപിടിപ്പിക്കണം. ലോകത്തിന്റെ നന്മയ്ക്കും, രാജ്യത്തിന്റെ നന്മയ്ക്കുമായി നമ്മുടെ കുടുംബങ്ങളെ രൂപാന്തരപ്പെടുത്തണം. കാറ്റും കോളും നിറഞ്ഞ ലോകത്തിൽ ഉലയുന്ന കുടുംബങ്ങളെ നൗകയായി ഉറപ്പിച്ചു നിറുത്താം. ●

Prayerful wishes from



Mother General & Sisters

# VISITATION CONVENT

VAZHICHERRY, ALLEPPEY - 688001

PH. 87144 46845, 92077 95853

# കുടുംബം ഒരു ആനന്ദം

കവിത



ശ്രീമതി ലിംസി ആന്റണി

കൂടുമ്പോൾ ആനന്ദവേളയാകുന്നു
കുടുംബമൊരുവേള സ്നേഹമാകുന്നു
പൂർണ്ണമാം സ്നേഹത്തിനാടചുറ്റി
മൊഴിയാഴങ്ങളിലകപ്പെടുന്നു
കുടുംബം എന്തൊരാനന്ദം!

നിറവാർന്ന ബന്ധങ്ങൾ ഒരുക്കിടുന്നു
തെളിവാർന്ന സ്നേഹമിടനാഴി തീർക്കുന്നു
സ്നേഹമായഭിമാന വലയപ്രപഞ്ചം
പകർന്നാടിടുന്നതറിവാം കുടുംബം
കുടുംബം എന്തൊരാനന്ദം

അപ്പനുമമ്മയും മക്കളും ചേർത്തൊരാ
ബന്ധങ്ങൾ ഒരു പ്രത്യാശ പേറുന്നു
കണ്ണാടി പോലുള്ള വിശ്വാസ മേകുകിൽ
പ്രത്യാശതൻ പാത വിദൂരത്തിലല്ല
കുടുംബം എന്തൊരാനന്ദം

സ്നേഹമാം മിത്രമേ നീയാണു സത്യവും
ദൗത്യവും മാർഗ്ഗവും അടയാളവും!
സകലത്തിലുമീ കുടുംബത്തിലും
സ്നേഹമൊരുയുഗമായി തീരട്ടെ
കുടുംബം എന്തൊരാനന്ദം!

ശിശുവായ് ബാല്യകൗമാര യുവത്വത്തിൻ പ്രതീകമായ്,
തളരാത്ത തണലാം നിറവേദിയാണീ
നിറക്കൂട്ടുകൾ തീർത്ത നിറവിൻ കുടുംബം!
കുടുംബം എന്തൊരാനന്ദം!

ഹൃദയങ്ങളൊരുവേള ചേരുമ്പോൾ ധരണിയിൽ,
പിറക്കുന്നു ദൈവവും പുതുമനുഷ്യരും!
ഹൃദയങ്ങളകലുമ്പോളകലുന്നു ദൈവവും,
കുടുംബവുമൊരുവേള ബന്ധങ്ങളും!
കുടുംബം എന്തൊരാനന്ദം!

ചേർത്തൊന്നെടുക്കാം! പടുത്തൊന്നുയർത്താം!
നിറവിന്റെ തെളിമയാം കുടുംബങ്ങളേ!
ഹൃദയങ്ങളൊരുക്കി കാത്തിരിക്കാം,
കൂടുമ്പോൾ ഇമ്പമേകുവാനൊപ്പം
ബന്ധങ്ങൾ ചേർന്നിരിക്കുവാൻ!
കുടുംബം എന്തൊരാനന്ദം!



# സഭയിൽ പുതുയുഗത്തിന് തുടക്കം: സിനഡാത്മാക സഭയ്ക്കായുള്ള സിനഡിന് തുടക്കമായി



റവ. ഡോ. സ്റ്റീഫൻ ആലത്തറ
ഡപ്യൂട്ടി സെക്രട്ടറി ജനറൽ, സി.സി.ബി.ഐ



സാർവ്വത്രിക സഭയിൽ ആധുനിക കാലഘട്ടത്തിൽ നവീകരണത്തിന് തുടക്കം കുറിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ പോലെതന്നെ സുപ്രധാനമായ ഒന്നാണ് 2021 ഒക്ടോബർ മാസം പത്താം തീയതി സമാരംഭിച്ച സിനഡാത്മക സഭയ്ക്കായുള്ള സിനഡ്. "ഏകയോഗമായ ഒരു സഭയ്ക്കായി: കൂട്ടായ്മയും പങ്കാളിത്തവും ദൗത്യവും" (For a Synodal Church: Communion, Participation, and Mission) എന്ന വിചിന്തനപ്രമേയം ചർച്ചചെയ്യുന്ന സമ്മേളനം സാർവ്വത്രിക സഭയിലെ പതിനാറാമാത്തെ സാധാരണ സിനഡാണ്.

2021 മുതൽ 2023 വരെ നീണ്ടുനിൽക്കുന്ന സിനഡിന് മൂന്നു തലങ്ങളുണ്ട്. രൂപത, ഭൂഖണ്ഡം, സാർവ്വത്രികം (diocesan, continental, universal) എന്നീ മൂന്നു തലങ്ങളിലായിട്ടാണ് ഈ സിനഡ് സമ്മേളന പ്രയാണം ക്രമപ്പെടുത്തിയിരിക്കുന്നത്. രൂപത തലത്തിൽ സിനഡ് സമ്മേളനം ആരംഭിച്ചത് 2021 ഒക്ടോബർ 17-നായിരുന്നു. ഇത് 2022 ഏപ്രിൽ വരെ നീളും.

രണ്ടാം ഘട്ടം, അതായത്, ഭൂഖണ്ഡാടിസ്ഥാനത്തിലുള്ള സിനഡ് യോഗം 2022 സെപ്റ്റംബർ മുതൽ 2023 മാർച്ചു വരെ ആയിരിക്കും. ആഗോള സഭാതലത്തിലുള്ള സിനഡ് യോഗം, അതായത്, മൂന്നാമത്തെയും അവസാനത്തെയുമായ സമ്മേളനം 2023 ഒക്ടോബറിൽ വത്തിക്കാനിൽവച്ച് നടത്തപ്പെടും.

## എന്താണ് സിനഡ്?

സിനഡ് എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം ഒരുമിച്ചുള്ള യാത്ര എന്നാണ്. സഭയിൽ പരമ്പരാഗതമായി സിനഡ് എന്ന വാക്ക് ഉന്നതശ്രേണിയിലുള്ള ആലോചന സമിതികൾക്കായാണ് ഉപയോഗിക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം വിശുദ്ധ പോൾ ആറാമൻ മാർപാപ്പയാണ് 1965 ൽ സാർവ്വത്രിക സഭയിലെ സിനഡിന് തുടക്കം കുറിച്ചത്. പിന്നീട് 1990- ൽ പൗരസ്ത്യ സഭകൾക്കായുള്ള കാനോനിക നിയമം പ്രസിദ്ധീകരിച്ചപ്പോൾ പൗരസ്ത്യസഭകളിലെ മെത്രാന്മാരുടെ ആലോചന സമിതികളെ വിശുദ്ധ സിനഡ് എന്ന് നിർവ്വഹിച്ചു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആലോചനയുടെ തുടർച്ച സഭയിലുണ്ടാകാനായാണ് സാർവ്വത്രിക സിനഡ് സഭയിൽ വിളിച്ചു ചേർത്തത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തുടർച്ചയാണ് സാർവ്വത്രിക സഭയിലെ സിനഡുകൾ. ഇതുവരെ പതിനഞ്ച് സാധാരണ സിനഡുകളും, മൂന്ന് അസാധാരണ സിനഡുകളും പതിനൊന്ന് പ്രത്യേക സിനഡുകളും നടന്നു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സിനഡാത്മാക സഭയ്ക്കായുള്ള സിനഡ് പതിനാറാമത് സാധാരണ സിനഡാണ്.

## സഭയുടെ സിനഡ്

പതിനാറാമത്തെ സാധാരണ സിനഡോടുകൂടി സഭയിൽ ഒരു പുതിയ യുഗത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. മെത്രാന്മാരുടെ സിനഡ് എന്നാണ് സിനഡ് പൊതുവേ അറിയപ്പെട്ടിരുന്നത്. എന്നാൽ ഇപ്പോൾ നടക്കുന്ന സിനഡ് സഭയുടെ സിനഡ് എന്നാണ് വിളിക്കപ്പെടുന്നത്. ഇതുവരെ നടന്നുവന്നിരുന്ന സിനഡ് പ്രക്രിയയെ ഫ്രാൻസിസ് പാപ്പ നവീകരിച്ചിരിക്കുകയാണ്. സാധാരണയായി മെത്രാന്മാരുടെ സിനഡിന്റെ വിഷയം പ്രഖ്യാപിച്ചാൽ അതിന്റെ മാർഗ്ഗരേഖ രൂപതാതലങ്ങളിൽ ചർച്ച ചെയ്ത് റിപ്പോർട്ട് ദേശീയമെത്രാൻ സമിതിവഴി വത്തിക്കാനിൽ സമർപ്പിക്കുകയും ചെയ്യും.

വിവിധ ദേശീയ മെത്രാൻസമിതികളിൽ നിന്നു ലഭിച്ച റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സിനഡിനായുള്ള പ്രവർത്തനരേഖ (Instrumentum Laboris) പ്രസിദ്ധീകരിക്കുന്നു. പ്രവർത്തന രേഖയെ ആസ്പദമാക്കിയാണ് സിനഡ് സമ്മേളനത്തിൽ ചർച്ചകൾ നടക്കുന്നത്. സിനഡ് സമ്മേളനത്തിനു ശേഷം പരിശുദ്ധ പിതാവിന് സിനഡ് പിതാക്കന്മാർ നിർദേശങ്ങൾ (Propositions) നൽകുന്നു. ഈ നിർദേശങ്ങളുടെ വെളിച്ചത്തിൽ പരിശുദ്ധ പിതാവ് സാർവ്വത്രിക സഭയ്ക്കായി അപ്പസ്തോലിക ആഹ്വാനം (Apostolic Exhortation) പുറപ്പെടുവിക്കുന്നതോടുകൂടി സിനഡ് പ്രക്രിയ പൂർണ്ണമാകുന്നു.



ഇതുവരെ തുടർന്നുവന്ന സിനഡ് പ്രക്രിയയ്ക്കാണ് ഫ്രാൻസിസ് പാപ്പ ഇപ്പോൾ മാറ്റം കുറിച്ചിരിക്കുന്നത്. മെത്രാന്മാരുടെ സിനഡിനെ സഭയുടെ സിനഡായി പരിഷ്ക്കരിച്ചിരിക്കുന്നു. സിനഡ് പ്രക്രിയയിൽ സഭയിലെ എല്ലാവരും പങ്കാളികളാണ്. അതുകൊണ്ടാണ് സിനഡിന് രൂപത, ഭൂഖണ്ഡം, സാർവ്വത്രികം എന്നീ മൂന്നു തലങ്ങളിലായി നടത്തപ്പെടുന്നത്. രൂപതാതലങ്ങളിലെ സിനഡിന്റെ ഔദ്യോഗികമായ ഉത്ഘാടനം ഒക്ടോബർ മാസം 17-ാം തീയതി ഞായറാഴ്ച നടക്കണം എന്നാണ് നിർദ്ദേശിച്ചിരുന്നത്. 2022 ഏപ്രിൽ വരെ രൂപതാതല സിനഡ് പ്രക്രിയ നീണ്ടുനിൽക്കും. 2023 ഒക്ടോബർ മാസത്തിൽ റോമിൽ വച്ച് നടക്കുന്ന അന്തർദേശീയ സമ്മേളനത്തോടെ സിനഡ് പ്രക്രിയ പൂർത്തിയാകും ഇടവകതലത്തിൽ ആരംഭിച്ച് വത്തിക്കാനിൽ അവസാനിക്കുന്ന ഒന്നാണ് സിനഡ് പ്രക്രിയ.

## ഒരുമിച്ച് സഞ്ചരിക്കുന്ന സഭ

ഒരുമിച്ച് സഞ്ചരിക്കുന്ന സഭയായി സാർവ്വത്രിക സഭയെ രൂപപ്പെടുത്തുക എന്നതാണ് സിനഡിന്റെ അടിസ്ഥാന ലക്ഷ്യം. സിനഡിന്റെ അടിസ്ഥാനവിഷയങ്ങൾ മൂന്നെണ്ണമാണ്: "കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം". (Communion, Participation, And Mission). പരിശുദ്ധ ത്രിത്വത്തിൽ പ്രകടമാകുന്ന ഐക്യം നമ്മുടെ ഇടയിൽ സംജാതമാകുമ്പോൾ ഏവർക്കും ഏവരെയും ഒരു കുടുംബത്തിലെന്ന പോലെ സ്നേഹിക്കാൻ സാധിക്കുന്നു. ആരെയും ഒഴിവാക്കാതെ എല്ലാവരെയും ഉൾക്കൊള്ളാൻ സാധിക്കുമ്പോൾ അവിടെ പങ്കാളിത്തമുണ്ടാകുന്നു. എല്ലാ ഘട്ടങ്ങളിലും പ്രായത്തിലും ഉള്ളവരെ ശ്രവിക്കുകയും അവരെയെല്ലാം തുറന്ന മനസ്സോടെ ശ്രവിക്കുന്നതും അവരോട് സംഭാഷണങ്ങൾ നടത്തു

**സിനഡിന്റെ ആത്യന്തിക ലക്ഷ്യമെന്നത്:**
**എല്ലാവരും ഒരേ വഴിയിൽ ഒരുമിച്ച് നടക്കുക എന്നതാണ്.**
- ഫ്രാൻസിസ് പാപ്പ -



# ധന്യ ഫെർണാണ്ട റീവ

നിഷ്കളങ്ക സ്നേഹത്തിന്റെ സൗരഭ്യം പരത്തിയ, വിശുദ്ധയാവുക എന്ന മോഹം സ്വകാര്യതയിലെന്നും സൂക്ഷിച്ച കനോഷ്യൻ സന്യസിനിയായിരുന്നു മദർ ഫെർണാണ്ട റീവ. 1920 ഏപ്രിൽ 7-ാം തിയതി ഇറ്റലിയിലെ മോൺസായിൽ ജനിച്ചു. കനോഷ്യൻ സന്യാസിനികൾ നേതൃത്വം നൽകിയിരുന്ന വിശ്വാസ പരിശീലന ക്ലാസുകൾ കൊച്ചു ഫെർണാണ്ടയിൽ യേശുവിന്റെ മണവാട്ടിയാകുവാനുള്ള ആഗ്രഹം ഉദിപ്പിച്ചു. 19-ാം വയസിൽ വിമർക്കാത്തായിലുള്ള കനോഷ്യൻ സന്യാസ ഭവനത്തിൽ തന്റെ സമർപ്പിത ജീവിതപരിശീലനം ആരംഭിച്ചു. "നാം ലോകമെമ്പാടും സുവിശേഷം പ്രഘോഷിക്കണം"' എന്ന കനോഷ്യൻ സഭ സ്ഥാപകയായ വിശുദ്ധ മാഗ്ദലിന്റെ ആഗ്രഹത്തിൽ പ്രചോദിതയായി കേവലം 7 മാസത്തിനിടയിൽ വീടിന്റെ ഊഷ്മളതയും, ഉറ്റവരുടെ സൗഹൃദവും ഉപേക്ഷിച്ച് ക്രൂശിത രൂപം നെഞ്ചോട് ചേർത്ത് തനിക്ക് അജ്ഞാതമായ ഇന്ത്യയിലേയ്ക്ക് കപ്പൽ കയറി ബെൽഗാമിലെത്തി. സന്യാസപരിശീലനത്തിനും ഉന്നത വിദ്യാഭ്യാസത്തിനും ശേഷം ആദ്യത്തെ വനിതാ കോളേജ് സ്ഥാപിക്കുക എന്ന നിയോഗവുമായി 1954-ൽ ആലപ്പുഴയിൽ എത്തി. സെന്റ്ജോസഫ്സ് കോളേജിന്റെ ഭരണ സാരഥിയായിരുന്നപ്പോൾ ക്യാൻസർ ബാധിതയായി മുംബെയിൽ ചികിത്സിയിലിരിക്കെ 36-ാം വയസിന്റെ യുവത്വത്തിൽ സ്വർഗീയ നാഥന്റെ പക്കലേയ്ക്ക്യാത്രയായി. വാക്കിലും പ്രവൃത്തിയിലും വിശുദ്ധയുടെ സുഗന്ധം പരത്തിയ മദർ ഫെർണാണ്ട റീവയെ 2012 ജൂൺ 28 – ന്ബനഡിക്റ്റ് 16-ാമൻ മാർപ്പാപ്പ "ധന്യ'യായി പ്രഖ്യാപിച്ചു. 2015 ഒക്ടോബറിൽ മദറിന്റെ ഭൗതീക അവശിഷ്ടം മുംബെയിൽ നിന്ന് താൻ നീണ്ട മണിക്കൂറുകൾ പ്രാർത്ഥിച്ച ആലപ്പുഴ, സെന്റ്ജോസഫ്സ് ചാപ്പലിൽ തിരുശേഷിപ്പായി തിരിച്ചുവന്നു. ദൈവം ധന്യ ഫർണാണ്ട റീവയെ വിശുദ്ദ പദവിയിലേയ്ക്ക് ഉയർത്തട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ST. JOSEPH CANOSSIAN CONVENT, ALAPPUZHA**

ന്നതും പങ്കാളിത്തത്തിന്റെ ഭാഗമാണ്. സഭയുടെ ദൗത്യം പ്രപഞ്ചം മുഴുവൻ വ്യാപിച്ചു നിൽക്കുന്നു. സഭ ഒരു കുടുംബമായി ഈ ദൗത്യം നിർവ്വഹിക്കേണ്ടിയിരിക്കുന്നു. പ്രേഷിതദൗത്യം സഭയുടെ സ്വത്വമാണ്. പ്രേഷിത ദൗത്യത്തിൽ നിന്ന് വേറിട്ട് സഭയ്ക്ക് നിലനിൽപില്ല.

പ്രധാന മൂന്ന് വിഷയങ്ങൾ കൂടാതെ പത്ത് ഉപവിഷയങ്ങളും സിനഡ് ചർച്ച ചെയ്യുന്നുണ്ട്. യാത്രയിലെ സഹയാത്രികർ, ഏവരേയും ശ്രവിക്കുന്ന സഭ, തുറവിയോടെ സംസാരിക്കാൻ ഏവരേയും പ്രോത്സാഹിപ്പിക്കുന്ന സഭ, ആരാധന ക്രമ ആഘോഷം, പൊതു ദൗത്യത്തിന്റെ ഉത്തരവാദിത്തം പങ്കിടൽ, സഭയിലെയും സമൂഹത്തിലെയും ആശയസംവാദങ്ങൾ, സഭൈക്യപ്രവർത്തനങ്ങൾ, അധികാരത്തിലെ പങ്കാളിത്തം, പരിശുദ്ധാത്മാവിനെ ശ്രവിക്കലും വിവേചനത്തോടെയുള്ള തീരുമാനവും, ഏകയോഗമായ ഒരു സഭയിൽ നമ്മെത്തന്നെ പങ്കുകാരാക്കുക എന്നിവയാണ് പത്ത് ഉപവിഷയങ്ങൾ.

രൂപത, ഭൂഖണ്ഡം, സാർവ്വത്രികം എന്നീ തലങ്ങളിലായി നടക്കുന്ന സിനഡിന്റെ സുഗമമായ പ്രക്രിയയ്ക്ക് മാർഗ്ഗരേഖയും കൈപുസ്തകവും (Vademcum) പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധതലങ്ങളിൽ സിനഡിന് നേതൃത്വം നൽകുന്നവർക്ക് സഹായകമായ വിവരങ്ങൾ സിനഡിനായുള്ള വെബ്സൈറ്റും (www.synod.com) ലഭ്യമാണ്. ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി (സി.സി.ബി.ഐ) ഭാരതത്തിലെ 132 രൂപതകളിലെ സിനഡ് പ്രവർത്തനങ്ങൾ ഏകീകരിക്കുവാനും സിനഡിൽ പങ്കെടുക്കുന്നവരെ സഹായിക്കുവാനുമായി പ്രത്യേക വെബ്സൈറ്റും (www.synod.com) തയ്യാറാക്കിയിട്ടുണ്ട്.




# സിനഡിന്റെ ലോഗോയും പ്രാർത്ഥനയും

പതിനാറാമത് സാധാരണ സിനഡിന്റെ ലോഗോ ഏറേ പ്രത്യേകതയുള്ളതാണ് ലോഗോയിൽ ദിവ്യകാരുണ്യവും രക്ഷയുടെ അടയാളമായ കുരിശും കുരിശിനു ചുവട്ടിൽ മുന്നോട്ട് നടക്കുന്ന സഭയിലെ വ്യത്യസ്തരായ പതിനഞ്ച് നിറത്തിലാണ് ചിത്രീകരിക്കുന്നത്. സഭയിലെ വ്യത്യസ്തതകളേയും സാർവ്വത്രികതയേയും ഇത് സൂചിപ്പിക്കുന്നു. ലോഗോയുടെ ചിത്രീകരണം തന്നെ സിനഡിന്റെ ലക്ഷ്യം വ്യക്തമാക്കുന്നുണ്ട്.

പരിശുദ്ധാത്മാവേ ഞങ്ങൾ അങ്ങയുടെ മുൻപിൽ നിൽക്കുന്നു: എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രാർത്ഥനയാണ്. സിനഡിന്റെ ഔദ്യോഗിക പ്രാർത്ഥന. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഓരോ സമ്മേളനവും ആരംഭിച്ചത് ഈ പ്രാർത്ഥനയോടെയാണ്. 'പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങയുടെ മുന്നിൽ നിൽക്കുന്നു''. എന്ന ആദ് സൂമൂസ് സാൻക്തേ സ്പിരിത്തൂസ് എന്നീ ലത്തീൻ പദങ്ങളുടെ അർത്ഥം.

സാർവ്വത്രിക സഭയുടെ കൗൺസിലുകളിലും സിനഡുകളിലും മറ്റ് സഭാസമ്മേളനങ്ങളിലും ചരിത്രപരമായി ഈ പ്രാർത്ഥനയാണ് ഉപയോഗിച്ചിരുന്നത്. നമ്മൾ എല്ലാവരും ഒരു സമൂഹവും ദൈവ കൃപയുള്ള വ്യക്തികളുമായിത്തീരാൻ വേണ്ടി നമ്മളിൽ ഓരോരുത്തരിലും പ്രവർത്തനനിരതമാകാൻ പരിശുദ്ധാത്മാവിനെ വിളിച്ച് അപേക്ഷിക്കുന്ന മനോഹരമായ പ്രാർത്ഥനയാണിത്.

# ഏവരേയും ശ്രവിക്കുന്ന സഭ

കർത്താവിനാൽ വിളിക്കപ്പെട്ട് ആത്മാവിനാൽ നയിക്കപ്പെട്ട് ഏവരേയും ഉൾക്കൊണ്ട് എല്ലാവരേയും ശ്രവിച്ച് മുന്നോട്ട് യാത്ര ചെയ്യുന്ന ഒരു സഭയെയാണ് സിനഡ് വിഭാവനം ചെയ്യുന്നത്. സിനഡ് പ്രക്രിയയിൽ മാത്രമല്ല സഭയുടെ മുന്നോട്ടുള്ള പ്രവർത്തനത്തിൽ ഏവരേയും ശ്രവിച്ചും ഉൾക്കൊണ്ടും ഒരുമിച്ച് യാത്രചെയ്യാനായി സാധിക്കണം. ഏകയോഗമായ ഒരു സഭയെ ആണ് സിനഡ് വിഭാവനം ചെയ്യുന്നത്.

സിനഡ് പ്രക്രിയയിൽ എല്ലാവർക്കും ഇടമുണ്ടാകണം. കുട്ടികളും വയോജനങ്ങളും ഇതിന്റെ ഭാഗമാകണം. സഭയെ നിരന്തരം വിമർശിക്കുന്നവരേയും സഭാപ്രവർത്തനങ്ങളിൽ നിന്ന് അകന്നു ജീവി

ക്കുന്നവരെയും ശ്രവിക്കുവാൻ നമുക്ക് സാധിക്കണം. സഭാസ്ഥാപനങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന ഇതര മത സ്ഥരെയും ശ്രവിക്കുവാനുള്ള തുറവി നമുക്കുണ്ടാകണം. എല്ലാതലത്തിലുമുള്ള വ്യക്തികൾ എന്നതു പോലെ തന്നെ എല്ലാ പ്രസ്ഥാനങ്ങളേയും ഉൾക്കൊള്ളണം. രൂപതയിലേയും ഇടവകയിലേയും വിവിധ കമ്മീഷനുകൾ, പ്രസ്ഥാനങ്ങൾ, സംഘടനകൾ, മുന്നേറ്റങ്ങൾ എന്നിവയ്ക്ക് സിനഡ് പ്രക്രിയയിൽ ഇടമുണ്ടാകണം.

നിർദേശിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന സഭയിൽ നിന്ന് ഏവരേയും ശ്രവിക്കുകയും എല്ലാവരേയും ഉൾകൊള്ളുകയും ചെയ്യുന്ന സഭയിലേക്കുള്ള പരിണാമം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടേണ്ടതാണ്. സിനഡ് ഒരു യോഗമോ സമ്മേളനമോ അല്ല എന്ന് പരിശുദ്ധ സിംഹാസനം നിഷ്ക്കർഷിക്കുന്നുണ്ട്. സിനഡ് പ്രക്രിയ ഒരു ആദ്ധ്യാത്മിക അനുഭവമായിരിക്കണം, ഏവരിലും മാനസാന്തരവും നവീകരണവും ഉളവാക്കാൻ സാധിക്കണം. ഏവരുടെയും അഭിപ്രായം ശേഖരിക്കലല്ല സിനഡിന്റെ മുഖ്യലക്ഷ്യം മറിച്ച് ധ്യാനാരൂപിയിൽ പരിശുദ്ധാത്മാവിനെ ശ്രവിക്കുക എന്നതാണ്. സാർവ്വത്രിക സഭയിൽ തുടക്കമായിരിക്കുന്ന പുതു യുഗത്തിന് ഏകയോഗമായ ഒരു സഭയ്ക്കായുള്ള സിനഡിലൂടെ നമുക്ക് പങ്കുചേരാം.



# 'ഉദരഫലം അനുഗ്രഹീതം" ഗർഭസ്ഥർക്കുള്ള പുസ്തകം പ്രകാശനം ചെയ്തു.

ഗർഭവതികൾക്കും അവരെ പരിചരിക്കുന്നവർക്കും ഏറെ സഹായകരമായ *ഉദരഫലം അനുഗ്രഹീതം* എന്ന പുസ്തകം ഫമീലിയ മീറ്റിന്റെ പൊതുസമ്മേളനത്തിൽ പ്രകാശനം ചെയ്തു. അർത്തുങ്കൽ സെന്റ്. ആൻഡ്രൂസ് ബസിലിക്ക റെക്ടർ റവ. ഫാ. സ്റ്റീഫൻ ജെ. പുന്നയ്ക്കൽ കെ സി ബി സി ഫാമിലി കമ്മിഷൻ സെക്രട്ടറി ഫാ. ക്ളീറ്റസ് കതിർപറമ്പിലിന് നൽകിയാണ് പ്രകാശനകർമ്മം നിർവ്വഹിച്ചത്.

അമ്മയുടെ ഉദരത്തിൽ ഒരു പുതുജീവൻ ഉരുവാകുന്ന നിമിഷം മുതൽ ജീവൻ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അതിന് അമ്മമനസ്സിന്റെ ശാരീരിക മാനസിക ആത്മീയ പരിരക്ഷ അനിവാര്യമാണ്. ഗർഭവതികളുടെ മാനസിക ശാരീരിക ആത്മീയ കരുതൽ എപ്രകാരമെന്ന് പറഞ്ഞ് തരുന്ന പുസ്തകമാണ് ഉദരഫലം അനുഗ്രഹീതം. ആരോഗ്യ, മാസിക, ആത്മീയ മേഖലകളിലുള്ളവരുടെ ലേഖനങ്ങളടങ്ങിയ പുസ്തകത്തിന്റെ എഡിറ്റർ കെ ആർ എൽ സി ബി സി ഫാമിലി കമ്മിഷൻ സെക്രട്ടറി ഫാ. എ ആർ ജോൺ നിർവ്വഹിച്ചിരിക്കുന്നു.

ഗർഭവതികൾക്കും അവരെ പരിചരിക്കുന്നവർക്കും വേണ്ടി നടത്തപ്പെടുന്ന എലീശ്വാ ധ്യാനത്തിന് കൈപുസ്തകമായി ഇത് ഉപയോഗിക്കാൻ സാധിക്കും. ജീവൻ ബുക്സാണ് പ്രസാധകർ. രൂപത കുടുംബശുശ്രൂഷ കാര്യാലയങ്ങളിലും ബുക്ക് സ്റ്റോറുകളിലും പുസ്തകം ലഭ്യമാകും.

# ദൈവദാസൻ
# മോൺ. റൈനോൾഡ്സ് പുരയ്ക്കൽ



ആലപ്പുഴ രൂപതയിലെ ചെത്തി ഇടവകയിൽ പുരയ്ക്കൽ കുഞ്ഞുവർക്കി ജോസഫിന്റെയും മറിയക്കുട്ടിയുടെയും മുത്ത മകനായി 1910 ഡിസംബർ 28നാണ് മോൺ. റൈനോൾഡ്സ് പുരയ്ക്കൽ ജനിച്ചത്. വിരുദ്ധ പൈതങ്ങളുടെ തിരുനാൾ ദിനമായ ഡിസംബർ 28ന് ജനിച്ചത് കേവലമൊരു യാദൃച്ഛികതയായിരുന്നില്ല. ഒരു ദൈവനിയോഗം തന്നെയായിരുന്നു എന്നത് അദ്ദേഹത്തിന്റെ ശിഷ്യകാല ജീവിതം സാക്ഷ്യപെടുത്തുന്നു. തികഞ്ഞ ദൈവഭക്തിയുടെ പശ്ചാത്തലത്തിൽ വളർന്നുവന്ന അദ്ദേഹം ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയപ്പോൾ വൈദിക പഠനത്തിനായി 1928 ജൂലൈ 21ന് ആലപ്പുഴ തിരുഹൃദയ സെമിനാരിയിൽ ചേർന്നു. ആലപ്പുഴ തിരുഹൃദയ സെമിനാരി, മഞ്ഞുമ്മൽ കാർമൽ വില്ല, മംഗലപ്പുഴ സെമിനാരി എന്നിവടങ്ങളിൽ വൈദികപഠനം പൂർത്തിയാക്കിയ അദ്ദേഹം 1937 ജൂലൈ 18ന് കൊച്ചി രൂപത അരമന ചാപ്പലിൽ വച്ച് ഡോം അബിലിയോ അഗുസ്തോവാസ് നേവിസ് മെത്രാനിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. ആ വർഷം തന്നെ അദ്ദേഹത്തെ ആലപ്പുഴ സെന്റ് ആന്റണീസ് ഓർഫനേജിന്റെ അസി.ഡയറക്ടറായി നിയമിച്ചു. 1940ൽ ഓർഫനേജ് ഡയറക്ടർ ഫാ. ട്രിൻഡാഡിന്റെ സ്ഥലം മറ്റത്തെത്തുടർന്ന് കുട്ടികളുടെ പൂർണ്ണ ചുമതലയുള്ള ഡയറക്ടറായി അദ്ദേഹം നിയമിതനായി. ഇടക്കാലത്ത് കുറഞ്ഞ ഒരിടവേളയിൽ (1971) പി.ഒ. സി. ഡയറക്ടറായും ചെത്തി വികാരിയായും മാറിനിന്നതൊഴിച്ചാൽ ജീവിതാന്ത്യം വരെ അദ്ദേഹമായിരുന്നു സെന്റ് ആന്റണീസ് അനാഥാലയത്തിന്റെ ഡയറക്ടർ. 1988 ഒക്ടോബർ 14-ാം തീയതി അദ്ദേഹം സ്വർഗ്ഗീയപിതാവിന്റെ പക്കലേയ്ക്ക് യാത്രയായി. സഭ അദ്ദേഹത്തെ 2005 ഒക്ടോബർ 14-ാം തീയതി ദിവ്യകാരുണ്യ പ്രേഷിതനായും 2013 ഫെബ്രുവരി 18ന് ദൈവദാസനായും പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ നാമകരണ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

**ST. ANTONY'S ORPHANAGE**

**CONVENT SQUARE, SEA VIEW WARD, ALAPPUZHA - 688001. Ph. 0477 2244356, 62382 99298**

# കൗൺസിലിംഗ് ഡയറക്ടറി

## കൗൺസിലിംഗ് സെന്റർ & ഇൻസ്റ്റിറ്റ്യൂട്ട്

ആശ്രയ്, കൊച്ചി രൂപത 90613 55337

സൈക്കോ സ്പിരിച്വൽ
കൗൺസിലിംഗ് സെന്റർ & ഇൻസ്റ്റിറ്റ്യൂട്ട്,
തിരുവനന്തപുരം അതിരൂപത 82811 23941

## കൗൺസിലിംഗ് സെന്റർ

പുനർജനി സൈക്കോ- സോഷ്യോ-
സ്പിരിച്ചൽ സെന്റർ,
നെയ്യാറ്റിൻകര രൂപത 94956 28305

സാന്ത്വനംസൈക്കോ- സോഷ്യോ-
സ്പിരിച്ചൽ ഓറിയന്റേഷൻ
കോഴിക്കോട് രൂപത 82817 64979

ആശ്വാസ് കൗൺസിലിംഗ് സെന്റർ,
മറൈൻ ഡ്രൈവ്, എറണാകുളം,
വരാപ്പുഴ അതിരൂപത 0484 6524311

കൃപ കൗൺസിലിംഗ് സെന്റർ,
കോട്ടപ്പുറം രൂപത 70349 03733

**FAMILY HELP LINE | 94 00 10 10 44**

# കൗൺസിലേഴ്സ്

## നെയ്യാറ്റിൻകര രൂപത

| | |
|---|---|
| റവ. ഫാ. ജോസഫ് രാജേഷ് | 9495628305 |
| റവ. ഫാ. ജെറാൾഡ് മത്തിയാസ് | 9447419541 |
| റവ. ഫാ. ക്ലീറ്റസ് റ്റി | 9447931029 |
| ഡോ. ജോയ് | 9447140405 |
| ശ്രീ. സുരേഷ് | 9387830049 |

## തിരുവനന്തപുരം അതിരൂപത

| | |
|---|---|
| റവ. ഫാ. സണ്ണി | 9995320028 |
| റവ. ഫാ. സുരേഷ് പയസ്സ് | 9995320028 |
| റവ. സി. ഗേർട്ടി | 9446851055 |
| റവ. സി. വിനിത | 9744784728 |
| ശ്രീമതി. മെഫോൾഡ | 9633836364 |
| ശ്രീ. യേശുദാസ് ഒളിവർ | 9446053376 |
| ഡോ. ഷിജി ഷെൽട്ടൺ | 8921715164 |
| റവ. സി. തേരിസ് മാർട്ടിൻ | 9495436477 |
| റവ. ഫാ. റോസ് മാത്യു | 9037712883 |
| റവ. സി. ജോസ്ന | 9744362665 |
| റവ. സി. മാഗ്ഗി | 9567654998 |
| റവ. സി. സാലി | 9407135323 |
| റവ. സി. നിത്യ | 7066466640 |
| റവ. സി. തങ്കമ്മ | 8281123941 |
| റവ. സി. സെലിൻ | 9633971863 |
| ശ്രീ. ബാബു | 8301086800 |
| ശ്രീമതി. ലിസ്സി | 8590879115 |
| ഡോ. ഫാ. എ ആർ ജോൺ | 9895092479 |

# കൗൺസിലേഴ്സ്

## പുനലൂർ രൂപത

| | |
|---|---|
| റവ. ഫാ. ജോസ് വർഗ്ഗീസ് | 8075753741 |
| റവ. സി. ബെനീറ്റ | 9495393103 |
| റവ. സി. ഫൗസ്റ്റീന | 9497009857 |
| റവ. ഫാ. വിനീത് ബനഡിക്റ്റ് | 9562727153 |
| റവ. ഫാ. ഡാനിമോൻ | 9037198086 |
| റവ. ഫാ. സാംഷൈൻ | 9447861209 |

## കൊല്ലം രൂപത

| | |
|---|---|
| റവ. ഡോ. ഫാ. ജോസഫ് പുത്തൻവീട് | 9739060758 |
| റവ. ഫാ. ബേണി | 8606123331 |
| റവ. ഫാ. ജെസ്മെൻ | 9605358411 |
| റവ. ഫാ. ജോസ് നെറ്റോ | 9447253007 |
| റവ. സി. ബെർണാഡിൻ മേരി | 7902371051 |
| സി. സാൻഡ്ര | 807294933 |
| ശ്രീ. ജോസഫ് മാല്ലിയർ | 8078923760 |
| ശ്രീ. റ്റെംസി | 9495131800 |
| ശ്രീ. ആന്റോ | 8547555045 |
| ശ്രീ. മാക്സ്‌വെൽ ജോർജ് | 9846400020 |
| ശ്രീമതി. മേരി ബെറ്റ്സി വുഡ് | 9446906162 |
| ശ്രീമതി. ഷാർലെറ്റ് ഡിക്സൻ | 9446506653 |
| ശ്രീ. ഹില്ലാരി | 9496129178 |
| ഡോ. സിൻഡ മെൻഡെസ് | 9895443073 |
| റവ. സി. റെറ്റ്സൽ | 9496085962 |
| റവ. സി. നോമ | 8281314436 |
| റവ. സി. പെറ്റ്യൂല | 8281750096 |

# കൗൺസിലേഴ്സ്

## ആലപ്പുഴ രൂപത

| | |
|---|---|
| റവ. ഫാ. ജോസാൽഡ് | 7306629291 |
| റവ. ഫാ. രാജേഷ് പൊള്ളയിൽ | 8592990891 |
| റവ. ഫാ. സിജു പള്ളിയാപ്പറമ്പിൽ | 9497634623 |
| റവ. ഫാ. റ്റോമി കുരുശ്ശിങ്കൽ | 7559098404, 8848733637 |
| ശ്രീ. ബിലാൽ അർത്തുങ്കൽ | 9846840401 |
| ശ്രീമതി. മഞ്ചു | 9446918458, 7012572502 |
| റവ. സി. ജാനെറ്റ് | 6282858015, 9495571729 |
| റവ. ഫാ. ഫ്രാൻസിസ് കൊടിയനാട് | 9446331929 |
| റവ. സി. റോഷൻ | 8590939690 |

## വരാപ്പുഴ അതിരൂപത

| | |
|---|---|
| റവ. ഫാ. വിൻസന്റ് വാര്യത്ത് | 9895625529 |
| റവ. സി. ലിജി | 6374021182 |
| റവ. ഫാ. ജീൻ ഫെലിക്സ് കറ്റശ്ശേരി | 8281178681 |
| റവ. ഡോ. ഫാ. രാജീവ് | 9739060758 |
| റവ. ഡോ. ഫാ. ബോബി സേവ്യർ | 7025291530 |
| ഡോ. ശരത്ത് | 9400333992 |
| ശ്രീ. ജോസ് പ്രകാശ് | 9447092726 |
| ശ്രീ. റീത്താ ജാക്സൺ | 9746060274 |

## സുൽത്താൻപേട്ട് രൂപത

| | |
|---|---|
| റവ. ഫാ. ഫ്രാൻസിസ്സ് സേവ്യർ | 9947701056 |
| റവ. ഫാ. യേശുദാസ് | 9539297698 |
| റവ. ഫാ. ജോളി | 9747474474 |
| ശ്രീമതി തെരേസ | 8136980698 |
| ശ്രീ. ജോൺ മൈക്കിൾ (തമിഴ്) | 9486586692 |

# കൗൺസിലേഴ്സ്

## കോട്ടപ്പുറം രൂപത

| | |
|---|---|
| ഡോ. അനുപ് വിൻസന്റ് | 9387914387 |
| റവ. ഫാ. ജിജു അറക്കത്തറ | 8156924995 |
| റവ. സി. റോസ് ജോസ് | 9495715076 |
| റവ. സി. റോസ്മിൻ | 7034366722 |
| ശ്രീമതി. സിജി ജിൻസൺ | 8281288068 |
| റവ. ഫാ. മിഥുൻ മെന്റസ് | 8547394133 |
| റവ. ഫാ. നിമേഷ് അഗസ്റ്റിൻ | 9562563717 |

## കൊച്ചി രൂപത

| | |
|---|---|
| റവ. ഫാ. ഷിൽട്ടൺ ജോർജ്ജ് | 7356076162 |
| ശ്രീമതി. ബ്ലെസ്സി ബഞ്ചമിൻ | 9061355337 |

## കണ്ണൂർ രൂപത

| | |
|---|---|
| റവ. സി. ജെസ്സി ജോസഫ് | 9756732534 |
| റവ. സി. സാന്ദ്ര | 8072946933 |
| ശ്രീമതി. മേരി ആൻ | 9496817132 |

## കോഴിക്കോട് രൂപത

| | |
|---|---|
| റവ. ഡോ. സണ്ണി പതിനാറിടത്ത് | 7510320721 |
| റവ. ഫാ. ജിജു പള്ളിപ്പറമ്പിൽ | 9847274114 |
| റവ. ഫാ. മാർട്ടിൻ ഇലഞ്ഞിപ്പറമ്പിൽ | 9447874731 |
| റവ. ഫാ. ജോസഫ് അനിൽ | 9895270749 |
| റവ. ഫാ. ഡാനി ജോസഫ് | 8891889093 |
| റവ. സി. സിമി ജോസഫ് | 7592887550 |
| റവ. സി. ലിനെറ്റ് സെബാസ്റ്റ്യൻ | 7592887550 |
| റവ. സി. മുരള്യ | 9744620768 |
| റവ. സി. സൗമ്യ വടക്കേടത്ത് | 9495377307 |
| റവ. സി. കാതറിൻ ചാക്കോ | 9447750465 |

# കൗൺസിലേഴ്സ്

## കോഴിക്കോട് രൂപത

| | |
|---|---|
| റവ. സി. ആഗ്നസ് | 7025755251 |
| റവ. സി. ആൻസലിൻ | 7592998178 |
| റവ. സി. റൊസീന | 9387752158 |
| റവ. സി. സലിൻ | 4952370742 |
| റവ. സി. വിജയ | 9567064027 |
| റവ. സി. ജെയ്ൻ | 9495377307 |
| റവ. സി. ഹരിത | 9207812630, 9562533107 |
| ശ്രീമതി. ബെനീറ്റ പെരേര | 9961462077 |
| ശ്രീമതി. ഷൈനി റ്റി എസ് | 9605295026 |
| ശ്രീമതി. ജിഷ കുറുപ്പത്ത് | 9961293805 |
| ശ്രീമതി. ആതിര ഏലിയാമ്മ | 9447013620 |
| ശ്രീ. മുരളീധരൻ മുല്ലമറ്റം | 9895218491 |
| ശ്രീ. സജിൻ ഫ്രാൻസിസ് | 7012649659 |
| റവ. സി. മറീനി | 9847427739 |
| റവ. സി. മേരി ജോസഫ് | 9544268087 |
| ശ്രീമതി. ക്ലാര പീറ്റർ | 9061667969 |
| ശ്രീമതി ഷൈനി | 9645272000 |
| റവ. സി. സെലിൻ | 8156911544 |
| ശ്രീ. സുനിത് | 8547236499 |
| ശ്രീ. ബാസ്റ്റിൻ ആന്റണി | 8129261477 |

# Jubilee Memorial Hospital

**Latin Archdiocese of Trivandrum**

**NABH entry level**

*Little Flower College of Nursing*



CARDIAC CATHLAB



ANGIOGRAM, ANGIOPLASTY



- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 4005300,2334561, 6452020, Fax: 0471- 2330925

E-mail: jubileehospital@hotmail.com, www.jubileehospital.org

**ദിനവും കുടുംബങ്ങളിൽ**
**മാധ്യമ മുക്ത മണിക്കൂർ**
**(Digital Free Family Hour)**
**പാലിക്കാം...**

**കുടുംബാംഗങ്ങൾ ഒരുമിച്ച്**
**പ്രാർത്ഥിക്കുന്നു**
**ഭക്ഷിക്കുന്നു**
**സ്നേഹസംഭാഷണം നടത്തുന്നു...**



# വിദേശ പഠനം...
# ജോലി...

**ഇനി മുതൽ**
**കുറഞ്ഞ ചിലവിലും**
**കൂടുതൽ**
**വിശ്വാസ്യതയോടെയും**




# ECL Academy

An Institute by
**Samhathi Educational Services**


Fr.Antony Jacob
Chairman


Robert Kannanchira
Director

## COURSES AND SERVICES

### 3-YEAR NURSING STUDY IN GERMANY
- Monthly stipend of about Rs. One Lakh during the course
- Job assured after the course
- Total costs less than Rs. 5 Lakhs
- Scholarships for deserving students
- Loan facility from own financial institution
- Support services in Germany

### JOB FOR B.Sc. NURSES
- One Year German Language Training
- Special Loan scheme, even to repay existing education loan
- Job assured as per qualification
- Support services in Germany

### GRADUATION IN GERMANY
- Choose from wide range of job-oriented courses
- Support services in Germany
- Loan facility

### MASTERS (PG) IN GERMANY
- Choose from several job-oriented courses
- Support services in Germany

### FORTHCOMING INITIATIVES
- Language Training in English, Japanese and Swedish
- Career Guidance Centre
- HR Training Institute

Samhathi Campus, Mararikulam N. P. O, Alappuzha-688523 Kerala, India
Mail: samhathi.edu@gmail.com Ph: 9846100671, 9846100678 Website : samhathieducationalservices.com